# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

Vol. 14/ Issue 04
April 2023



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY



# ഈസ്റ്റർ ആശംസകൾ

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 ഏപ്രിൽ 2023 ലക്കം 4

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ........................................................................ | 7 |
| രൂപതാ കച്ചേരി വാർത്തകൾ................................................. | 10 |
| മതബോധനരംഗം ....................................................................... | 17 |
| ചെറുപുഷ്പ മിഷൻലീഗ്........................................................ | 32 |
| Department of Youth Ministry ........................................ | 38 |
| കെ.സി.വൈ.എം.......................................................................... | 41 |
| കുടുംബപ്രേഷിതത്വം.............................................................. | 47 |
| സീയോൻ വാർത്ത..................................................................... | 57 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി................................... | 59 |
| സാമൂഹ്യ സേവനരംഗം (WSSS)........................................... | 63 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. | 68 |
| ബയോവിൻ അഗ്രോ റിസർച്ച്................................................ | 73 |
| റേഡിയോ മാറ്റൊലി ............................................................... | 75 |
| കത്തോലിക്കാ കോൺഗ്രസ്................................................... | 77 |
| ജീസസ് ഫ്രട്ടേണിറ്റി................................................................. | 83 |
| Mary Matha Arts & Science College............................... | 84 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................... | 89 |
| ബിഷപ്സ് പ്രോഗ്രാം ............................................................... | 95 |

# സർക്കുലർ

**Prot. No. 27448/2023**

**Circular No. 1/2023**

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരങ്ങളേ പ്രിയപ്പെട്ട കുട്ടികളേ,

വലിയ നോമ്പിന്റെ അവസാന ഘട്ടത്തിലാണല്ലോ നമ്മൾ. കൂദാശകളുടെ സ്വീകരണത്തോടൊപ്പം വിശ്വാസ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് പ്രാർത്ഥനയും നോമ്പും ഉപവാസവും പ്രായശ്ചിത്ത പ്രവൃത്തികളും. ഇവയുടെയെല്ലാം ലക്ഷ്യം നമ്മെ ഓരോരുത്തരെയും നമ്മുടെ കർത്താവിന്റെ മൗതിക ശരീരത്തിന്റെ അവയവങ്ങൾക്ക് ആവശ്യമായ വിശുദ്ധിയിലേക്ക് നയിക്കുക എന്നതാണ്. അതിലൂടെ നാം ലക്ഷ്യം വയ്ക്കുന്നതാകട്ടെ നമ്മുടെ കർത്താവിനേപ്പോലെ ദൈവത്തിന് സ്വീകാര്യമായ ബലിവസ്തുക്കൾ ആയിത്തീരുക എന്നതും. പാപപങ്കിലമായ മനുഷ്യവംശത്തെ മുഴുവൻ ദൈവവുമായി കൂട്ടിയോജിപ്പിക്കാനാണത്. അങ്ങനെ നാം കർത്താവിന്റെ രക്ഷാകര ദൗത്യത്തിൽ പങ്ക് ചേരുന്നു.

കറയും കളങ്കവുമില്ലാത്ത ബലി വസ്തുക്കൾ ആകുമ്പോൾ നാം കർത്താവുമായി ഒന്നായിത്തീരുന്നു. വി. യോഹന്നാന്റെ ഭാഷയിൽ അപ്പോൾ നാം ''*ഏകദൈവമായ അവിടുത്തെയും അവിടുന്നയച്ച ഈശോമിശിഹായേയും അറിയുന്ന (യോഹ. 17:3)*'' വരാകുന്നു. ആ അവസ്ഥയാണ് ഉയിർപ്പിന്റെ ആനന്ദം. ആ ആനന്ദത്തിലേക്കാണ് നോമ്പും ഉപവാസവുമെല്ലാം നമ്മെ എത്തിക്കേണ്ടത്.

സാധാരണയായി നമ്മൾ ഉയിർപ്പ് ഞായറാഴ്ച വെളുപ്പിന് 3 മണിയോടെയാണ് ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ ആചരിക്കുന്നത്. സാബത്ത് ദിവസമായ ശനിയാഴ്ചയുടെ പിറ്റെ ദിവസം

വെളുപ്പിന് ഈശോയുടെ കല്ലറ സന്ദർശിച്ചവർ ശൂന്യമായ കല്ലറ കണ്ട സാക്ഷ്യമനുസരിച്ച് ആ സമയത്താണ് ഈശോ ഉയിർത്തത് എന്ന നിഗമനത്തിലാണ് മേൽപ്പറഞ്ഞ പ്രകാരം ഉയിർപ്പിന്റെ കർമ്മങ്ങൾ നടത്തി വന്നത്. എന്നാൽ പാശ്ചാത്യസഭ അടക്കം മറ്റ് എല്ലാ കത്തോലിക്കാ സഭകളിലും ദു:ഖശനി വൈകുന്നേരം നടത്തുന്ന ജാഗരണ പ്രാർത്ഥനയുടെ അവസാനമാണ് ഉയിർപ്പിന്റെ കർമ്മങ്ങൾ നടത്തുന്നത്. നവീകരിച്ച ക്രമമനുസരിച്ച് നമ്മുടെ സഭയിലും അങ്ങനെ വിഭാവനം ചെയ്തിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണം ഭയന്നും, മറ്റ് പല കാരണങ്ങളാലും നമ്മുടെ രൂപതയിലും പല ഇടവകകളിലും നിലവിൽ ശനിയാഴ്ച രാത്രിയിലാണ് ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ നടത്തി വരുന്നത്. ഈ രീതി നമ്മുടെ എല്ലാ ഇടവകളിലും പ്രാവർത്തികമാക്കുന്നത് ഉചിതമായിരിക്കും എന്ന അഭിപ്രായം പല ഇടവകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. അക്കാര്യം 2023 മാർച്ച് മാസം പത്താം തീയതി ചേർന്ന ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുടെ ഓൺലൈൻ മീറ്റിംഗിലും പതിനൊന്നാം തീയതി ചേർന്ന പാസ്റ്ററൽ കൗൺസിലിലും ചർച്ച ചെയ്തു. പ്രസ്തുത മീറ്റിംഗുകളിൽ എല്ലാവരും തന്നെ അതിനോട് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. താത്പര്യമുള്ളവർക്ക് പഴയതുപോലെ തുടർന്ന് കൂടേ എന്ന് ചിലർ അഭിപ്രായപ്പെട്ടെങ്കിലും എല്ലാ ഇടവകകളിലും ഒരേ സമയത്ത് തന്നെ നടത്തുന്നതാണ് ഉചിതം എന്നാണ് ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടത്.

ഏത് സമയത്ത് തിരുക്കർമ്മങ്ങൾ ആരംഭിക്കണം എന്ന കാര്യം വിശദമായ ചർച്ചക്ക് ശേഷം ശനിയാഴ്ച വൈകുന്നേരം 8 മണി മുതൽ 10 മണി വരെയുള്ള സമയമാണ് പൊതുവായി അംഗീകരിച്ചത്. ആയതിനാൽ 2023 ഉയിർപ്പു തിരുനാളിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ ദുഃഖശനിയാഴ്ച വൈകുന്നേരം 8 മണിക്ക് ആരംഭിച്ച് 10 മണിക്ക് അവസാനിക്കത്തക്കവിധമാണ് ക്രമീകരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം യഥാസമയം പള്ളികളിൽ അറിയിക്കേണ്ടതാണ്.

ഏവർക്കും ആസന്നമായ ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിന്നുള്ള ശാന്തിയും സമാധാനവും നിങ്ങളുടെ ഹൃദയങ്ങളിലും മനസ്സുകളിലും നിറയട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2023 മാർച്ച് മാസം 20 ന് നല്കപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**N.B.** ഈ സർക്കുലർ 2023 ഏപ്രിൽ 02 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ തന്നെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ തുടങ്ങിയവരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്യാനും അഭ്യർത്ഥിക്കുന്നു.

## രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 20-ാം ചരമ വാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തിയതി വ്യാഴാഴ്ചയാണ്. പക്ഷെ അന്നേദിവസം പെസഹാ വ്യാഴാഴ്ച ആയതിനാൽ ഏപ്രിൽ 4 ചൊവ്വാഴ്ച, കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുകർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

ഏപ്രിൽ 5 ന് ബഹു. തോമസ് തുരുത്തേലച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ  മണക്കാട്ടുമറ്റം അച്ചന്റെയും, ഏപ്രിൽ 15 ന് ബഹു. ജേക്കബ് നരിക്കുഴി അച്ചന്റെയും, ഏപ്രിൽ 21 ന് ബഹു. അഗസ്റ്റി കണ്ണാടിക്കരയച്ചന്റെയും, ഏപ്രിൽ 29 ന് ബഹു. ജേസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെയും  ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമാപനം**

മാനന്തവാടി രൂപത സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2023 മെയ് മാസം ഒന്നാം തിയ്യതി തിങ്കളാഴ്ച നടത്തപ്പെടുകയാണ്. ചടങ്ങുകൾ  മെയ് ഒന്നാം തിയ്യതി രാവിലെ 9.15 ന് വി. കുർബാനയോടെ പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും.11 മണിക്ക് പൊതുസമ്മേളനം ആരംഭിക്കും. അന്നേ  ദിവസം ഭാരതത്തിന്റെ അപ്പസ്തോലിക്ക്  ന്യുൺഷ്യോ  മോസ്റ്റ് റവ. ലെയോപ്പോൾഡോ ജിറെല്ലിയും മേജർ ആർച്ച്  ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവും പ്രധാന അഥിതികളായിരിക്കും.

**ജൂബിലി സമാപനം - പങ്കെടുക്കേണ്ടവർ:**

1. 400 നു മുകളിൽ വീടുകളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അത്മായരുടെ എണ്ണം 50

2. 200 നും 400 നു ഇടയിൽ വീടുകളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അത്മായരുടെ എണ്ണം 40

3. 100 നും 200 നു ഇടയിൽ വീടുകളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അത്മായരുടെ എണ്ണം 25

4. 100 നു താഴെ വീടുകളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കേണ്ട അത്മായരുടെ എണ്ണം 10

(ഇടവകയിൽ നിന്നും നിർബന്ധമായും ഉൾപ്പെടുത്തേണ്ടവർ: കൈക്കാരന്മാർ, കപ്യാർ, സെക്രട്ടറി, സൺഡേസ്കൂൾ പ്രധാനാധ്യാപകർ, മതാധ്യാപകർ, കുടുംബ യൂണീറ്റു അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ).

5. എല്ലാ രൂപതാ വൈദികർ, രൂപതയിൽ സേവനം ചെയ്യുന്ന സന്യസ്ത വൈദികർ, ബ്രദേഴ്സ്, സന്യാസിനികൾ

6. രൂപതാ ഫോറോനാ സംഘടനാ ഭാരവാഹികൾ

7. രൂപതാ വൈദിക വിദ്യാർത്ഥികൾ

8. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

9. എല്ലാ സ്കൂളുകളിലെയും (including English Medium) പ്രധാനാധ്യാപകർ

**NB: ഏപ്രിൽ 15 നു മുമ്പായി ഇടവകയിൽ നിന്ന് ജൂബിലി സമാപനത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഫൊറോനാ വികാരിമാരെ ഏല്പിക്കുമല്ലോ.**

## പരി. അമ്മയുടെ തിരുസ്വരൂപപ്രയാണ സമാപനം

നമ്മുടെ രൂപതയുടെ സുവർണ്ണജൂബിലിയുടെ ഭാഗമായി കഴിഞ്ഞ ഒക്ടോബർ 1 ന് നമ്മൾ ആരംഭിച്ച പരി. അമ്മയുടെ തിരുസ്വരൂപ പ്രയാണം വളരെ മനോഹരമായി രൂപതയുടെ 160 ഇടവകകളിലും സ്വീകരണം ഏറ്റുവാങ്ങി മാർച്ച് 25 ന് ശനിയാഴ്ച മംഗലവാർത്താ തിരുനാൾ ദിവസം ദ്വാരക സെന്റ് അൽഫോൻസാ ഫൊറോനാ പ്പള്ളിയിൽ സമാപിച്ചു. മൊതക്കര ഇടവകയിൽനിന്നും വാഹന അകമ്പടികളോടെ കൊണ്ടുവന്ന തിരുസ്വരൂപത്തിന് വൈകിട്ട് 5 മണിക്ക് നാലാംമൈൽ ടൗണിൽ ആഘോഷമായ സ്വീകരണം നൽകി. ഇടവകാംഗങ്ങളും മറ്റുവിശ്വാസികളും ചേർന്ന് വാദ്യമേളത്തോടെ ദേവാലയത്തിലേക്കു സ്വീകരിച്ചു. തുടർന്ന് 6 മണിക്ക് രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന. പെരിയ ബഹു. ജനറളാച്ചൻ ഫാ. പോൾ മുണ്ടോളിക്കൽ, ജൂബിലി ജനറൽ കൺവീനർ ബഹു. ഫാ. ബിജു മാവറ എന്നിവർ സഹകാർമ്മികരായിരുന്നു.

വി. കുർബാനയ്ക്കുശേഷം തിരുസ്വരൂപം വഹിച്ചുകൊണ്ട് ദേവാലയം ചുറ്റിയുള്ള ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണവും നേർച്ച ഭക്ഷണവും ഉണ്ടായിരുന്നു.

തിരുസ്വരൂപ പ്രയാണം ഏറ്റവും ഭംഗിയാക്കാൻ ശ്രമിച്ച ബഹു. എല്ലാ ഫൊറോനാ വികാരിമാർക്കും, ബഹു. അച്ചന്മാർക്കും കോർഡിനേറ്റർമാർക്കും ബഹു. സന്യാസിനി സന്യാസികൾക്കും ഇടവക ജനത്തിനും നന്ദി അറിയിക്കുന്നു.

തിരുസ്വരൂപ പ്രയാണത്തിന്റെ രൂപതാ കോർഡിനേറ്ററായി പ്രവർത്തിച്ച ബഹു. ഫാ. സോണി വാഴകാട്ട് അച്ചന് പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കൈക്കകൊരന്മാർക്കുള്ള കോഴ്സ്**

കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ ആകണമെന്ന് നിർബന്ധമുണ്ടല്ലോ. (രൂപതാ ബുള്ളറ്റിൽ 2023 മാർച്ച് പേജ് 23) പൊതുയോഗതീരുമാനവും തെരട്ടും അംഗീകാരത്തിനായി രൂപതയിൽ സമർപ്പിക്കുമ്പോൾ കോഴ്സിന്റെ സർട്ടിഫിക്കറ്റിന്റെ ഒരോ കോപ്പി കൂടി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന സമയത്ത് കോഴ്സ്സിൽ സംബന്ധിക്കാത്തവർ ഏപ്രിൽ 26 നോ മെയ് 27 നോ ദ്വാരക പാസ്റ്ററൽ സെൻ്ററിൽ വച്ച് നടത്തുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റിന്റെ കോപ്പി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഇടവകയുടെ പെതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗനുമായി കൊണ്ടുവരുമ്പോൾ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്:**

**വികാരി ജനറാളിന്റെ വിലയിരുത്തലിന്:**

1. വാർഷിക തെരട്ട്ബുക്ക്
2. വാർഷിക പൊതുയോഗമിനിട്സിന്റെ പകർപ്പ്
3. 2023-2024 വർഷത്തിലേക്കുള്ള അംഗീകരിച്ച ബഡ്ജറ്റ്
4. വർഷികതെരട്ടിന്റെ 2 കോപ്പികൾ
5. 10% രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരൻമ്മാരുടെ പ്രതിജ്ഞാപത്രം
7. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിന്റെ വാർഷിക മെയിന്റ്നൻസ് ചാർജ്ജ് അടച്ചതിന്റെ രസീത്

8. സുരക്ഷിത ചുറ്റുപട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ചതിന്റെ സർട്ടിഫിക്കറ്റ്

**ഓഡിറ്റേഴ്സിന്റെ പരിശോധയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out

- Daybook (നാൾവഴി)
- Ledger
- Annual statement of Receipt and Payment 2 കോപ്പി (1 കോപ്പി Ledger ന്റെ കൂടെ bind ചെയ്യണം, 1 കോപ്പി ഓഡിറ്റേഴ്സിന് നൽകുവാൻ)

2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ
4. ബില്ലുകൾ, വൗച്ചറുകൾ, രസീത്കുറ്റികൾ
5. FD രസീതുകൾ

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചന്മാർ മുൻകൈ എടുത്ത് പ്രസ്തുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂക്ഷിക്കേണ്ടതും ഒരുകോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ.ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗതീരുമാനങ്ങളുടെ അംഗീകാരവും മെയ് 6 ന് സേക്രട്ട് ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത്.

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട്

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ 11-3-2023 ന് റവ. സി. ഗ്രേസി ബി.പി. എസ് നയിച്ച ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. മോൺ. പോൾ മുണ്ടോളിക്കൽ യോഗത്തിന്റെ അജണ്ട വിശദീകരിച്ചുകൊണ്ട് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനെ പൂച്ചെണ്ട് നൽകി മാനന്തവാടി പാസ്റ്ററൽ കൗൺസിലിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് നടത്തിയ ആമുഖപ്രസംഗത്തിൽ ജൂബിലി സമാപനം ഗംഭീരമാക്കുവാനും ദൈവത്തെ കണ്ടെത്തുവാൻ ദൈവജനത്തെ സഹായിക്കണമെന്നും ആഹ്വാനം ചെയ്തു. റവ. ഫാ. ബിജു മാവറ ജൂബിലി വർഷ പ്രവർത്തനങ്ങൾ വിശദീകരിച്ചു. രൂപത, ഫൊറോന, ഇടവക തലങ്ങളിലായി ഭവനനിർമ്മാണം, പ്രവാസി സംഗമം, മാതാവിന്റെ തിരുസ്വരൂപപ്രയാണം, ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാടനം തുടങ്ങി 50 തോളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നതായി അറിയിച്ചു. തുടർന്ന് റവ. ഫാ. ജോൺ പൊൻപാറയ്ക്കൽ 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകളും 2023-24 വർഷത്തെ ബഡ്ജറ്റും വളരെ വിശദമായി അവതരിപ്പിച്ചു. കണക്കും ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ ശ്രീ ജോയി ചാച്ചിറ, റവ. ഫാ. ജോൺ ചൂരപ്പുഴ, ശ്രീ സോയി ആന്റണി, റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, റവ. ഫാ. കുര്യൻ വാഴയിൽ,സാലു അബ്രഹാം, റവ. ഫാ. മനോജ് കാക്കോനാൽ എന്നിവർ സംസാരിച്ചു.

മാനന്തവാടി രൂപതയുടെ പഞ്ചാബ് മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചും സ്ഥിതി വിശേഷങ്ങളെക്കുറിച്ചും റവ. ഫാ. സജി നെടുംങ്കല്ലേൽ വിശദീകരിച്ചു. മാനന്തവാടി രൂപതയിൽ നിന്നും 3 വൈദികർ പഞ്ചാബ് മിഷനിൽ സേവനം ചെയ്യുന്നതിനെക്കുറിച്ചും അവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളും, അവരെ നമ്മൾ സഹായിക്കേണ്ടതിനെക്കുറിച്ചും സജിയച്ചൻ വിശദീകരിച്ചു. പഞ്ചാബ് മിഷനെക്കുറിച്ചുള്ള

ചർച്ചയിൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ, റവ. ഫാ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ എന്നിവർ പങ്കെടുത്തു. മിഷൻ ലീഗ്, മതബോധന പ്രസ്ഥാനങ്ങളിലൂടെ കുട്ടികളിൽ പ്രേഷിതാഭിമുഖ്യം വളർത്തുന്നതിനും പഞ്ചാബ് മിഷനെ സഹായിക്കാനുള്ള മനോഭാവവും പ്രവർത്തനങ്ങളും വളർത്തിയെടുക്കുക, കൂടുതൽ വൈദികരെ പഞ്ചാബ് മിഷന് നിയോഗിക്കുക, പഞ്ചാബ് മിഷനുവേണ്ടി പൊതുപിരിവ് എടുക്കുക, അവരുടെ പ്രവർത്തനങ്ങൾ മാനന്തവാടി രൂപതയിലെ പരമാവധി ആളുകളെ അറിയിക്കുവാൻ മീഡിയ വിംങ്ങ് വാർത്തകൾ കൊടുക്കുക, വാട്സ് ആപ്പ് കൂട്ടായ്മ ഉണ്ടാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നു.

തുടർന്നുള്ള പൊതുചർച്ചക്ക് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോസ് മാത്യു പുഞ്ചയിൽ നേതൃത്വം നൽകി. ചർച്ചയിൽ റവ. സി. ലിൻസ എസ് കെ ടി, റവ. ഫാ. പോൾ കൂട്ടാല, ശ്രീ ജോസ് പി. എ, ശ്രീ ജിൽസ് മേക്കൽ, ശ്രീ സാലു അബ്രഹാം മേച്ചേരിയിൽ, ശ്രീ ജോസ് പള്ളത്ത്, ശ്രീ ജോസ് ടോമി ചേന്നാട്ട്, അഡ്വ. ജോസ് കുറുമ്പാലക്കാട്ട്, ശ്രീ സെബാസ്റ്റ്യൻ പുരയ്ക്കൽ, ഡോ. വി. ജെ സെബാസ്റ്റ്യൻ, ശ്രീ ക്രിസ്റ്റി കരുവള്ളിത്തറ, ശ്രീ ജോയി ചാച്ചിറ എന്നിവർ പ്രസംഗിച്ചു. ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. വനം വന്യജീവി പ്രശ്നത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നടത്തിയ ഇടപെടൽ ശ്ലാഘനീയമാണ്. മാനന്തവാടി രൂപതയുടെ നിർദ്ദേശങ്ങൾ എത്രയും വേഗം ബഹു. വനം വന്യജീവി പരിസ്ഥിതി മന്ത്രിയെ ബോധ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കണം.
2. പഠനത്തിനും ജോലിക്കുമായി വിദേശത്തേക്കുള്ള കുടിയേറ്റം ഒഴിവാക്കേണ്ടതാണെങ്കിലും നമ്മൾ വിചാരിച്ചാൽ തടയുവാൻ കഴിയുകയില്ല. എന്നാൽ അവിടെ പോകുന്നവർ വഞ്ചിക്കപ്പെടാതെയും ബുദ്ധിമുട്ടാതെയും അവരെ സഹായിക്കുവാൻ പ്രവാസി മിഷന് എത്രയും വേഗം രൂപ നൽകണം.
3. ക്രൈസ്തവവിശ്വാസത്തെയും ആചാരങ്ങളെയും പ്രതീകങ്ങളെയും അധിക്ഷേപിക്കുന്ന സമകാലീന സംഭവങ്ങളിൽ പാസ്റ്ററൽ കൗൺസിൽ ആശങ്ക രേഖപ്പെടുത്തി. 'കക്കുകളി' നാടകം, വിശുദ്ധകുരിശിനെ അപമാനിച്ചുകൊണ്ടുള്ള പോസ്റ്റർ, സന്യസ്തരുടെ വസ്ത്രത്തെയും ജീവിതത്തെയും അപമാനിക്കുന്ന

പ്രദർശനങ്ങൾ എന്നിവയ്ക്കെതിരെ പാസ്റ്ററൽ കൗൺസിൽ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചു.

4. വർദ്ധിച്ചുവരുന്ന ലഹരിയുടെ അപകടസാധ്യതകളും, അവ രൂപം കൊടുക്കുന്ന ''ഡ്രഗ്സസ് കൾച്ചറും'' ഗൗരവമായി കണ്ട് കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിൽ പ്രവർത്തിക്കുന്ന കെ. സി. വൈ. എം, മിഷൻലീഗ്, മതബോധനം, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി എന്നിവ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള മുന്നണി പോരാളികളാക്കി മാറ്റിയെടുക്കുവാൻ നിർദ്ദേശിച്ചു.

5. ജൂബിലി സമാപനം ഗംഭീരമാക്കുവാനുള്ള പ്രവർത്തനം സജീവമാക്കുവാൻ നിർദ്ദേശിച്ചു.

6. ഈസ്റ്റർ തിരുക്കർമ്മങ്ങൾ രാത്രി 7.30 നും 8 നുമിടയിൽ അഭിവന്ദ്യ പിതാവ് ഒരു സമയം നിശ്ചയിച്ച് 10 മണിക്ക് അകം തീരുന്ന വിധത്തിൽ ക്രമീകരിക്കുവാൻ നിർദ്ദേശിച്ചു.

തുടർന്ന് ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഉപസംഹാരപ്രസംഗം നടത്തി. അൽമായ നേതൃത്വം ശക്തിപ്പെടേണ്ടതിന്റെ ആവശ്യകതയും സാമൂഹിക സാമുദായിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ അൽമായർ മുന്നിട്ടിറങ്ങേണ്ടതിന്റെ ആവശ്യകതയും എടുത്തു പറഞ്ഞു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നന്ദി പ്രകടിപ്പിച്ചു. യോഗം 1.30 തോടെ സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**

സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# മതബോധനരംഗം

2022 – 23 വിശ്വാസ പരിശീലന അധ്യയന വർഷം അവസാനിക്കുകയാണല്ലോ. ദൈവത്തെ അനുഭവിക്കുവാനും അവിടുത്തെ വചനം ഗ്രഹിക്കുവാനും കൂദാശ ജീവിതത്തിലൂടെ സഭയിൽ സാക്ഷികളായി തീരുവാനും ഈ വർഷം നമുക്ക് ഉപകരിച്ചു. നല്ല ദൈവത്തിന് നമുക്ക് നന്ദി അർപ്പിക്കാം. ഈ അധ്യയന വർഷത്തിൽ വിശ്വാസ പരിശീല രംഗത്ത് നമ്മെ ഏറെ പ്രോത്സാഹിപ്പിച്ച അഭിവന്ദ്യ ജോസ് പിതാവിനെയും, അലക്സ് പിതാവിനെയും നന്ദിയോടെ ഓർക്കുന്നു. രൂപതാ മതബോധന കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുവാൻ അക്ഷീണം ഒറ്റക്കെട്ടായി പ്രവർത്തിച്ച രൂപത ടീം അംഗങ്ങളെ ഏറെ നന്ദിയോടെ ഓർക്കുന്നു. മേഖലകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്ന മേഖലാ ഡയറക്ടർ അച്ചൻമാർക്കും, മേഖലാ സെക്രട്ടറിമാർക്കും ഇടവകകളിൽ കുട്ടികൾക്ക് പ്രോത്സാഹനവും മാതൃകയുമായി നിന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, പ്രധാനാധ്യാപകർക്കും എല്ലാ അധ്യാപകർക്കും നന്ദി. വിശ്വാസ പരിശീലനരംഗം സജീവമാക്കുവാൻ നന്നായി പഠിക്കുകയും സഹകരിക്കുകയും, കൂട്ടായി പ്രവർത്തിക്കുകയും ചെയ്ത എല്ലാ മക്കൾക്കും നന്ദി. നമ്മുടെ വിശ്വാസ പരിശീലനം ഇവിടെ അവസാനിക്കുന്നില്ല. അവധിക്കാലത്തും വിശ്വാസ ജീവിതത്തിൽ നമുക്കു മാതൃകകളാകാം. ഊർജ്ജസ്വലരായി അടുത്ത അധ്യയന വർഷത്തിലേക്ക് കടന്നുവരാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**പ്രതിഭാ സംഗമം – ക്ലാസ്സ് 7**

12/03/2023 ന് നടന്ന രൂപത പ്രതിഭാസംഗമത്തിൽ 12 മേഖലകളിൽ നിന്നായി 47 പ്രതിഭകൾ പങ്കെടുത്തു. ഇവരിൽനിന്ന് ലാസ്റ്റ് റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 11 പേർ

**Boys**

1. ആഷബിൻ മുരിങ്ങമറ്റം – പനമരം
2. ജോജോ ബെന്നി പേരിയകോട്ടിൽ – നടവയൽ
3. ആരോൺ ജിയോ ടോം – മൂലങ്കാവ്

4. ലിയോൺ - പോരൂർ
5. ജെഫ്രിൻ വെള്ളക്കട - കല്പറ്റ

**Girls**

1. അന്ന ഷെബിൻ - ദീപ്തിഗിരി
2. ഹെലേന അറക്കൽ - ചുണ്ടക്കര
3. ആഗ്നസ് മരിയ - പുതിയിടംകുന്ന്
4. ഇസ ബ്രിഡ്ജിറ്റ് മരിയ - ചുങ്കക്കുന്ന്
5. ആൻറോസ് ആനിത്തോട്ടം -പയ്യമ്പള്ളി
6. ആൻ മരിയ ജോസ് - പോരൂർ

രണ്ടാം റൗണ്ടിൽ ഇവരിൽനിന്ന് 2 ആൺകുട്ടികളെയും, 2 പെൺകുട്ടികളെയും സംസ്ഥാനതല പ്രതിഭാ സംഗമത്തിലേക്ക് സെലക്ട് ചെയ്യുന്നതായിരിക്കും. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും. പ്രതിഭാസംഗമത്തിന് നേതൃത്വം നല്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാറിനും, സി. അനിത, സി. ലിഡിയ എന്നിവർക്കും നന്ദി.

**ആമുഖ സെമിനാർ, ക്ലാസ് ട്രയിനിംഗ്**

ആമുഖസെമിനാർ 2023 - 24 അധ്യയനവർഷം ആദ്യമുണ്ടായിരിക്കുന്നതാണ്. അടുത്ത അധ്യയനവർഷത്തേക്ക് പുതുതായി നിയോഗിക്കപ്പെടുന്ന അധ്യാപകരെ ആമുഖസെമിനാറിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. അതുപോലെതന്നെ ക്ലാസ് മാറ്റമുള്ളവർ ക്ലാസ്സ് ട്രയിനിംഗിലും പങ്കെടുക്കേണ്ടതാണ്.

## HM, Conference

2023 - 24 വർഷത്തെ ആദ്യ HM Conference May 20 ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് നടക്കുന്നതായിരിക്കും. അന്നേ ദിവസം ജൂബിലേറിയൻസിനെയും , മുഴുവൻ ഹാജരുള്ള കുട്ടികളെയും ആദരിക്കുന്നതായിരിക്കും.

## HCC I 2022-23 Result

2022-23 അധ്യയനവർഷത്തെ പ്ലസ് വൺ പ്ലസ് ടു റിസൾട്ട് 11/03/23 ന് മതബോധനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിജയികളായവർക്കെല്ലാം അനുമോദനങ്ങൾ. പരാജയപ്പെട്ടവർ വിഷമിക്കേണ്ട. ദൈവം ഇനിയും ജീവിതത്തിൽ വിജയിക്കുവാനുള്ള അവസരങ്ങൾ നല്കും.

## HCC 1 TOP 10 STUDENTS 2022 -23

| | | |
|---|---|---|
| Henin Suzanne | - | Panamchira |
| Ann Maria Sunil | - | Pattanikoop |
| Tessa Therese Lijo | - | Chungakkunnu |
| Anu Mol James | - | Ambayathode |
| Merlin Rose Joseph | - | Valery |
| Merin Susan | - | Meenangadi |
| Meera Pramod | - | Kaniyaram |
| Hitha Rose | - | Kammana |
| Sona Raju | - | Chungakkunnu |
| Anit M Varghese | - | Kurumbala |

## HCC 2 TOP 10 STUDENTS 2022- -23

| | | |
|---|---|---|
| Anns Maria Roy | - | Marakavu |
| Aswathy James | - | Thalanji |
| Anushma Mathew | - | Narivalamunda |
| Diya Tomy | - | Pulpally |
| Divya Johnson | - | Pathiripadam |
| Adona Babu | - | Thrissilery |
| Alwin George | - | Chungakkunnu |
| Anusha Babu | - | Manjoora |
| Helna Peasad | - | Edivanna |
| Immanuel K George | - | Payyampally |

## HCC I & II 2022-2023Parish level Result

## HCC I 2022 Result in Parish Level

### Bathery

| | Tot Regd | Attended | Passed | Failed | Absent | Percentge |
|---|---|---|---|---|---|---|
| AMBALAVAYAL | 30 | 28 | 18 | 10 | 2 | 64 |
| BATHERY | 51 | 51 | 42 | 9 | 0 | 82 |
| CHITHRAGIRI | 8 | 8 | 8 | 0 | 0 | 100 |
| CHULLIYODE | 12 | 11 | 11 | 0 | 1 | 100 |
| KADALMAD | 4 | 4 | 2 | 2 | 0 | 50 |
| KARANI | 1 | 1 | 1 | 0 | 0 | 100 |
| MEENANGADI | 18 | 18 | 16 | 2 | 0 | 89 |

| | | | | | | |
|---|---|---|---|---|---|---|
| MOOLANKAVU | 12 | 11 | 9 | 2 | 1 | 82 |
| PAZHOOR | 10 | 9 | 6 | 3 | 1 | 67 |
| THOMATTUCHAL | 15 | 15 | 13 | 2 | 0 | 87 |
| VADAKKANAD | 5 | 5 | 5 | 0 | 0 | 100 |
| VAKERY | 12 | 12 | 11 | 1 | 0 | 100 |
| TOTAL | 178 | 173 | 142 | 31 | 5 | 100 |
| **Chungakkunnu** | | | | | | |
| Adakkathode | 43 | 39 | 38 | 1 | 4 | 97 |
| Ambayathode | 17 | 17 | 17 | 0 | 0 | 100 |
| Chungakkunnu | 53 | 52 | 0 | 52 | 1 | 0 |
| Kelakam | 8 | 8 | 8 | 0 | 0 | 100 |
| Kottiyoor | 50 | 50 | 48 | 2 | 0 | 96 |
| Nelliyodi | 6 | 6 | 6 | 0 | 0 | 100 |
| Ottaplavu | 13 | 13 | 10 | 3 | 0 | 77 |
| Palchuram | 13 | 13 | 12 | 1 | 0 | 92 |
| Santhigiri | 5 | 5 | 4 | 1 | 0 | 80 |
| Velloonny | 10 | 10 | 10 | 0 | 0 | 100 |
| TOTAL | 218 | 213 | 153 | 60 | 5 | 70 |
| **Dwaraka** | | | | | | |
| Chulliana | 5 | 5 | 5 | 0 | 0 | 100 |
| Dwaraka | 18 | 17 | 14 | 3 | 1 | 82 |
| Karakkamala | 8 | 8 | 7 | 1 | 0 | 88 |
| Kommayad | 17 | 16 | 16 | 0 | 1 | 100 |
| Mangalassery | 5 | 5 | 4 | 1 | 0 | 80 |
| Mothakkara | 6 | 6 | 6 | 0 | 0 | 100 |
| Thonichal | 15 | 14 | 13 | 1 | 1 | 93 |
| Vellamunda | 12 | 12 | 9 | 3 | 0 | 75 |
| Vilambukandam | 9 | 9 | 7 | 2 | 0 | 78 |
| TOTAL | 95 | 92 | 81 | 11 | 3 | 85 |
| **Kallody** | | | | | | |
| Deepthigiri | 19 | 19 | 18 | 1 | 0 | 95 |
| Jude's Mount | 6 | 6 | 6 | 0 | 0 | 100 |
| Kallody | 35 | 34 | 31 | 3 | 1 | 91 |
| Karimbil | 4 | 4 | 3 | 1 | 0 | 75 |
| Kunjhome | 8 | 8 | 7 | 1 | 0 | 88 |

| | | | | | | |
|---|---|---|---|---|---|---|
| Makkiyad | 7 | 7 | 6 | 1 | 0 | 86 |
| Niravilpuzha | 3 | 3 | 3 | 0 | 0 | 100 |
| Puthiyidamkunnu | 7 | 7 | 7 | 0 | 0 | 100 |
| Puthussery | 11 | 11 | 9 | 2 | 0 | 82 |
| Valery | 4 | 4 | 4 | 0 | 0 | 100 |
| Vanjode | 10 | 10 | 10 | 0 | 0 | 100 |
| **TOTAL** | **114** | **113** | **104** | **9** | **1** | **91** |
| **Kalpetta** | | | | | | |
| Charity | 6 | 6 | 6 | 0 | 0 | 100 |
| Edappetty | 9 | 8 | 7 | 1 | 1 | 88 |
| Kalathuvayal | 8 | 8 | 8 | 0 | 0 | 100 |
| Kalpetta | 18 | 18 | 14 | 4 | 0 | 78 |
| Kolavayal | 10 | 10 | 9 | 1 | 0 | 90 |
| Nedumpala | 10 | 10 | 8 | 2 | 0 | 80 |
| Olivumala | 3 | 3 | 3 | 0 | 0 | 100 |
| Puzhamudi | 4 | 4 | 4 | 0 | 0 | 100 |
| Rippon | 19 | 17 | 15 | 2 | 2 | 88 |
| Theneri | 23 | 22 | 22 | 0 | 1 | 100 |
| Thrikkaipetta | 6 | 4 | 4 | 0 | 2 | 100 |
| Vazhavatta | 12 | 12 | 12 | 0 | 0 | 100 |
| Vythiri | 7 | 7 | 7 | 0 | 0 | 100 |
| **TOTAL** | **135** | **129** | **119** | **10** | **6** | **88** |
| **Mananthavady** | | | | | | |
| Alattil | 12 | 11 | 8 | 3 | 1 | 73 |
| Boys Town | 3 | 3 | 3 | 0 | 0 | 100 |
| Elapeedika | 4 | 4 | 3 | 1 | 0 | 75 |
| Kaniyaram | 43 | 42 | 38 | 4 | 1 | 90 |
| Karimani | 2 | 2 | 2 | 0 | 0 | 100 |
| Kuttimoola | 4 | 4 | 4 | 0 | 0 | 100 |
| Mananthavady | 12 | 8 | 8 | 0 | 4 | 100 |
| Muthireri | 16 | 16 | 16 | 0 | 0 | 100 |
| Parathottam | 8 | 8 | 7 | 1 | 0 | 88 |
| Peria | 7 | 6 | 6 | 0 | 1 | 100 |
| Poroor | 35 | 35 | 30 | 5 | 0 | 86 |
| Prasanthagiri | 5 | 5 | 5 | 0 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| Puthiyidom | 9 | 9 | 9 | 0 | 0 | 100 |
| Thalapuzha | 9 | 9 | 9 | 0 | 0 | 100 |
| Thavinjal | 25 | 23 | 21 | 2 | 2 | 91 |
| Valad | 4 | 3 | 3 | 0 | 1 | 100 |
| Valiakolly | 3 | 3 | 3 | 0 | 0 | 100 |
| Yavanarkulam | 12 | 11 | 11 | 0 | 1 | 100 |
| **TOTAL** | **213** | **202** | **186** | **16** | **11** | **87** |
| **Manimooly** | | | | | | |
| Bhoodhanam | 1 | 1 | 0 | 1 | 0 | 0 |
| Manimooly | 38 | 38 | 37 | 1 | 0 | 97 |
| Marutha | 2 | 2 | 2 | 0 | 0 | 100 |
| Munderi | 8 | 6 | 5 | 1 | 2 | 83 |
| Narivalamunda | 18 | 18 | 16 | 2 | 0 | 89 |
| Palankara | 22 | 22 | 20 | 2 | 0 | 91 |
| Palemad | 5 | 5 | 5 | 0 | 0 | 100 |
| Pathiripadam | 20 | 19 | 17 | 2 | 1 | 89 |
| Thalanji | 20 | 20 | 20 | 0 | 0 | 100 |
| Thalipadam | 5 | 5 | 5 | 0 | 0 | 100 |
| **TOTAL** | **139** | **136** | **127** | **9** | **3** | **91** |
| **Mullenkolly** | | | | | | |
| Adikolly | 23 | 21 | 7 | 14 | 2 | 33 |
| Amarakuni | 9 | 9 | 7 | 2 | 0 | 78 |
| Irulam | 6 | 6 | 5 | 1 | 0 | 83 |
| Kabanigiri | 5 | 5 | 4 | 1 | 0 | 80 |
| Marakavu | 34 | 31 | 24 | 7 | 3 | 77 |
| Marakkadavu | 10 | 10 | 10 | 0 | 0 | 100 |
| Mullenkolly | 44 | 44 | 41 | 3 | 0 | 93 |
| Padichira | 29 | 27 | 23 | 4 | 2 | 85 |
| Pattanikoopp | 12 | 12 | 12 | 0 | 0 | 100 |
| Pulpally | 21 | 21 | 17 | 4 | 0 | 81 |
| Seethamount | 10 | 7 | 6 | 1 | 3 | 86 |
| Sisumala | 23 | 21 | 15 | 6 | 2 | 71 |
| **TOTAL** | **226** | **214** | **171** | **43** | **12** | **75** |

| | | | | | | |
|---|---|---|---|---|---|---|
| **Nadavayal** | | | | | | |
| Arinchermala | 17 | 17 | 16 | 1 | 0 | 94 |
| Cherukattoor | 18 | 17 | 17 | 0 | 1 | 100 |
| Chundakkara | 40 | 40 | 38 | 2 | 0 | 95 |
| Kalluvayal | 19 | 18 | 14 | 4 | 1 | 78 |
| Kenichira | 21 | 20 | 16 | 4 | 1 | 80 |
| Koolivayal | 3 | 3 | 3 | 0 | 0 | 100 |
| Kurumbalakotta | 3 | 3 | 3 | 0 | 0 | 100 |
| Nadavayal | 55 | 51 | 48 | 3 | 4 | 94 |
| Naikkuppa | 4 | 4 | 3 | 1 | 0 | 75 |
| Panamaram | 8 | 8 | 8 | 0 | 0 | 100 |
| Paralikunnu | 9 | 8 | 8 | 0 | 1 | 100 |
| **TOTAL** | **197** | **189** | **174** | **15** | **8** | **88** |
| **Nilambur** | | | | | | |
| Chokkad | 7 | 7 | 7 | 0 | 0 | 100 |
| Edivanna | 18 | 18 | 16 | 2 | 0 | 89 |
| Moolepadam | 3 | 3 | 3 | 0 | 0 | 100 |
| Muttiyel | 3 | 3 | 3 | 0 | 0 | 100 |
| Nilambur | 29 | 27 | 22 | 5 | 2 | 81 |
| Pookkottumpadam | 3 | 1 | 0 | 1 | 2 | 0 |
| Poolappadam | 12 | 12 | 12 | 0 | 0 | 100 |
| Rubynagar | 1 | 1 | 0 | 1 | 0 | 0 |
| T. K. Colony | 2 | 2 | 2 | 0 | 0 | 100 |
| Thelpera | 15 | 14 | 12 | 2 | 1 | 86 |
| Vadapuram | 6 | 6 | 6 | 0 | 0 | 100 |
| Vallikett | 2 | 2 | 2 | 0 | 0 | 100 |
| **TOTAL** | **101** | **96** | **85** | **11** | **5** | **84** |
| **Nilgiris** | | | | | | |
| Arulnilayam | 12 | 12 | 11 | 1 | 0 | 92 |
| Aravankadu | 1 | 1 | 1 | 0 | 0 | 100 |
| Bekki | 2 | 2 | 2 | 0 | 0 | 100 |
| Bospara | 7 | 7 | 5 | 2 | 0 | 71 |
| Burlier | 2 | 1 | 0 | 1 | 1 | 0 |
| Coonnoor | 4 | 4 | 4 | 0 | 0 | 100 |
| Dharmagiri | 9 | 9 | 8 | 1 | 0 | 89 |

| | | | | | | |
|---|---|---|---|---|---|---|
| Kalpra | 16 | 16 | 16 | 0 | 0 | 100 |
| Kayyunni | 18 | 18 | 15 | 3 | 0 | 83 |
| Kunnalady | 10 | 10 | 6 | 4 | 0 | 60 |
| Manvayal | 8 | 6 | 2 | 4 | 2 | 33 |
| Ootty | 2 | 1 | 0 | 1 | 1 | 0 |
| Panamchira | 6 | 6 | 6 | 0 | 0 | 100 |
| Vimalagiri | 7 | 7 | 7 | 0 | 0 | 100 |
| **TOTAL** | **104** | **100** | **83** | **17** | **4** | **79** |
| **Payyampally** | | | | | | |
| Appapara | 2 | 2 | 0 | 2 | 0 | 0 |
| Arattuthara | 12 | 12 | 12 | 0 | 0 | 100 |
| Bavali | 1 | 1 | 1 | 0 | 0 | 100 |
| Edayoorkunnu | 3 | 3 | 3 | 0 | 0 | 100 |
| Kammana | 18 | 18 | 15 | 3 | 0 | 83 |
| Kartikulam | 9 | 8 | 7 | 1 | 1 | 88 |
| Martin Nagar | 19 | 15 | 13 | 2 | 4 | 87 |
| Padamala | 11 | 10 | 9 | 1 | 1 | 90 |
| Payyampally | 37 | 34 | 27 | 7 | 3 | 79 |
| Thrissilery | 10 | 9 | 9 | 0 | 1 | 100 |
| **TOTAL** | **122** | **112** | **96** | **16** | **10** | **78** |
| **Thariode** | | | | | | |
| Chennalode | 31 | 28 | 25 | 3 | 3 | 89 |
| Kavummannam | 12 | 11 | 11 | 0 | 1 | 100 |
| Kottathara | 19 | 18 | 18 | 0 | 1 | 100 |
| Kurumani | 4 | 4 | 4 | 0 | 0 | 100 |
| Kurumbala | 16 | 15 | 15 | 0 | 1 | 100 |
| Mangalam | 2 | 2 | 2 | 0 | 0 | 100 |
| Manjoora | 12 | 12 | 12 | 0 | 0 | 100 |
| Panthipoil | 3 | 3 | 3 | 0 | 0 | 100 |
| Puthusserikkadavu | 14 | 14 | 11 | 3 | 0 | 79 |
| Thariode | 30 | 29 | 19 | 10 | 1 | 66 |
| **TOTAL** | **143** | **136** | **120** | **16** | **7** | **88** |

| Consolidated HCC I Result In Forane Level | | | | | | |
|---|---|---|---|---|---|---|
| | Tot Regd | Attended | Passed | Failed | Absent | Percentge |
| Bathery | 178 | 173 | 142 | 31 | 5 | 82% |
| Chungakkunnu | 218 | 213 | 153 | 60 | 5 | 71% |
| Dwaraka | 95 | 92 | 81 | 11 | 3 | 88% |
| Kallody | 114 | 113 | 104 | 9 | 1 | 92% |
| Kalpetta | 135 | 129 | 119 | 10 | 6 | 92% |
| Mananthavady | 213 | 202 | 186 | 16 | 11 | 92% |
| Manimooly | 139 | 136 | 127 | 9 | 3 | 93% |
| Mullenkolly | 226 | 214 | 171 | 43 | 12 | 80% |
| Nadavayal | 197 | 189 | 174 | 15 | 8 | 92% |
| Nilambur | 101 | 96 | 85 | 11 | 5 | 89% |
| Nilgiris | 104 | 100 | 83 | 17 | 4 | 83% |
| Payyampally | 122 | 112 | 96 | 16 | 10 | 86% |
| Thariode | 143 | 136 | 120 | 16 | 7 | 88% |
| **TOTAL** | **1985** | **1905** | **1641** | **264** | **80** | **86%** |

| HCC II 2022- 23 Result in Parish Level | | | | | | |
|---|---|---|---|---|---|---|
| | Tot Regd | Attended | Passed | Failed | Absent | Percentge |
| | | **BATHERY** | | | | |
| AMBALAVAYAL | 31 | 29 | 24 | 5 | 2 | 83 |
| BATHERY | 41 | 40 | 39 | 1 | 1 | 98 |
| CHITHRAGIRI | 9 | 6 | 6 | 0 | 0 | 100 |
| CHULLIYODE | 4 | 4 | 4 | 0 | 0 | 100 |
| KADALMAD | 5 | 5 | 4 | 1 | 0 | 80 |
| KALLUMUKKU | 6 | 6 | 5 | 1 | 0 | 83 |
| KARANI | 6 | 6 | 6 | 0 | 0 | 100 |
| MEENANGADI | 14 | 14 | 13 | 1 | 0 | 93 |
| MOOLANKAVU | 15 | 14 | 14 | 0 | 1 | 100 |
| PAZHOOR | 9 | 8 | 8 | 0 | 1 | 100 |
| THOMATTUCHAL | 15 | 15 | 14 | 1 | 0 | 93 |
| VADAKKANAD | 6 | 5 | 5 | 0 | 1 | 100 |

| | | | | | | |
|---|---|---|---|---|---|---|
| VAKERY | 6 | 6 | 6 | 0 | 0 | 100 |
| **TOTAL** | **167** | **158** | **148** | **10** | **6** | **94%** |
| **Chungakunnu** | | | | | | |
| Adakkathode | 20 | 20 | 18 | 2 | 0 | 90 |
| Ambayathode | 7 | 7 | 7 | 0 | 0 | 100 |
| Chungakkunnu | 42 | 35 | 31 | 4 | 7 | 89 |
| Kelakam | 5 | 5 | 5 | 0 | 0 | 100 |
| Kottiyoor | 42 | 40 | 35 | 5 | 2 | 88 |
| Nelliyodi | 2 | 2 | 1 | 1 | 0 | 50 |
| Ottaplavu | 8 | 8 | 8 | 0 | 0 | 100 |
| Palchuram | 10 | 10 | 10 | 0 | 0 | 100 |
| Santhigiri | 11 | 11 | 11 | 0 | 0 | 100 |
| Velloonny | 6 | 6 | 6 | 0 | 0 | 100 |
| **TOTAL** | **153** | **144** | **132** | **12** | **9** | **92%** |
| **Dwaraka** | | | | | | |
| Chulliana | 10 | 10 | 10 | 0 | 0 | 100 |
| Dwaraka | 17 | 17 | 17 | 0 | 0 | 100 |
| Karakkamala | 14 | 13 | 13 | 0 | 1 | 100 |
| Kommayad | 9 | 8 | 8 | 0 | 1 | 100 |
| Mangalassery | 7 | 7 | 7 | 0 | 0 | 100 |
| Thonichal | 13 | 12 | 10 | 2 | 1 | 83 |
| Vellamunda | 14 | 14 | 13 | 1 | 0 | 93 |
| Vilambukandam | 12 | 11 | 10 | 1 | 1 | 91 |
| **TOTAL** | **96** | **92** | **88** | **4** | **4** | **96%** |
| **Kallody** | | | | | | |
| Deepthigiri | 9 | 8 | 7 | 1 | 1 | 87.5 |
| Jude's Mount | 5 | 5 | 3 | 2 | 0 | 60 |
| Kallody | 42 | 42 | 34 | 8 | 0 | 81 |
| Karimbil | 3 | 3 | 3 | 0 | 0 | 100 |
| Kunjhome | 3 | 3 | 3 | 0 | 0 | 100 |
| Makkiyad | 6 | 6 | 4 | 2 | 0 | 67 |
| Niravilpuzha | 4 | 3 | 2 | 1 | 1 | 67 |
| Puthiyidamkunnu | 6 | 6 | 6 | 0 | 0 | 100 |
| Puthussery | 4 | 4 | 4 | 0 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| Valery | 7 | 7 | 7 | 0 | 0 | 100 |
| Vanjode | 6 | 6 | 6 | 0 | 0 | 100 |
| **TOTAL** | **95** | **93** | **79** | **14** | **2** | **83%** |
| | | | **Kalpetta** | | | |
| Charity | 7 | 7 | 6 | 1 | 0 | 86 |
| Edappetty | 9 | 9 | 9 | 0 | 0 | 100 |
| Kalathuvayal | 3 | 3 | 3 | 0 | 0 | 100 |
| Kalpetta | 21 | 21 | 16 | 5 | 0 | 76 |
| Kolavayal | 6 | 6 | 3 | 3 | 0 | 50 |
| Lakkidi | 4 | 4 | 3 | 1 | 0 | 75 |
| Nedumpala | 5 | 5 | 4 | 1 | 0 | 80 |
| Olivumala | 2 | 2 | 2 | 0 | 0 | 100 |
| Puzhamudi | 9 | 9 | 4 | 5 | 0 | 44 |
| Rippon | 11 | 11 | 10 | 1 | 0 | 91 |
| Theneri | 14 | 14 | 14 | 0 | 0 | 100 |
| Thrikkaipetta | 3 | 2 | 2 | 0 | 1 | 100 |
| Vazhavatta | 19 | 19 | 16 | 3 | 0 | 84 |
| Vythiri | 5 | 5 | 5 | 0 | 0 | 100 |
| **Total** | **118** | **117** | **97** | **20** | **1** | **82%** |
| | | | **Mananthavady** | | | |
| Alattil | 10 | 10 | 8 | 2 | 0 | 80 |
| Elapeedika | 8 | 7 | 7 | 0 | 1 | 100 |
| Kaniyaram | 24 | 23 | 21 | 2 | 1 | 91 |
| Karimani | 5 | 5 | 5 | 0 | 0 | 100 |
| Kuttimoola | 5 | 5 | 5 | 0 | 0 | 100 |
| Mananthavady | 12 | 10 | 8 | 2 | 2 | 80 |
| Muthireri | 6 | 6 | 6 | 0 | 0 | 100 |
| Parathottam | 5 | 5 | 4 | 1 | 0 | 80 |
| Peria | 7 | 6 | 6 | 0 | 1 | 100 |
| Poroor | 24 | 24 | 24 | 0 | 0 | 100 |
| Prasanthagiri | 4 | 4 | 4 | 0 | 0 | 100 |
| Puthiyidom | 6 | 6 | 6 | 0 | 0 | 100 |
| Thalapuzha | 3 | 3 | 3 | 0 | 0 | 100 |
| Thavinjal | 15 | 14 | 14 | 0 | 1 | 100 |
| Valad | 7 | 7 | 7 | 0 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| Valiakolly | 3 | 3 | 3 | 0 | 0 | 100 |
| Yavanarkulam | 11 | 11 | 10 | 1 | 0 | 91 |
| **TOTAL** | **155** | **149** | **141** | **8** | **6** | **95%** |
| **Manimooly** | | | | | | |
| Bhoodhanam | 1 | 1 | 0 | 1 | 0 | 0 |
| Manimooly | 24 | 23 | 17 | 6 | 1 | 74 |
| Marutha | 4 | 4 | 4 | 0 | 0 | 100 |
| Narivalamunda | 8 | 8 | 8 | 0 | 0 | 100 |
| Palankara | 19 | 19 | 13 | 6 | 0 | 68 |
| Palemad | 12 | 12 | 7 | 5 | 0 | 58 |
| Pathiripadam | 17 | 16 | 14 | 2 | 1 | 88 |
| Thalanji | 20 | 20 | 19 | 1 | 0 | 95 |
| Thalipadam | 10 | 10 | 8 | 2 | 0 | 80 |
| TOTAL | 115 | 113 | 90 | 23 | 2 | 78% |
| **Mullankolly** | | | | | | |
| Adikolly | 15 | 15 | 13 | 2 | 0 | 87 |
| Amarakuni | 7 | 7 | 5 | 2 | 0 | 71 |
| Irulam | 12 | 12 | 8 | 4 | 0 | 67 |
| Kabanigiri | 8 | 8 | 6 | 2 | 0 | 75 |
| Marakavu | 23 | 22 | 17 | 5 | 1 | 77 |
| Marakkadavu | 9 | 9 | 5 | 4 | 0 | 56 |
| Mullenkolly | 56 | 54 | 48 | 6 | 2 | 89 |
| Padichira | 23 | 23 | 20 | 3 | 0 | 87 |
| Pattanikoopp | 9 | 7 | 7 | 0 | 2 | 100 |
| Pulpally | 16 | 14 | 13 | 1 | 2 | 93 |
| Seethamount | 11 | 11 | 11 | 0 | 0 | 100 |
| Sisumala | 16 | 14 | 9 | 5 | 2 | 64 |
| **TOTAL** | **205** | **196** | **162** | **34** | **9** | **79%** |
| **Nadavayal** | | | | | | |
| Arinchermala | 10 | 10 | 10 | 0 | 0 | 100 |
| Cherukattoor | 14 | 14 | 14 | 0 | 0 | 100 |
| Chundakkara | 32 | 31 | 27 | 4 | 1 | 87 |
| Kalluvayal | 16 | 14 | 14 | 0 | 2 | 100 |
| Kaniambetta | 5 | 5 | 4 | 1 | 0 | 80 |
| Kenichira | 26 | 26 | 24 | 2 | 0 | 92 |

| | | | | | | |
|---|---|---|---|---|---|---|
| Koolivayal | 6 | 5 | 4 | 1 | 1 | 80 |
| Kurumbalakotta | 5 | 5 | 2 | 3 | 0 | 40 |
| Nadavayal | 49 | 49 | 47 | 2 | 0 | 96 |
| Naikuppa | 1 | 1 | 1 | 0 | 0 | 100 |
| Panamaram | 6 | 6 | 6 | 0 | 0 | 100 |
| Paralikunnu | 6 | 5 | 5 | 0 | 1 | 100 |
| Valavayal | 5 | 5 | 2 | 3 | 0 | 40 |
| **TOTAL** | **181** | **176** | **160** | **16** | **5** | **88%** |
| | | | **Nilambur** | | | |
| Chokkad | 4 | 4 | 4 | 0 | 0 | 100 |
| Edivanna | 16 | 16 | 16 | 0 | 0 | 100 |
| Moolepadam | 6 | 6 | 6 | 0 | 0 | 100 |
| Muttiyel | 3 | 3 | 3 | 0 | 0 | 100 |
| Nilambur | 23 | 20 | 20 | 0 | 3 | 100 |
| Pookkottumpadam | 13 | 13 | 12 | 1 | 0 | 92 |
| Poolappadam | 11 | 11 | 8 | 3 | 0 | 73 |
| Rubynagar | 4 | 4 | 3 | 1 | 0 | 75 |
| T. K. Colony | 2 | 2 | 2 | 0 | 0 | 100 |
| Vadapuram | 11 | 11 | 10 | 1 | 0 | 91 |
| Vallikett | 1 | 1 | 0 | 1 | 0 | 0 |
| **TOTAL** | **94** | **91** | **84** | **7** | **3** | **89%** |
| | | | **Nilgiris** | | | |
| Arulnilayam | 3 | 3 | 3 | 0 | 0 | 100 |
| Bospara | 4 | 4 | 3 | 1 | 0 | 75 |
| Coonnoor | 3 | 3 | 3 | 0 | 0 | 100 |
| Dharmagiri | 7 | 7 | 7 | 0 | 0 | 100 |
| Kalpra | 16 | 15 | 11 | 4 | 1 | 73 |
| Kayyunni | 16 | 16 | 16 | 0 | 0 | 100 |
| Kunnalady | 5 | 4 | 4 | 0 | 1 | 100 |
| Manvayal | 9 | 9 | 7 | 2 | 0 | 78 |
| Panamchira | 5 | 5 | 5 | 0 | 0 | 100 |
| Vimalagiri | 7 | 6 | 6 | 0 | 1 | 100 |
| **TOTAL** | **75** | **72** | **65** | **7** | **3** | **87%** |

| | | | | | | |
|---|---|---|---|---|---|---|
| **Payyampally** | | | | | | |
| Appapara | 3 | 3 | 3 | 0 | 0 | 100 |
| Arattuthara | 6 | 6 | 6 | 0 | 0 | 100 |
| Edayoorkunnu | 5 | 5 | 5 | 0 | 0 | 100 |
| Kammana | 8 | 8 | 7 | 1 | 0 | 88 |
| Kartikulam | 4 | 4 | 3 | 1 | 0 | 75 |
| Martin Nagar | 19 | 18 | 17 | 1 | 1 | 94 |
| Padamala | 5 | 5 | 5 | 0 | 0 | 100 |
| Panavally | 1 | 1 | 1 | 0 | 0 | 100 |
| Payyampally | 37 | 34 | 34 | 0 | 3 | 100 |
| Thrissilery | 11 | 11 | 8 | 3 | 0 | 73 |
| **TOTAL** | **99** | **95** | **89** | **6** | **4** | **90%** |
| **Thariode** | | | | | | |
| Chennalode | 23 | 21 | 20 | 1 | 2 | 95 |
| Kavummannam | 10 | 10 | 7 | 3 | 0 | 70 |
| Kottathara | 9 | 8 | 6 | 2 | 1 | 75 |
| Kurumani | 4 | 3 | 2 | 1 | 1 | 67 |
| Kurumbala | 16 | 16 | 7 | 9 | 0 | 44 |
| Mangalam | 9 | 9 | 5 | 4 | 0 | 56 |
| Manjoora | 16 | 16 | 16 | 0 | 0 | 100 |
| Panthipoil | 2 | 2 | 2 | 0 | 0 | 100 |
| Puthusserikkadavu | 10 | 10 | 10 | 0 | 0 | 100 |
| Thariode | 30 | 28 | 23 | 5 | 2 | 82 |
| **TOTAL** | **129** | **123** | **98** | **25** | **6** | **76%** |
| **Consolidated Result HCC 2 - Forane Level** | | | | | | |
| Bathery | 167 | 158 | 148 | 10 | 6 | 94% |
| Chungakunnu | 153 | 144 | 132 | 12 | 9 | 92% |
| Dwaraka | 96 | 92 | 88 | 4 | 4 | 96% |
| Kallody | 95 | 93 | 79 | 14 | 2 | 83% |
| Kalpetta | 118 | 117 | 97 | 20 | 1 | 83% |
| Mananthavady | 155 | 149 | 141 | 8 | 6 | 95% |
| Manomooly | 115 | 113 | 90 | 23 | 2 | 78% |
| Mullankolly | 205 | 196 | 162 | 34 | 9 | 79% |
| Nadavayal | 181 | 176 | 160 | 16 | 5 | 88% |
| Nilambur | 94 | 91 | 84 | 7 | 3 | 89% |

| | | | | | | |
|---|---|---|---|---|---|---|
| Nilgiris | 75 | 72 | 65 | 7 | 3 | 87% |
| Payyampally | 99 | 95 | 89 | 6 | 4 | 90% |
| Thariode | 129 | 123 | 98 | 25 | 6 | 76% |
| **Total** | **1682** | **1619** | **1433** | **186** | **60** | **89%** |

## HCC സേ പരീക്ഷ

HCC 2 ൽ പരീക്ഷ എഴുതി പരാജയപ്പെട്ട കുട്ടികൾക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് വേണമെന്നുണ്ടെങ്കിൽ അടുത്ത അക്കാദമിക് വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്തു യൂണിവേഴ്സിറ്റി പരീക്ഷ എഴുതുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. നേരത്തെ അറിയിച്ചിരുന്നതുപോലെ ഇവർക്ക് സേ പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. HCC 1 ൽ പരീക്ഷയെഴുതി പാസാകാത്ത കുട്ടികൾക്ക് HCC 2 ലേക്ക് പ്രമോഷൻ ഉണ്ടായിരിക്കുന്നതാണ്. ഈ കുട്ടികൾക്കുള്ള സേ പരീക്ഷ മെയ് 27 ഞായറാഴ്ച ഇടവകകളിൽ നടത്തി ഉത്തരക്കടലാസ് ഇടവകകളിൽ നിന്ന് അധ്യാപകർ നോക്കി മാർക്ക് ജൂൺ 2 നുള്ളിൽ മതബോധന ഓഫീസിൽ എത്തിക്കേണ്ടതാണ്. സേ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ രൂപത മതബോധന കേന്ദ്രത്തിൽ നിന്ന് നൽകുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരെ,

നോമ്പ് യാത്രയുടെ സമാപനത്തിലേക്ക് നാം എത്തുകയാണല്ലോ. 'ത്യാഗത്തിലൂടെ നന്മയുടെ പുണ്യങ്ങളിലേക്ക്' എന്ന ആപ്ത വാക്യവുമായി നാം നടത്തിയ 'അൻപത് ദിവസത്തെ നോവിന്റെ അൻപ് യാത്ര' ഉയിർപ്പ് തിരുനാളിൽ എത്തിച്ചേരുന്നു. എല്ലാവർക്കും ഉയർപ്പ് തിരുനാളിന്റെ അനുഗ്രഹങ്ങളും ആശംസകളും നേരുന്നു. വിശുദ്ധ വാരവും ഉയിർപ്പ് തിരുനാളും നമ്മുടെ ജീവിതത്തിൽ ഒരു പുത്തൻ ഉണർവിന്റെ അവസരമാകട്ടെ. പ്രത്യാശയോടെ ഉയർന്ന ചിന്തകളുമായി ജീവിക്കാൻ, ജീവിതത്തിന്റെ ഏത് ഘട്ടങ്ങളിലും ഉത്ഥിതൻ കൂടെയുണ്ട് എന്ന വിശ്വാസത്തോടെ മുന്നോട്ടുപോകാൻ നമുക്കു സാധിക്കണം. അവധിക്കാലം ആരംഭിക്കുമ്പോൾ, നമ്മുടെ കഴിവുകൾ കൂടുതൽ വർദ്ധിപ്പിക്കാനും ഉത്ഥിതനിലേക്ക് കൂടുതൽ അടുക്കാനും ക്രിയാത്മകമായി വളരാനും നിങ്ങൾക്ക് സാധിക്കട്ടെ. അവധിക്കാലത്ത് നമ്മൾ നടത്തുന്ന വിവിധ ക്യാമ്പുകളിലേക്കും രൂപതാ വാർഷികത്തിലേക്കും ഈസ്റ്റർ വിരുന്ന് എന്ന പ്രോഗ്രാമിലേക്കും നിങ്ങളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. എല്ലാവർക്കും നല്ല ഒരു അവധിക്കാലം ആശംസിക്കുന്നു. എല്ലാവരെയും ഉത്ഥിതനായ ഈശോ അനുഗ്രഹിക്കട്ടെ. നമ്മുടെ രൂപത ഈ മലയോരത്ത് അത്ഭുതം വിളയിച്ചതിന്റെ 50 ആണ്ടുകൾ മെയ് ഒന്നിന് പൂർത്തിയാവുകയാണ്. രൂപതാ കുടുംബത്തിന് സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

സ്നേഹത്തോടെ,
**ഫാ.മനോജ് അമ്പലത്തിങ്കൽ**

**സവിധം 2023**

രൂപതാ-ശാഖ ബന്ധവും സൗഹൃദവും ദൃഢപ്പെടുത്തുന്നതിന് സവിധം 2023 എന്ന പേരിൽ രൂപത ടീം, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഫെബ്രുവരി 12 മുതലുള്ള ഞായറാഴ്ചകളിൽ മേഖല കേന്ദ്രീകരിച്ച് ശാഖാ സൗഹൃദ സന്ദർശനം നടത്തുന്നു. പയ്യമ്പള്ളി, മാനന്തവാടി മേഖലകളിലെ ശാഖകൾ സന്ദർശനം പൂർ

ത്തിയാക്കി. കൂടാതെ രൂപത ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ പട്ടാണിക്കൂപ്പ്, കൂളിവയൽ, കൽപ്ര, അമ്പലവയൽ, റിപ്പൺ, കുറുമ്പാലകോട്ട, കൊമ്മയാട് എന്നീ ശാഖകൾ സന്ദർശനം നടത്തി.

**നോമ്പിന്റെ 50 ദിനങ്ങൾ**

നോമ്പിന്റെ അൻപു ദിനങ്ങളിലൂടെ കടന്നു പോകുമ്പോൾ ഓരോ ദിനവും ധ്യാന ചിന്തകൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവച്ച് സുവിശേഷ വേലയിൽ പങ്കുചേർന്നു.

**സ്വാഗതം**

നിലമ്പൂർ, ചുങ്കക്കുന്ന് മേഖലകളിൽ മേഖല ഡയറക്ടേഴ്സായി നിയമിതരായിരിക്കുന്ന ഫാ. ഷിന്റോ പുലിക്കുഴിയിൽ, ഫാ. ജിജോ പല്ലാട്ടുകുന്നേൽ എന്നിവർക്ക് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും പുതിയ പ്രവർത്തന മണ്ഡലങ്ങളിൽ എല്ലാ വിധ ആശംസകളും നേരുന്നു.

പോൾ 6–ാം മൻ മാർപാപ്പയുടെ ക്വാന്താഗ്ളോറിയ എന്ന തിരുവെഴുത്തു വഴി 1973 മാർച്ച് 1 ന് പ്രഖ്യാപനം ചെയ്യപ്പെട്ട മാനന്തവാടി രൂപത, പ്രഖ്യാപനത്തിന്റെ 50–ാം വാർഷികം ആഘോഷിക്കുമ്പോൾ ചെറുപുഷ്പ മിഷൻ ലീഗ് രൂപത കുടുംബം ആശംസകൾ നേർന്നു.

**ശാഖകൾക്ക് അഭിനന്ദനങ്ങൾ**

രൂപതതലത്തിൽ 2022 വർഷത്തിൽ നടത്തിയ കൈയെഴുത്തു മാസിക മത്സരത്തിൽ നടവയൽ ശാഖ ഒന്നാം സ്ഥാനത്തും കല്ലോടി, വാളേരി ശാഖകൾ രണ്ടാം സ്ഥാനത്തിനും ഒണ്ടയങ്ങാടി ശാഖ മൂന്നാം സ്ഥാനത്തിനും അർഹരായി. വിജയികളായവർക്കും അവർക്കു പിന്നിൽ അദ്ധ്വാനിച്ച ശാഖാ നേതൃത്വങ്ങൾക്കും ചെറുപുഷപ മിഷൻ ലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**മാപ്പുപറയുക**

എസ്.എഫ്.ഐ യുവാക്കൾ വിപ്ലവ ദാരിദ്ര്യത്തിനു പ്രഹസനം കാണിക്കാനുള്ള വേദിയാക്കി കുരിശിനെ ചിത്രീകരിച്ചതിനെതിരെ പ്രതികരിച്ചുകൊണ്ട് എസ്. എഫ്. ഐ യൂണിറ്റ് കമ്മിറ്റി ക്രൈസ്തവ സമൂഹത്തോട് മാപ്പ് പറയണമെന്ന് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആവശ്യപ്പെട്ടു.

**പ്രതിഷേധാർഹം**

സാമൂഹിക മാധ്യമങ്ങളിലും പൊതുവേദികളിലും അടുത്തിടെ ഉയർന്നുവരുന്ന ക്രൈസ്തവ വിരുദ്ധ ചിന്താഗതികളും ക്രൈസ്തവ സമൂഹത്തെ അപകീർത്തിപ്പെടുത്തുന്ന പ്രവണതകളും ഏറെ അപലപനീയമാണ്. ഗുരുവായൂർ ഉത്സവത്തോടനുബന്ധിച്ച് ക്രൈസ്തവ സന്യാസത്തെ അങ്ങേയറ്റം കളിയാക്കുന്ന 'കക്കുകളി' എന്ന നാടകം അവതരിപ്പിച്ചവരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ശക്തമായ പ്രതിഷേധം അറിയിച്ചു. സമൂഹത്തിന് ഇത്രത്തോളം സംഭാവനകൾ നൽകിയ, ജാതിമത ഭേദമന്യേ എല്ലാവരെയും തുല്യരായി കണ്ട് വിദ്യാഭ്യാസവും ആതുര സേവനവും നടത്തുന്ന ക്രൈസ്തവ സമൂഹത്തെ അവഹേളിക്കുന്ന നാടകം തികച്ചും പ്രതിഷേധാർഹമാണ്

**താതനോടൊപ്പം**

പിതാവായ ദൈവത്തിന്റെ ഈ ഭൂമിയിലെ നിഴലായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനം ചെറുപുഷ്പ മിഷൻലീഗ് 'മാനന്തവാടി രൂപത താതനോടൊപ്പം 'എന്നപേരിൽ പിതൃ സ്ഥാനത്ത് നിൽക്കുന്ന എല്ലാവരെയും ആദരിച്ചു. രൂപതയിലെ ഇടവകകളിൽ വി. യൗസേപ്പിതാവിനെപോലെ സ്നേഹമോടെ, സുരക്ഷിതതത്തോടെ, ദീർവീക്ഷണത്തോടെ മൗനമായി നമ്മെ നയിക്കുന്ന എല്ലാ പിതാക്കന്മാരക്കും കേക്ക് മുറിച്ചും പൂക്കൾ നൽകിയും സന്തോഷംപങ്കുവെച്ച് കുഞ്ഞുമിഷനറിമാർ ആശംസകൾ നേർന്നു.

**ആശംസകൾ**

മാനന്തവാടി രൂപതയെ പിതൃസ്നേഹത്തോടെ നയിക്കുന്ന മാർ.ജോസ് പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത പിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**Summer Fest 2023 കളിക്കാം ചിരിക്കാം പഠിക്കാം അവധിക്കാലം ഉത്സവമാക്കാം**

അവധിക്കാലത്ത് ഇടവകയിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി Summer Fest 2023 എന്ന പേരിൽ 3 ദിവസത്തെ ക്യാമ്പ് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സംഘടിപ്പിക്കുന്നു. രൂപതാ ഭാരവാഹികൾ, വൈദിക വിദ്യാർത്ഥികൾ, സമർപ്പിതർ എന്നിവർ അടങ്ങുന്ന ടീം ആയിരിക്കും ക്യാമ്പിന് നേതൃത്വം നൽകുക. Leader-

ship Training,Personality Development, Value Education, Games,Music, Counselling, Talent Hunting, Agape etc.. ക്യാമ്പിന്റെ ഭാഗമായിരിക്കും , താത്പര്യമുള്ള ഇടവകകൾക്ക് 9495292780, 9188241017 എന്നീ നമ്പറുകളിലേക്ക് വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

**സംസ്ഥാന സമിതിക്ക് സ്വാഗതം**

മാർച്ച് 24 ന് വൈകുന്നേരം 6 മണിക്ക് സംസ്ഥാന സമിതി അംഗങ്ങൾ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയിൽ സൗഹൃദ സന്ദർശനം നടത്തുകയും, രൂപത എക്സിക്യൂട്ടീവ് അംഗങ്ങളെ കണ്ട് സ്നേഹവും സൗഹൃദവും പങ്കുവയ്ക്കുകയും ചെയ്തു. ഒപ്പം വരും വർഷങ്ങളിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അഭിപ്രായങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കുകയും ചെയ്തു.

**വാർഷികാഘോഷവും സുവർണ്ണജൂബിലി സമാപനവും**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ 50-ാം വാർഷികാഘോഷവും, പ്രേഷിത റാലിയും ഏപ്രിൽ 12-ാം തീയ്യതി രാവിലെ 9 മണിക്ക് മാനന്തവാടി സെന്റ് പാട്രിക്സ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് വിവിധപരിപാടികളോടെ നടത്തപ്പെടുന്നു. (മാർഗം കളി, ഗ്രൂപ്പ്ഡാൻസ്, മാജിക് ഷോ) ഒരു ശാഖയിൽ നിന്നും 10 പേരിൽ കുറയാത്ത അംഗങ്ങൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. രെജി.ഫീ. ഒരാൾക്ക് 100 രൂപ. (സ്നാക്സ്, ബിരിയാണി) അംഗങ്ങളുടെ രജിസ്ട്രേഷൻ ഗൂഗിൾ ഫോം വഴിയാണ്. ശാഖകൾ എത്രയും വേഗം രജിസ്ട്രേഷൻ പൂർത്തിയാക്കണേ. കാര്യങ്ങൾ ക്രമീകരിക്കാനാണ്. താഴെ കാണുന്ന ലിങ്കിൽ കേറി രെജിസ്ട്രേഷൻ പൂർത്തിയാക്കുമല്ലോ. https://surveyheart.com/form/638ef5a514e62e3475ebd772

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്**

മാനന്തവാടി രൂപത തിരുബാലസഖ്യ കലോത്സവത്തിൽ ചുങ്കക്കുന്ന് മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി.മേഖലാതലത്തിൽ തിരുബാലസഖ്യ മത്സര ഒരുക്ക ക്ലാസ് സംഘടിപ്പിച്ചു. ലോക ക്യാൻസർ ദിനത്തിൽ പോസ്റ്റർ രചനാ മത്സരവും, തിരുബാലസഖ്യ ദിനത്തിൽ കളറിംഗ് മത്സരവും, വാലന്റൈൻസ് ദിനത്തിൽ എന്റെ ഈശോയ്ക്ക് കത്തെഴുതൽ മത്സരവും പ്രതിമാസ മൽസരങ്ങളായി സംഘടിപ്പിച്ചു.പരീക്ഷ ഒരുക്ക ക്ലാസും പ്രാർത്ഥനയും നടത്തി ശ്രീമതി.പ്രിയ തടങ്ങഴി ക്ലാസ് നയിച്ചു. ഫാ.ജിജോ പല്ലാട്ടുകുന്നേൽ ആശീർവാദകർമ്മവും നടത്തി.

**തരിയോട്**

മേഖലയുടെ നേതൃത്വത്തിൽ മാർച്ച് അഞ്ചാം തീയതി ചെന്നലോട് ശാഖയിൽ വച്ച് പരീക്ഷ ഒരുക്ക ധ്യാനം നടത്തി. ഫാ. ബിജു മാധവത്ത് ഒ. എഫ്. എം ക്യാപ് ധ്യാനത്തിന് നേതൃത്വം നൽകി. മേഖലയിലെ വിവിധ ശാഖകളിൽ നിന്നായി 10, 11,12 ക്ലാസുകളിൽ പഠിക്കുന്ന 250 ഓളം കുട്ടികൾ പങ്കെടുത്തു.

**ശാഖ വാർത്തകൾ**

**കേളകം:** ഇടവക മധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ തിരുന്നാൾ സാഘോഷം കൊണ്ടാടി. തിരുബാലസഖ്യ ദിനത്തോട നുബന്ധിച്ച് ആദ്യ കുർബാന സ്വീകരിക്കാത്ത എല്ലാ കുട്ടികളും കാഴ്ച വയ്പ് നടത്തുകയും വി. കുർബാനയിലെ പാട്ടുകളും വായ നകളും കുഞ്ഞുങ്ങൾ ഏറ്റെടുത്ത് നടത്തി. കുര്യാക്കോസ് കുന്ന ത്തച്ചൻ തിരുബാലസഖ്യദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും തിരുബാലസഖ്യാംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**വെള്ളൂന്നി:** മാർച്ച് അഞ്ചിന് കുട്ടികൾക്ക് പരീക്ഷ ഒരുക്ക ധ്യാനം നടത്തി. വി.യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ഇടവ കയിലെ എല്ലാ കുടുംബനാഥന്മാരെയും ബഹുമാനപ്പെട്ട വികാ രിയച്ചൻ ആദരിക്കുകയും കുർബാനമധ്യേ സന്ദേശം നൽകു കയും ജോസഫ് നാമധാരികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

**ചുള്ളിയോട്:** വനിതാദിനത്തോട് അനുബന്ധിച്ച് സി. ലിസ് മരിയ എസ്.എച്ച് സ്ത്രീകൾക്കായ് ഒരു മണിക്കൂർ ക്ലാസ്സ് എടുത്തു. മാതാക്കളെ ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. യൗസേപ്പിതാവിന്റെ തിരുനാളിനൊരുക്കമായി ദേവാലയ ത്തിൽ ഒരാഴ്ച പ്രത്യേക പ്രാർത്ഥനയും വി. ബലിക്കു ശേഷം നൊവേ നയും നടത്തി. മാർച്ച് 19 ന് ജോസഫ് നാമധാരികളെ കേക്ക് മുറിച്ച് പൂച്ചെണ്ട് നല്കി ആദരിക്കുകയും ചെയ്യും.

**പുതിയിടംകുന്ന് :** രോഗി സന്ദർശനം നടത്തി. സൺഡേ സ്റ്റാർ നടത്തി. ശാഖയിൽ തിരുബാലസഖ്യദിനം ആചരിച്ചു. അന്നേ ദിനം ഒന്നു മുതൽ നാലു വരെയുള്ള കുട്ടികളുടെ വിവിധതരത്തിലുള്ള പ്രോഗ്രാമുകൾ നടത്തി. മേഖലാതല തിരുബാലസഖ്യം മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടി.

**റിപ്പൺ:** രോഗി സന്ദർശനം നടത്തി. രണ്ടുപേർക്ക് ചികിത്സ സഹായം നൽകി. ഇടവക തിരുനാൾ ദിനങ്ങളിൽ സ്റ്റാൾ നടത്തി. വർണ്ണാഭമായ പ്രദക്ഷിണത്തിൽ പങ്കെടുത്തു. വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**നരിവാലമുണ്ട:** ഏഴാം ക്ലാസിലെ മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി. രോഗീസന്ദർശനം നടത്തി. വചനചെപ്പ് തുറക്കാം, ലക്കി സ്റ്റാർ, ബൈബിൾ സ്റ്റാർ, പ്രാർത്ഥന മഞ്ജരി എന്നീ പ്രോഗ്രാമുകൾ എല്ലാ ഞായറാഴ്ചകളിലും നടത്തി. വാഴ്ത്തപ്പെട്ട റാണി മരിയ സിസ്റ്ററുടെ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് സുകൃതജപങ്ങൾ ഉണ്ടാക്കി ഗ്രൂപ്പിൽ ഷെയർ ചെയ്ത് കുട്ടികളോട് ചൊല്ലാൻ നിർദ്ദേശം നൽകി.ദൈവവിളി ദിനത്തിൽ കുട്ടികൾക്കായി ദൈവവിളി ക്ലാസ് സംഘടിപ്പിച്ചു.എല്ലാ ദിവസവും പള്ളിയിൽ വന്ന അൾത്താര ബാലിക ബാലന്മാർക്ക് സമ്മാനം നൽകി.

**കൊട്ടിയൂർ:** ഇടവകയിലെ 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി.മാനന്തവാടി രൂപത തിരുബാലസഖ്യ കലോത്സവത്തിൽ കൊട്ടിയൂർ ശാഖ രണ്ടാം സ്ഥാനം കരസ്ഥമാക്കി. തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് തിരുബാലസഖ്യ കുട്ടികളുടെ കലാപരിപാടികളും, സമ്മാന വിതരണവും നടത്തി.

കർമ്മപഥങ്ങൾ പ്രേഷിത വീര്യത്താൽ നിറച്ച്, വീണ്ടും ചെമ്മഞ്ഞകൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

സ്നേഹപൂർവ്വം,

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**

സി. എം. എൽ രൂപതാ സെക്രട്ടറി

**പെനുവേൽ - അടക്കാത്തോട്**

2023 ഫെബ്രുവരി 21 ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ അടക്കാത്തോട് സെന്റ്. ജോസഫ് സ്കൂളിൽ വച്ച് പത്താം ക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടി പരീക്ഷാ ഒരുക്ക ഏകദിനം ധ്യാനം - പെനുവേൽ സംഘടിപ്പിച്ചു. 65 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ഇതിനു നേതൃത്വം നൽകിയത് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ആനിമേറ്റേഴ്സ് ആയ സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവരാണ്. സി. ഡീന റോസ്, സി. ലില്ലി, സി. സെറിൻ, സി. കൊച്ചുറാണി, സി. ലിൻഡ, സി. റോസിൻ മരിയ, സി. ജയ തുടങ്ങിയ സി.എം.സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് വ്യക്തിപരമായ പങ്കുവെക്കലിന് അവസരം നൽകി. പരീക്ഷാ ഒരുക്ക ഏകദിന പരിപാടി സംഘടിപ്പിച്ച സെന്റ് ജോസഫ് അടയ്ക്കാത്തോട് സ്കൂൾ ഹെഡ്മാസ്റ്റർ ജോൺസൺ സാറിനും, ക്ലാസ് ടീച്ചർ വടക്കേക്കര ജോൺസൺ സാറിനും ഹൃദ്യമായ നന്ദി.

**പെനുവേൽ - ബത്തേരി**

2023 മാർച്ച് അഞ്ചാം തിയതി ഞായറാഴ്ച രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് 01.15 വരെയുള്ള സമയം ബത്തേരി അസംപ്ഷൻ ഫൊറോന ദേവാലയത്തിൽ വച്ച് നാലാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷാ ഒരുക്ക ധ്യാനം പെനുവേൽ സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി, സി. എമിലിയാ സി.എം.സി എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. പെനുവേൽ സംഘടിപ്പിക്കുവാൻ സഹായിച്ച അസംപ്ഷൻ ഫൊറോന വികാരി റവ. ഫാ. ജോസഫ് പരുമ്മേലിനും, അസി. വികാരിമാർ ഫാ. അജിൻ ചക്കാലക്കൽ, ഫാ. തോമസ് ഞള്ളംമ്പുഴ എന്നിവർക്കും സഹായിച്ച മറ്റ് വൈദികർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**അനുദിന പരിശീലനം:**

പരീക്ഷാക്കാലത്ത് കൂടുതൽ സജീവമായി പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഹായകമാകത്തക്ക വിധം അനുദിവും രാവിലെ 5.30 ന് ഗൂഗിൾ മീറ്റ് വഴി ലൈഫ് വദ്യാർത്ഥികൾ ഒന്നിച്ചു കൂടുന്നു. ലൈഫ് 2019 ബാച്ചിലെ ജോയൽ അമരക്കുനി ഇതിന്റെ ഉത്തരവാദിത്വം വഹിക്കുന്നു. യൂത്ത് മിനിസ്ട്രി ടീംഅംഗങ്ങളുടെ നേതൃത്വത്തിൽ അനുദിനവും നടക്കുന്ന ഗൂഗിൾമീറ്റ് വിദ്യാർത്ഥി കൾക്ക് അവരുടെ ജീവിത ക്രമീകരണത്തിന് ഏറെ സഹായകര മാകുന്നു.

**നോമ്പാചരണം**

വലിയ നോമ്പാചരണത്തിന്റെ ഭാഗമായി ലൈഫ് ട്രെയി നിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 'കാൽവരി' എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസും, 'ക്രൂശിതൻ' എന്ന പേരിൽ അനു ദിന നോമ്പ് പോസ്റ്ററും തയ്യാറാക്കി സോഷ്യൽ മീഡിയ വഴി വിദ്യാർത്ഥികളിൽ എത്തിക്കുന്നു. ഇത് നോമ്പിന്റെ ചൈതന്യം സ്വന്തമാക്കുവാൻ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും സഹാ യകമാകുന്നു.

**ദൈവ കരുണയുടെ വഴിയെ**

2023 ഏപ്രിൽ പതിനാറാം തീയതി ദൈവകരുണയുടെ തിരുനാളിനോടനുബന്ധിച്ച് ഇതിന് ഒരുക്കമായി 33 ദിനങ്ങൾ കരു ണയുടെ നൊവേന ചൊല്ലി ഒരുങ്ങുന്നതിനായി 'ദൈവ കരുണ യുടെ വഴിയെ' എന്ന പോസ്റ്റർ സാമൂഹ്യ മാധ്യമങ്ങൾ വഴി നൽ കുന്നു. ഇത് അനേകർക്ക് ദൈവ കരുണ സ്വന്തമാക്കുന്നതി നുള്ള വഴിയാകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം നൽകുന്നു.

**വിശുദ്ധ യൗസേപ്പ്**

മാർച്ച് മാസം വിശുദ്ധ യൗസേപ്പിതാവിന്റെ മാസമായി ആച രിക്കുമ്പോൾ പിതാവിനോടുള്ള സ്നേഹവും, ആദരവും പ്രകട മാക്കിക്കൊണ്ട് വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസം പോസ്റ്റർ രൂപത്തിൽ തയ്യാറാക്കി നൽകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ തേൃത്വത്തിൽ ചെയ്യുന്ന ഈ പോസ്റ്റർ യുവ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഈ ഭക്തിയിൽ വളരുന്നതിന് പ്രചോദനമേകുന്നു.

**ലൈഫ് ട്രെയിനിങ് എൻട്രൻസ് പരീക്ഷ**

മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ്ഓഫ് യൂത്ത് മിനിസ്ട്രി യുടെ നേതൃത്വത്തിൽ പി. എസ്.സി മുതൽ സിവിൽ സർവീസ് വരെ ആഭിമുഖ്യമുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടിയായ ലൈഫ് ട്രെയിനിങ്ങിന്റെ പുതിയബാച്ചു കൾ ആരംഭിക്കുന്നു. മാനന്തവാടി രൂപതയിലെ ആറാം ക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള നൂതന വിദ്യാഭ്യാസ സംരംഭമാണ് ഇത്. കോവിഡിന്റെ പശ്ചാത്തല ത്തിൽ ഈ വർഷം 7, 8 ക്ലാസ്സുകൾ കൂടി പ്രവേശനപരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ഒന്നാംഘട്ട ലൈഫ് ട്രെയിനിങ്പ രീക്ഷ 2023 ഏപ്രിൽ 2 ഞായറാഴ്ച മൂന്നുമണി മുതൽ നാലു മണിവരെ ഓൺലൈൻ ആയി നടത്തുന്നതായിരിക്കും. ഒന്നാം ഘട്ട പരീക്ഷയുടെ സിലബസ് സ്കൂൾതലത്തിലുള്ള അതാതു ക്ലാസിലെ പാഠഭാഗത്തു നിന്നു ആയിരിക്കും. ലൈഫ് ട്രെയിനി ങ്ങിൽ ചേരാൻ ആഗ്രഹിക്കുന്ന ആറ്, ഏഴ്, എട്ട്, ക്ലാസിലെ വിദ്യാർ ത്ഥികൾ താഴെക്കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധ പ്പെടുക. (9495065656, 9446162425, 8304844917).

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

## RISE 2023 പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും

കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും 'RISE' 2023 നടവയൽ മേഖലയുടെ ആതിഥേയത്വത്തിൽ പനമരം സെന്റ് ജൂഡ്സ് ദേവാലയത്തിൽ വെച്ച് 2023 മാർച്ച് 5 ന് നടത്തപ്പെട്ടു. 13 മേഖലകളിൽ നിന്നായി 300 ലധികം യുവജനങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ആമുഖ പ്രഭാഷണം നടത്തി. **Let's Walk With Jesus -** സഹയാത്ര ക്രസ്തുവിനൊപ്പം എന്ന പ്രവർത്തന വർഷ മുദ്രാവാക്യത്തിലൂന്നി ആരംഭിക്കുന്ന 2023 പ്രവർത്തന വർഷ ഉദ്ഘാടനം പ്രമുഖ മാധ്യമ പ്രവർത്തകൻ ശ്രീ. വിനോദ് കെ ജോസ് നിർവഹിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ കർമ്മപദ്ധതിയുടെ ആദ്യ പകർപ്പ് രൂപത വൈ. പ്രസിഡന്റ് കുമാരി. മെലിൻ ആന്റണി പുളിക്കിയിലിന് നൽകി പ്രകാശനം ചെയ്യുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. കെ. സി. വൈ. എം സംസ്ഥാന പ്രസിഡന്റ് കുമാരി. ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, COFFY 2.O യുടെയും, SMYM ഗ്ലോബൽ കൗൺസിലറും പനമരം യൂണിറ്റ് പ്രസിഡന്റുമായ കുമാരി ടെസിൻ തോമസ് വയലിൽ അംഗത്വ ക്യാമ്പയിന്റെയും, കെ.സി.വൈ.എം നടവയൽ മേഖലാ പ്രസിഡന്റ് ശ്രീ.നിഖിൽ ചൂടിയാങ്കൽ SPERANZA കേശദാന ക്യാമ്പയിന്റെയും ഉദ്ഘാടനം നിർവഹിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത ആനിമേറ്റർ സ്ഥാനത്തു നിന്നു മാറുന്ന സി. സാലി ആൻസ് സി.എം. സിക്ക് യാത്രയയപ്പും സി. ബെൻസി ജോസ് S.H നു സ്വീകരണവും നൽകി. വിവിധ മേഖലകളിലെ കരുത്തരായ യുവജനങ്ങൾ അണിയിച്ചൊരുക്കിയ മനോഹരമായ കലാവിരുന്നായിരുന്നു RISEന്റെ മുഖ്യ ആകർഷണം. രൂപതാ വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുലിക്കിയിൽ, രൂപതാ ജനറൽ സെക്രട്ടറി അഭിനന്ദ് ജോർജ്

കൊച്ചുമലയിൽ, സെക്രട്ടറിമാരായ ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, ടിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ബിബിൻ ജോസ് പിലാപ്പിള്ളിൽ, കോർഡിനേറ്റർ അഖിൽ വാഴച്ചാലിൽ, ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി ആൻസ് സി.എം.സി, സംസ്ഥാന സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ, നടവയൽ മേഖലാ ഭാരവാഹികൾ, പനമരം യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. രൂപത സമിതിയോട് ചേർന്ന് നിന്നുകൊണ്ട് അക്ഷീണം പ്രയത്നിച്ച നടവയൽ മേഖലയുടെ പ്രസിഡന്റ് നിഖിൽ ചൂടിയാങ്കിലിന്റെയും വൈസ് പ്രസിഡന്റ് ജോസ്ന പുലവേലിന്റെയും നേതൃത്ത്വത്തിലുള്ള സെക്രട്ടറിയേറ്റ് സമിതിയെയും, മേഖല ഡയറക്ടർ റവ. ഫാ. സോണി വടയാപറമ്പിലിനെയും നടവയൽ മേഖല സിൻഡിക്കേറ്റ് അംഗങ്ങളെയും, പനമരം യൂണിറ്റ് പ്രസിഡൻറ് ടെസിൻ വയലിനും, വൈസ് പ്രസിഡന്റ് മേജസ് എന്നിവർക്കും എല്ലാ മേഖല ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും കലാവിരുന്നുകൾ അവതരിപ്പിക്കുകയും വന്നു സഹകരിക്കുകയും ചെയ്ത എല്ലാ യുവജനങ്ങൾക്കും ഹൃദയപൂർവ്വം നന്ദി.

**കുരിശിനെ അവഹേളിക്കുന്നവർ ഭരണഘടനയുടെ ലംഘകരാണ് – കെ.സി.വൈ.എം മാനന്തവാടി രൂപത**

ക്രിസ്ത്യാനികൾ ഏറെ പവിത്രവും വിശുദ്ധവുമായി കാണുന്ന രക്ഷയുടെ പ്രതീകമാണ് കുരിശ്. അത് കേവലമൊരു ചിഹ്നമല്ല. ആർക്കും എവിടെയും വരച്ചു വെക്കാവുന്ന ഒരു വസ്തുവുമല്ല. ഈ കുരിശിനെ അവഹേളിക്കുന്ന, ക്രിസ്ത്യാനികളുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന പ്രവർത്തനമാണ് തലശ്ശേരി ബ്രണ്ണൻ കോളേജിലെ എസ്.എഫ്.ഐ വിപ്ലവകാരികൾ ചെയ്തിരിക്കുന്നത്. ഇത് വിപ്ലവമല്ല ഭരണഘടനാ ലംഘനമാണ്. ജനാധിപത്യ ഇന്ത്യയുടെ മഹത്തായ ഭരണഘടന വിഭാവനം ചെയ്ത മതേതരത്വ രാജ്യം എന്ന കാഴ്ചപ്പാടിന് ഭംഗം വരുത്തുന്ന പ്രവർത്തിയാണ് ഇവർ ചെയ്യുന്നത്. ഈ രാജ്യത്ത് ഒരു മത ചിഹ്നങ്ങളെയും അവഹേളിക്കുവാനോ ദുരുപയോഗം ചെയ്യുവാനോ അവകാശമില്ല. ആയതിനാൽ കെ. സി. വൈ. എം ശക്തമായി പ്രതിഷേധിക്കുന്നു. കുരിശിനെ അവഹേളിച്ച് തയ്യാറാക്കിയ പോസ്റ്ററുകൾ SFI നീക്കം ചെയ്തേ മതിയാകൂ എന്ന് കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതി ആവശ്യപ്പെട്ടു.

**കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ**

അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്കു ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു.(എഫേ. 1:7) ഫെബ്രുവരി 22 മുതൽ ഫെബ്രുവരി 26വരെ ദ്വാരക സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന കൃപാഭിഷേകം ബൈബിൾ കൺവെൻഷനിൽ യുവജനങ്ങളുടെ നിസീമമായ സാന്നിധ്യവും സഹകരണം ഉണ്ടായിരുന്നു. Parking and Transportation ന്റെ ഉത്തരവാദിത്വം വളരെ ഭംഗിയായി നിർവ്വഹിച്ചു. എല്ലാ യുവജനങ്ങളും ധ്യാനത്തിൽ പങ്കെടുക്കുകയും പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

## SPERANZA HAIR DONATION CAMPAIGN

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തന വർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് കേശദാന ക്യാമ്പയിന് തുടക്കം കുറിച്ചിരുന്നു. നമുക്ക് ചുറ്റും ക്യാൻസർ രോഗത്തിന്റെ തീവ്രതയാൽ മുടി നഷ്ടപ്പെട്ടവർക്ക് താങ്ങാവുക എന്ന ലക്ഷ്യത്തോടെ HAIR DONATION CAMPAIGN എല്ലാ യൂണിറ്റുകളിലും യൂണിറ്റ് സമിതിയുടെ നേതൃത്വത്തിൽ ഈ പ്രവർത്തനം നടത്തണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ നമുക്കും ക്രിസ്തുവിനൊപ്പം സഹയാത്രികരാകാം.

**അഭിനന്ദനങ്ങൾ**

1) മികവാർന്ന പ്രവർത്തനങ്ങളിലൂടെ വയനാടിന്റെ യശസ്സുയർത്തിയ സംസ്ഥാനത്തെ മികച്ച കലക്ടർക്കുള്ള പുരസ്കാരം നേടിയ വയനാട് ജില്ലാ കലക്ടർ എ. ഗീത ഐ.എ.എസിനും, മികച്ച സബ് കളക്ടർക്കുള്ള പുരസ്കാരം നേടിയ ആർ. ശ്രീലക്ഷ്മി ഐ.എ. എസിനും കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ അറിയിച്ചു.

2) എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന എല്ലാ കൂട്ടുകാർക്കും വിജയാശംസകൾ നേർന്നു.

**നന്ദിയോടെ**

യുവജന പ്രസ്ഥാനത്തോടൊപ്പം കഴിഞ്ഞ നാലു വർഷക്കാലം കൂടെയായിരുന്ന് മാതൃവാൽസല്യം നൽകി, അമ്മയുടെ കരുതലായി മാറിയ ഞങ്ങളുടെ പ്രിയപ്പെട്ട സി. സാലി ആൻസ് സി.എം.സിക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ സ്നേഹ നിർഭരമായ യാത്ര മംഗളങ്ങൾ നേർന്നു.

**സ്വാഗതം**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നിയുക്ത ആനിമേറ്റർ സി. ബെൻസി ജോസ് എസ്. എച്ച് ന് കെ.സി.വൈ.എം മാനന്തവാടി രൂപതാ കുടുംബത്തിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്തു.

**അന്താരാഷ്ട്ര വനിതാ ദിനം**

കത്തിയെരിയുന്ന സൂര്യനെപ്പോലെ, സമഭാവനയിലും ഐക്യത്തിലും സമൂഹത്തിൽ പരിഗണിക്കപ്പെടാനും, അവളുടെ സ്വപ്നങ്ങൾക്ക് കരുത്തുപകരാനും കഴിയട്ടെ എന്ന ആശംസയോടെ 2023 മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് എല്ലാ വനിതകൾക്കും വനിതാ ദിനത്തിന്റെ ആശംസകൾ കെ.സി.വൈ.എം മാനന്തവാടി രൂപത അറിയിച്ചു.

**ആശംസകൾ**

മാനന്തവാടി രൂപതയുടെ വലിയ ഇടയനും, കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ രക്ഷാധികാരിയുമായ ഞങ്ങളുടെ പ്രിയപ്പെട്ട ജോസ് പൊരുന്നേടം പിതാവിന് ജന്മദിനത്തിന്റെയും ഫീസ്റ്റിന്റെയും പ്രർത്ഥനാപൂർവ്വമായ മംഗളാശംസകൾ കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതി അറിയിച്ചു.

**പഠന ശിബിരം**

വനം-വന്യജീവി-പരിസ്ഥിതി നിയമങ്ങളും ജന ജീവിതവും എന്ന വിഷയത്തിൽ മാനന്തവാടി രൂപതാ സംഘടിപ്പിച്ച പഠന ശിബിരത്തിൽ രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങളും സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളും പങ്കെടുത്തു.

**വെബിനാർ**

കെ.സി.ബി.സി ജാഗ്രത കമ്മീഷന്റെ നേതൃത്വത്തിൽ LGBTQ+ സഭയുടെ നിലപാടുകൾ എന്ന വിഷയത്തിൽ നടത്തപ്പെട്ട വെബിനാറിൽ രൂപതയിൽനിന്നും സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങളും സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളും മേഖലയിൽനിന്ന് യുവജനങ്ങളും പങ്കെടുത്തു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖല പ്രവർത്തനവർഷ ഉദ്ഘാടനം 2023 ഫെബ്രുവരി 12 ന് മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് നടത്തപ്പെട്ടു. KCYM പ്രസ്ഥാനത്തിന്റെ മുൻ നേതാവ് ബഹു. സെബാസ്റ്റ്യൻ പാലംപറമ്പിൽ ഉദ്ഘാടനവും, ടൗൺ ചർച്ച് വികാരി ഫാ. ജിമ്മി മൂലയിൽ അനുഗ്രഹപ്രഭാഷണവും നടത്തി. 2023 വർഷത്തിലെ പ്രവർത്തന മാർഗ്ഗരേഖ 'ദിശ 2023' മേഖല മീഡിയ കോർഡിനേറ്റർ ശ്രീ. ജോബിഷ്

ജോസ് മേഖല വൈസ് പ്രസിഡന്റ് ജിജിന കറുത്തേടത്തിന് നൽകി പ്രകാശനം ചെയ്തു. KCYM മുതിരേരി യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട രക്തദാനക്യാമ്പിൽ സെക്രട്ടറിയേറ്റ് അംഗങ്ങളായ ലിബിൻ ഇടശ്ശേരി, അഷ്ജാൻ സണ്ണി കൊച്ചുപാറയ്ക്കൽ, എബിൻ മൂഴിയാങ്കൽ എന്നിവർ സന്ദർശനം നടത്തുകയും പങ്കാളിത്തം അറിയിക്കുകയും ചെയ്തു. KCYM സംസ്ഥാനസമിതി ഉപാധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി ഗ്രാൻലിയ അന്ന അലക്സിന് അഭിനന്ദനങ്ങളറിയിച്ചു. പനമരം സെന്റ് ജൂഡ്സ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ പ്രവർത്തനവർഷ ഉദ്ഘാടന കർമ്മത്തിലും കർമ്മപദ്ധതി പ്രകാശനം ചെയ്യുന്ന ചടങ്ങിലും മേഖല ഭാരവാഹികളും യുവജനങ്ങളും പങ്കാളികളായി. മേഖലയിൽ നിന്ന് കലാപരിപാടികളും അവതരിപ്പിച്ചു. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കേശദാനം പരിപാടി നടത്തി. വിവിധ യൂണിറ്റുകളിൽ നിന്നുമുള്ള യുവതികൾ ക്യാൻസർ രോഗികൾക്കുവേണ്ടി മുടി ദാനം ചെയ്തു.

**മണിമൂളി മേഖല**

മണിമൂളി മേഖല പ്രവർത്തനവർഷ ഉദ്ഘാടനത്തിന് മുന്നോടിയായി മേഖല സമിതിയുടെ ആഭിമുഖ്യത്തിൽ നിലമ്പൂർ ബ്ലഡ് ബാങ്ക്, മലപ്പുറം BDK എന്നിവരുമായി സഹകരിച്ച് ഫെബ്രുവരി 25 ശനിയാഴ്ച രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. മണിമൂളി - നിലമ്പൂർ മേഖലകളിൽ നിന്നായി 22 -ഓളം യുവജനങ്ങൾ രക്തദാനത്തിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി മേഖല**

ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിനെ അവഹേളിക്കുകയും എണ്ണയൊഴിച്ച് കത്തിക്കുകയും അത് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുകയും ചെയ്ത സംഭവം തീവ്രവാദ ചിന്താഗതികളോടെ കേരളത്തിന്റെ മതേതര ഐക്യത്തെ തകർക്കുന്ന പ്രവർത്തനങ്ങളാണെന്ന് മുള്ളൻകൊല്ലി മേഖല ശക്തമായി അപലപിച്ചു. യുവജനങ്ങൾക്ക് കരുത്തായി മാതൃവാത്സല്യത്തോടെ യുവജനങ്ങൾക്ക് ഒപ്പം ആയിരിക്കുന്ന പ്രിയപ്പെട്ട ആനിമേറ്റേഴ്സിന് സമർപ്പിത ദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേർന്നു. സംസ്ഥാനത്ത് പാവപ്പെട്ട ജനങ്ങളുടെ മേൽ നികുതി ചുമത്തി കഷ്ടപ്പെടുത്തുന്ന നികുതി ഭീകരതക്കെതിരെ മുള്ളൻകൊല്ലി മേഖല പ്രതിഷേധിച്ചു. മേഖലാ പ്രസിഡന്റ് ജോസഫ് ജോർജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ സാന്റോ അമ്പലത്തറ,

വൈസ് പ്രസിഡന്റ് നന്ദന കണിയാമറ്റത്തിൽ, സെക്രട്ടറി ടീന മലയത്തടത്തിൽ എന്നിവർ പ്രസംഗിച്ചു. കെ. സി. ബി. സി ജാഗ്രത കമ്മീഷന്റെ നേതൃത്വത്തിൽ "LGBTQ+ സഭയുടെ നിലപാടുകൾ എന്ന വിഷയത്തിൽ നടത്തപ്പെട്ട വെബിനാറിൽ മേഖലയിൽനിന്ന് യുവജനങ്ങൾ പങ്കെടുത്തു. ലോക റേഡിയോ ദിനത്തിൽ സമകാലിക ജീവിതത്തിൽ റേഡിയോയുടെ പ്രാധാന്യത്തെക്കുറിച്ച് സന്ദേശം പങ്കുവെച്ചു. തെക്കൻ തുർക്കിയിലെയും വടക്കൻ സിറിയയിലെയും അതിതീവ്ര ഭൂകമ്പത്തിൽ മരണമടഞ്ഞവരുടെ വേർപാടിൽ മുള്ളൻകൊല്ലി മേഖല അനുശോചിച്ചു. മേഖല ജോയിൻ സെക്രട്ടറി ക്രിസ്റ്റി കാരുവള്ളിതറയ്ക്കും മേഖലാ കോഡിനേറ്റർ ലിജോ ഇലഞ്ഞിക്കും മേഖലാ സെക്രട്ടറി ടീന മലയത്തടത്തിലിനും ജന്മദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേർന്നു.

**കുറുമണി യൂണിറ്റ്**

യുവജനങ്ങൾ ഒത്തുചേർന്ന് ലോകം മുഴുവനും സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിലും പ്രതിഷേധ റാലിയിലും പങ്കെടുത്തു. ദ്വാരകയിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ യുവജനങ്ങൾ പങ്കെടുത്തു.

**പുതുശ്ശേരിക്കടവ് യുണിറ്റ്**

തരിയോട് മേഖല നടത്തിയ ബദൽ റോഡ് പ്രതിഷേധത്തിലും, മേഖലയുടെ പ്രവർത്തന വർഷ ഉദ്ഘാടനത്തിലും യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടി രൂപതയുടെ സുവർണ ജൂബിലിയോട് അനുബന്ധിച്ചുള്ള മാതാവിന്റെ തിരുസ്വരൂപ സ്വീകരണവും തുടർന്നുള്ള വി. കുർബാനയിലും സഹകരിച്ചു. മാതാവിന്റെ തിരു സ്വരൂപ പ്രയാണത്തിനുവേണ്ടി വാഹനം അലങ്കരിച്ചു. മാതാവിന്റെ തിരുസ്വരൂപം ബൈക്ക് റാലിയായ് ചെന്നലോട് ഇടവകയിൽ എത്തിക്കുന്നതിലും യുവജനങ്ങൾ നേതൃത്വം നല്കി. വി. കുരിശിനെ അപമാനിച്ച എസ്. എഫ്. ഐ നടപടിക്കെതിരെ പ്രതിഷേധിച്ചു. കൽപ്പറ്റ സ്നേഹസദനിൽ ഒരു നേരത്തെ ഭക്ഷണവും 5000 രൂപയും കൊടുക്കുകയും കുറച്ചു സമയം അവരോടൊപ്പം ചിലവഴിക്കുകയും ചെയ്തു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

മാർച്ച് 11 മുതൽ 14 വരെയുള്ള തിയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 85 പേർ പങ്കെടുത്തു. ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 15,16,17,18 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

ഫെബ്രുവരി 22 – ന് ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് നടന്ന 'വനം – വന്യജീവി – പരിസ്ഥിതി നിയമങ്ങളും ജനജീവിതവും' എന്ന പഠന ശിബിരം പ്രോഗ്രാമിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. വനിതാദിനത്തിൽ, മുൻ രൂപതാ പ്രസിഡണ്ടായി സേവനം ചെയ്ത പയ്യമ്പിള്ളി ഇടവകയിലെ അന്നക്കുട്ടി ഇലഞ്ഞിമറ്റത്തിൽ ടീച്ചറിന്റെ ഭവനത്തിൽ രൂപത ടീം സന്ദർശിച്ച് വനിതാദിന ആശംസകൾ കൈമാറി. അന്നേദിവസം തന്നെ മാതൃവേദിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും കൂടുതൽ പ്രായമുള്ള അമ്മയെ (യൂണിറ്റ്, മേഖല, രൂപത) ആദരിച്ചു. മാർച്ച് – 19 പിതൃദിനത്തിൽ പിതാക്കന്മാരെ ആദരിച്ചു. 'ഗോൽഗോഥാ' 2023 പുത്തൻപാന പാരായണ ഓൺലൈൻ മത്സരം യൂണിറ്റ്, മേഖല, രൂപത തലങ്ങളിൽ നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ ടീം അംഗങ്ങൾക്കും അവർക്ക് നേതൃത്വം കൊടുത്ത മേഖല, യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. പ്രോ – ലൈഫ് ദിനത്തിൽ അംഗവൈകല്യം ഉള്ള കുട്ടികളെ പരിചരിക്കുന്ന കുടുംബങ്ങൾ സന്ദർശിച്ചു. SSLC, പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്കായി പരീക്ഷയ്ക്ക് ഒരുക്ക പ്രാർത്ഥനകൾ അമ്മമാരുടെ നേതൃത്വത്തിൽ യൂണിറ്റുകളിൽ നടത്തി. ചെന്നലോട് ഇടവകയിൽ അമ്മമാർക്കായി യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെട്ടു.വികാരി റവ. ഫാ. ജോസ് മോളോപറമ്പിൽ, വി.ബലിയും തുടർന്ന്, സി.എമിലിൻ SABS (രൂപത ആനിമേറ്റർ) റീന വെള്ളിലാംതടത്തിൽ (അന്തർദേശീയ സെനറ്റ് മെമ്പർ) എന്നിവർ ക്ലാസുകൾ നയിച്ചു. സെമിനാറിൽ 260 – തോളം അമ്മമാർ

പങ്കെടുത്തു. സ്ത്രീത്വത്തെ അപമാനിക്കുന്ന കക്കുകളി നാടകത്തിനെതിരെ രൂപതാ മാതൃവേദി അംഗങ്ങൾ പ്രതിഷേധം അറിയിച്ചു. ഇനിയും മാതൃവേദി പ്രാർത്ഥന ആരംഭിക്കാത്ത യൂണിറ്റുകളിൽ (ഞായറാഴ്ച) പ്രാർത്ഥന ആരംഭിക്കണമെന്ന് ഓർമിപ്പിക്കുന്നു. വലിയ നോമ്പ് ആചരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ വി. ബലി, കുരിശിന്റെ വഴി എന്നിവ നടത്തപ്പെട്ടു. ക്രമീകരണങ്ങൾ നടത്തിയ മേഖല ഡയറക്ടേഴ്സ് അച്ചന്മാർക്കും, ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും, മേഖല,യൂണിറ്റ് നേതൃത്വത്തിനും അഭിനന്ദനങ്ങൾ. കല്ലോടി മേഖല ചെയിൻ റോസറി നടത്തി. (കൗദാശിക ജീവിതത്തിൽ നിന്നും അകന്നു നിൽക്കുന്നവർക്കായി) വി. യൗസേപ്പ് പിതാവിന്റെ വണക്കമാസാചരണവും നടത്തപ്പെട്ടു.

**നന്ദി – സ്വാഗതം**

KCYM ന്റെ പുതിയ രൂപതാ ആനിമേറ്റർ ആയി ഉത്തരവാദിത്വമേറ്റെടുക്കുന്ന കല്പറ്റ മേഖല ആനിമേറ്റർ സി. ബെൻസി എസ്. എച്ച് ന് നന്ദിയും ആശംസയും. കല്പറ്റ മേഖല ആനിമേറ്റർ ആയി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന സി.ജാൻസി പോൾ എസ്.എച്ച് ന് സ്വാഗതം. ഈസ്റ്റർ ദിനത്തിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.16 അംഗങ്ങൾ പങ്കെടുത്തു. ഉച്ചയ്ക്ക് ശേഷം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഏകസ്ഥ കൂട്ടായ്മ അംഗങ്ങളെ സന്ദർശിച്ച് ആശീർവാദം നൽകുകയും ഉയിർപ്പു തിരുനാൾ മംഗളങ്ങൾ നേരുകയും ചെയ്തു. ഏകസ്ഥ കൂട്ടായ്മ അംഗങ്ങൾ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**മേഖലാ വാർത്തകൾ**

**പയ്യമ്പള്ളി**

'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' എന്ന വിഷയത്തിൽ ഓരോ യൂണിറ്റിൽ നിന്നും ആശയങ്ങൾ സമാഹരിച്ച് രൂപതയ്ക്ക് നൽകി. വനിതാ ദിനത്തോടനുബന്ധിച്ച് ഓരോ യൂണിറ്റിലും മാതൃവേദിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രായമായ അമ്മയെ ആദരിച്ചു.

**തരിയോട്**

മേഖലാ എക്സിക്യൂട്ടീവ് നടത്തി. മാർഗരേഖ പ്രകാശനം നടത്തി. മേഖല ആനിമേറ്റേഴ്സ് സംഗമം സെന്റ് ആന്റണീസ് ചർച്ച് കോട്ടത്തറയിൽ വച്ച് നടത്തി. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ എന്ന വിഷയത്തെ ആസ്പദമാക്കി ആശയ സമാഹരണ മത്സരം നടത്തി.

**ശാഖാ വാർത്തകൾ**

**പാലാങ്കര**

ഇടവക വാർഷിക ധ്യാനത്തിനു ഒരുക്കമായി എല്ലാ ഭവനങ്ങളിലും വചന പ്രതിഷ്ഠ നടത്തി. ധ്യാന വിജയത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വിവിധ നിയോഗങ്ങൾക്കായി ആരാധന നടത്തി. ചോക്കാട് ശാന്തി ഭവൻ സന്ദർശിച്ചു, 5000/- രൂപ സംഭാവന നൽകി.

**തവിഞ്ഞാൽ**

യൂണിറ്റ് എക്സിക്യൂട്ടീവ് കൂടി. കണിയാരത്ത് വച്ച് നടന്ന ആനിമേറ്റേഴ്സ്, പ്രസിഡണ്ട്, സെക്രട്ടറിമാരുടെ സംഗമത്തിൽ പങ്കെടുത്തു. നോമ്പിന് ഒരുക്കമായി എല്ലാ കുടുംബങ്ങളിലും കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ' പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' ആശയസമാഹരണം മേഖലയ്ക്ക് അയച്ചു. കൃപാഭിഷേക ധ്യാനത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**മൺവയൽ**

കുടുംബ യൂണിറ്റ് പ്രാർത്ഥന നടത്തി. വിഭൂതി തിരുനാൾ ആചാരിച്ചു. കുരിശിന്റെ വഴിയിൽ സംബന്ധിച്ചു. ആരാധന നടത്തി. ഞായറാഴ്ച മാതൃവേദി പ്രാർത്ഥന, രോഗീ സന്ദർശനം എന്നിവ നടത്തി.

**കബനിഗിരി**

ധ്യാനത്തിന്റെയും ഹോം മിഷന്റെയും വിജയത്തിനായി പ്രാർത്ഥിച്ചു. വിഭൂതി തിരുനാൾ ആചരിച്ചു. മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രൂപതാ കൺവെൻഷനിൽ പങ്കെടുത്തു.

**വഞ്ഞോട്**

ഇടവകയിലെ ഒരു കുടുംബത്തിന് രോഗിസഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. വചനങ്ങൾ ചൊല്ലി പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് യോഗം കൂടി.

**മഞ്ഞൂറ**

രോഗി സഹായമായി 5000/- രൂപ നൽകി. കുരിശിന്റെ വഴി നടത്തി. വിവാഹ വാർഷികം ആഘോഷിക്കുന്ന ദമ്പതിമാരെ ആദരിച്ചു. ഭവന സന്ദർശനം നടത്തി.

**പോരൂർ**

കണിയാരത്ത് വെച്ച് നടന്ന ആനിമേറ്റേഴ്സ്, പ്രസിഡന്റ്, സെക്രട്ടറിമാരുടെ സംഗമത്തിൽ പങ്കെടുത്തു.എല്ലാ കുടുംബങ്ങളിലും കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ ആശയ സമാഹരണം മേഖലയ്ക്ക് അയച്ചു.യൂണിറ്റ് എക്സിക്യൂട്ടീവ് നടത്തി. കൃപാഭിഷേക ധ്യാനത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ രോഗി സന്ദർശനം നടത്തി.

**യവനാർകുളം**

പള്ളിപ്പെരുന്നാളിനോടനുബന്ധിച്ചുള്ള ക്ലീനിങ്ങിൽ പങ്കെടുത്തു. കണിയാരത്ത് വെച്ച് നടന്ന മീറ്റിങ്ങിലും മാർഗ്ഗരേഖ പ്രകാശനത്തിലും പ്രസിഡണ്ടും സെക്രട്ടറിയും ആനിമേറ്ററും പങ്കെടുത്തു. കൃപാഭിഷേക കൺവെൻഷനിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**ആടിക്കൊല്ലി**

ശാഖ എക്സിക്യൂട്ടീവ് കൂടി. ലൂർദ് മാതാവിന്റെ തിരുനാൾ ആചരിച്ചു. മരക്കടവ് വൃദ്ധസദനം സന്ദർശിച്ച്, ഉച്ചഭക്ഷണം ഒരുക്കി, അമ്മമാരോടൊപ്പം ചിലവഴിച്ചു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു.

**സീതാമൗണ്ട്**

മേഖലാ ജനറൽ ബോഡി സീതാമൗണ്ട് യൂണിറ്റിൽ വച്ച് നടത്തി. ലോഗോസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ യൂണിറ്റിലെ അമ്മമാരെ മെമന്റോ നൽകി ആദരിച്ചു. പള്ളി പറമ്പിൽ നട്ട കപ്പ വിറ്റ് 5000/- രൂപ ലഭിച്ചു. രൂപത ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. ഇടവകാ തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം വിൽപ്പന നടത്തി ഫണ്ട് സമ്പാദിച്ചു.

**വൈത്തിരി**

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ആചരിച്ചു. കുരിശിന്റെ വഴിയിൽ സംബന്ധിച്ചു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ എന്ന വിഷയത്തിൽ ഉപന്ന്യാസ മത്സരം നടത്തി. വൈത്തിരി

താലൂക്ക് ആശുപത്രിയിൽ ഭക്ഷണം നൽകി. രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

**റൂബി നഗർ**

യൂദാ ശ്ലീഹായുടെ തിരുനാൾ ആചരിച്ചു. മെഗാ മാർഗ്ഗം കളി നടത്തി. പാലിയേറ്റീവിൽ വോളണ്ടിയർ സേവനം ചെയ്തു.

**പനംഞ്ചിറ**

രോഗീ സന്ദർശനം നടത്തി. ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവർക്ക് ആഹാരം നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**മാനന്തവാടി**

വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കണിയാരത്ത് നടന്ന മാർഗ്ഗരേഖ പ്രകാശനത്തിന് ഭാരവാഹികൾ പങ്കെടുത്തു. 'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' ആശയ സമാഹാരം മേഖലക്ക് അയച്ചു കൊടുത്തു. രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

**അപ്പപ്പാറ**

'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' എന്ന വിഷയത്തിൽ നിന്നും ആശയങ്ങൾ സമാഹരിച്ച് മേഖലയ്ക്ക് നൽകി. വനിതാ ദിനത്തിൽ ഏറ്റവും പ്രായമായ അമ്മയെ ഇടവക തലത്തിൽ ആദരിച്ചു. ഗ്രോട്ടോയിൽ വിവിധ നിയോഗങ്ങൾക്കായി കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു.

**ചിത്രഗിരി**

പഴൂർ സെന്റ് മാത്യൂസ് അഗതി മന്ദിരം സന്ദർശിച്ചു. ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തു. സാമ്പത്തിക സഹായം നൽകി. രോഗിസന്ദർശനം നടത്തി. ജനറൽ ബോഡി മീറ്റിംഗ് നടത്തി.

**പ്രശാന്തഗിരി**

കണിയാരത്ത് നടന്ന മാർഗ്ഗരേഖ പ്രകാശനത്തിന് ഭാരവാഹികൾ പങ്കെടുത്തു.രോഗി സന്ദർശനം നടത്തി. രോഗി സഹായം നൽകി. എക്സിക്യൂട്ടീവ് പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ ആശയ സമാഹരണത്തിൽ പങ്കെടുത്തു. രൂപത ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

**കരിമ്പിൽ**

വിഭൂതി തിരുനാൾ ആചരിച്ചു. കുരിശിന്റെ വഴി പ്രാർത്ഥനകളിലും പങ്കെടുക്കുന്നു. ഇടവക ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ സഹകരിച്ചു. പള്ളിയും പരിസരവും വൃത്തി

യാക്കി. പുനരുദ്ധരിച്ച ദേവാലയ വെഞ്ചരിപ്പ് കർമ്മങ്ങളിലും ദിവ്യ ബലിയിലും പങ്കെടുത്തു. വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. രൂപതാ കൺവെൻഷനിൽ പങ്കെടുത്തു.

**ഇരുളം**

ലൂർദ് മാതാവിന്റെ തിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല മീറ്റിങ്ങിൽ പങ്കെടുത്തു.ഓസാനം ഭവനിലേക്ക് ഭക്ഷണത്തിനുള്ള തുകയ്ക്ക് വേണ്ടി വീടുകൾ കയറിയിറങ്ങി സാമ്പത്തിക സഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. രോഗീദിനം ആചരിച്ചു.മേഖലയുടെ നിർദ്ദേശമനുസരിച്ചുള്ള കരുണ കൊന്തയിൽ പങ്കെടുത്തു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' – ആശയ സമാഹരണം മേഖലയ്ക്ക് കൊടുത്തു. രോഗീ സന്ദർശനം നടത്തി.

**തരിയോട്**

രോഗി സന്ദർശനം നടത്തി, വിയാനി ഭവൻ സന്ദർശനം നടത്തി. ആശയസമാഹരണത്തിൽ പങ്കെടുത്തു. കുരിശിന്റെ വഴിയിൽ പങ്കെടുത്തു. മാതാവിന്റെ തിരുസ്വരൂപ പ്രയാണം സ്വീകരണം നടത്തി.

**കരിമാനി**

മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. രോഗീദിനം, ദൈവവിളി ദിനം എന്നിവ ആചരിച്ചു. മേഖലയുടെ നിർദ്ദേശമനുസരിച്ചുള്ള കരുണ കൊന്തയിൽ പങ്കെടുത്തു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ' – ആശയസമാഹരണം മേഖലയ്ക്ക് കൊടുത്തു. രോഗീ സന്ദർശനം നടത്തി.

**ഏലപ്പീടിക**

Executive Meeting കൂടി. പള്ളിയും പരിസരവും, സിമിത്തേരി എന്നിവ വൃത്തിയാക്കി. ഒരു നിർധന കുടുംബത്തിന് സഹായം നൽകി. രോഗി സന്ദർശനം നടത്തി. കണിയാരത്തു നടന്ന മാർഗരേഖ പ്രകാശനത്തിൽ ഭാരവാഹികൾ പങ്കെടുത്തു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ– ആശയസമാഹരണം മേഖലയ്ക്ക് കൊടുത്തു.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. ആൽവിൻ അച്ചന് യാത്രയയപ്പ് നൽകി. രോഗി സന്ദർശനം നടത്തി. സ്കൂൾ വാർഷികത്തിന് സ്റ്റാൾ നടത്തി ഫണ്ട് ശേഖരിച്ചു. ഇടവകയിൽ പിതൃവേദി ആരംഭിച്ചു.

**വലിയകൊല്ലി**

കണിയാരത്തു നടന്ന മാർഗരേഖ പ്രകാശനത്തിൽ പങ്കെടുത്തു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ - ആശയസമാഹരണം മേഖലയ്ക്ക് കൊടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**വാളാട്**

സെമിനാർ നടത്തി. പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. കണിയാരത്ത് വെച്ച് നടന്ന മാതൃവേദി മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ദ്വാരകയിൽ വച്ച് നടന്ന കൃപാഭിഷേക ധ്യാനത്തിൽ പങ്കെടുത്തു.

**ദ്വാരക**

ലൂർദ് മാതാവ്, വി. റാണി മരിയ എന്നിവരുടെ തിരുനാൾ ആചരിച്ചു. S. H സ്റ്റഡി ഹൗസ് സന്ദർശിച്ച് പ്രായമായ സമർപ്പിതരെ ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രൂപതാ ബൈബിൾ കൺവെൻഷനിൽ വോളണ്ടിയേഴ്സ് ആയി നിന്നു. ക്യാൻസർ ദിനത്തിൽ ക്യാൻസർ രോഗികളെ സന്ദർശിച്ചു. പ്രാർത്ഥിക്കുന്ന അമ്മ എന്ന വിഷയത്തെക്കുറിച്ച് ആശയ സമാഹരണം നടത്തി. മാനന്തവാടി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ രോഗികളെ സന്ദർശിച്ചു.

**പുതിയിടം**

മേഖലാ ജനറൽ ബോഡിയിൽ പങ്കെടുത്തു. രൂപതാബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ഫണ്ട് ശേഖരിക്കുന്നതിന്റെ ഭാഗമായി പള്ളിപ്പെരുന്നാളിന് ചെറിയ കച്ചവടങ്ങൾ നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, ആരാധന എന്നിവ നടത്തി. രോഗി സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. കുരിശിന്റെ വഴി നടത്തുന്നു. കൃപാഭിഷേക ധ്യാനത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കണിയാരം**

വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. കണിയാരത്തു വച്ചു നടന്ന മാർഗരേഖ പ്രകാശനത്തിൽ ഭാരവാഹികൾ സംബന്ധിച്ചു. 'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ ആശയങ്ങൾ

സമാഹരിച്ചു മേഖലക്ക് അയച്ചു. ഇടവക തിരുന്നാളിനും, ദിവ്യ കാരുണ്യ പ്രദക്ഷിണത്തിനും നേർച്ച ഭക്ഷണം ഒരുക്കുന്നതിനും സഹകരിച്ചു. രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

**മരകാവ്**

വിഭൂതി തിരുന്നാൾ ആചരിച്ചു. വിവാഹ ധനസഹായം നൽകി. കിടപ്പ് രോഗികളെ സന്ദർശിച്ചു.മേഖല ജനറൽ ബോഡിയിൽ പങ്കെടുത്തു. മരക്കടവ് വൃദ്ധസദൻ സന്ദർശിച്ചു. സെനറ്റ് അംഗം റീന വെള്ളിലാംതടത്തിലിനെ അനുമോദിച്ചു.

**പൂക്കോട്ടുംപാടം**

മുള്ളൻ കൊല്ലി, മാനന്തവാടി, നടവയൽ, പയ്യംപള്ളി, നില മ്പൂർ, മണിമൂളി, മേഖലകളെ സമർപ്പിച്ച് ചെയിൻ റോസറി നടത്തി. ചാവറയച്ചന്റെ തിരുനാൾ ആചരിച്ചു. വിശുദ്ധന്റെ ചരുളുകൾ പോസ്റ്റർ ചെയ്തു. ഫണ്ടു ശേഖരണാർത്ഥം സ്റ്റാൾ ഇട്ടു. രോഗീ സന്ദർശനം, ഏലിശ്വാ സന്ദർശനം എന്നിവ നടത്തി. മാതാവിന്റെ തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം നല്കി. എക്സിക്യൂട്ടീവ് കൂടി.

**നടവയൽ**

മലയോര ജനതയുടെ അതിജീവന പ്രക്ഷോഭ റാലിയിൽ പങ്കെ ടുത്തു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ, എന്ന വിഷ യത്തെ ആസ്പദമാക്കി ആശയ ശേഖരണം നടത്തി 10 പോയിന്റു കൾ മേഖലയ്ക്ക് അയച്ചു കൊടുത്തു. രൂപതാ ബൈബിൾ കൺവെൻ ഷനിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി, 1400/- രൂപ നൽകി. വിവാഹ സഹായമായി 2000/- രൂപ നൽകി.

**പുതുശ്ശേരിക്കടവ്**

രോഗി ദിനത്തിൽ കിടപ്പുരോഗികളെ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. ഫണ്ട് ശേഖരണാർത്ഥം 200 പാക്കറ്റ് ചായ പ്പൊടി വിറ്റഴിച്ചു.

**കയ്യൂന്നി**

ലോക ക്യാൻസർ ദിനം, പഞ്ചായത്ത് ദിനം, എന്നീ ദിനാചര ണങ്ങളും, ലൂർദ് മാതാവിന്റെ തിരുനാൾ, യൂണിറ്റ് തലത്തിൽ കുരിശിന്റെ വഴികളും നടത്തി. ഭവന നിർമ്മാണത്തിനായി 50,000/ രൂപ സംഭാവനയായി നൽകി. 10 കുടുംബങ്ങൾക്ക് 10,000/ രൂപ യുടെ ഭക്ഷണ കിറ്റ് നൽകി സഹായിച്ചു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചനകവചം വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗിസന്ദർശനം നടത്തി. പള്ളി ശുചീകരണം നടത്തി. ലോഗോസ് ക്വിസിൽ കൂടുതൽ മാർക്ക് നേടിയവർക്ക് സമ്മാനങ്ങൾ നൽകി. മേഖലാതല കരോൾ ഗാനം മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ പുതിയിടംകുന്ന് ശാഖയിലെ അമ്മമാർക്ക് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകി.

**വാളേരി**

കാട്ടിമൂല സ്നേഹാലയം സന്ദർശിച്ചു. ചേന വിളവെടുപ്പ് നടത്തി. ഭവന സന്ദർശനം നടത്തി. റാണി മരിയ അനുസ്മരണം നടത്തി. ദൈവവിളി പ്രോത്സാഹനത്തിന് വേണ്ടി പ്രാർത്ഥിച്ചു. കർഷകർ, സൈനികർ, നിയമപാലകർ എന്നിവർക്ക് വേണ്ടി ചെയ്ൻ റോസറി നടത്തി. വചന കവചം, സാന്താമോനിക്കാ, ചിട്ടി നറുക്കെടുപ്പ് എന്നിവ നടത്തി. ഓരോ വാർഡിൽ നിന്നും പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു.

**ബത്തേരി അസംപ്ഷൻ**

രോഗി സന്ദർശനം നടത്തി. വാഴ്ത്തപ്പെട്ട റാണി മരിയയുടെ തിരുനാൾ ആചരിച്ചു. FCC കോൺവെന്റിൽ പോയി ആരാധന നടത്തി. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ ആശയ സമാഹരണം നടത്തി. വിവിധ നിയോഗങ്ങൾക്കായി ആരാധന നടത്തി.

**കുഞ്ഞോം**

സാന്താ മോനിക്കാ മധ്യസ്ഥ പ്രാർത്ഥന നടത്തി. വചനം ചൊല്ലി പ്രാർത്ഥിക്കുന്നു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗി സന്ദർശനം നടത്തി.

**വടപുറം**

സമർപ്പിത ദിനം ആചരിച്ചു. പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ - എന്ന വിഷയത്തിൽ ആശയസമാഹരണം നടത്തി. വാ. റാണി മരിയയുടെ രക്തസാക്ഷിത്വ ദിനം അനുസ്മരിച്ചു. നിർധന രോഗിക്ക് ചികിൽസാ സഹായമായി 1500/- രൂപ നല്കി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി, കരുണക്കൊന്ത, തിരുഹൃദയ ജപമാല എന്നിവ നടത്തി. കാട്ടിക്കുളം

കരുണാഭവൻ സന്ദർശിച്ചു. പ്രായമായ മാതാപിതാക്കളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന മൂന്നു കുടുംബങ്ങൾക്ക് ഭക്ഷണസാധനങ്ങളും പണവും നൽകി സഹായിച്ചു.

**താളിപ്പാടം**

സമ്പൂർണ്ണ ബൈബിൾ വായന ആരംഭിച്ചു.മാതാവിന്റെ തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം,യാത്രയയപ്പ് എന്നിവ നല്കി.അഖണ്ഡ ജപമാല, രോഗീ സന്ദർശനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**റിപ്പൺ**

ഇടവക തിരുനാൾ ദിനത്തിൽ ഡാൻസ് അവതരിപ്പിച്ചു. പായസം, നെയ്യപ്പം, ഐസ്ക്രീം എന്നിവ വില്പന നടത്തി. നേർച്ച ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കേളകം**

രോഗീ സന്ദർശനം നടത്തി. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. മാതൃവേദിയിൽ മുടങ്ങാതെ വന്നവർക്ക് സമ്മാനം വിതരണം ചെയ്തു.

**പുൽപ്പള്ളി**

മരിയൻ ജപമാല പ്രദക്ഷിണത്തിൽ പങ്കുചേർന്നു. മരിയൻ ഭക്തി പ്രകടമാക്കുന്ന വീഡിയോ മേഖലയ്ക്ക് അയച്ചു കൊടുത്തു. മരിയൻ തീർത്ഥാടന കേന്ദ്രമായ പള്ളിക്കുന്നിൽ പോയി പ്രാർത്ഥിച്ചു. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി ഏകദിന കൺവെൻഷനുവേണ്ടി ശുശ്രൂഷകർ വെള്ളിയാഴ്ച്ച മൂന്നാം തീയ്യതി രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. സിയോൻ പൊതുസമ്മേളനം നടന്നു.

നാലാം തീയ്യതി ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ കൺവെൻഷൻ ശുശ്രൂഷകൾ ആഘോഷപൂർവ്വം നടന്നു. ബ്ര. ജോസഫ് വട്ടക്കുന്നേൽ സ്തുതിയാരാധനക്ക് നേതൃത്വം നൽകി. ഷെറിൻ മൂരികുന്നേൽ, ബെറ്റി കരിപ്പായി എന്നിവർ ജപ മാല ചൊല്ലി. ബ്ര. ജോസ് മാളോല കരുണയുടെ ജപമാല നയിച്ചു. സിയോൻ അസി. ഡയറക്ടർ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ വി. ബലിയർപ്പിച്ചു. ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും ആരാധനയും നടത്തി. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD, സി. അന്ന FCC എന്നിവർ ഗാനങ്ങളാലപിച്ചു.

മാർച്ച് 11 ന് രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ സ്പിരിചൽ ഷെയറിംങ്ങ് നടത്തി. ബ്ര. പൈലി പെലക്കുടി, ബ്ര. ജോസ് മാളോല, സി. ലില്ലി CMC, സി മരീന SH, സി. ജാൻസി SABS തുടങ്ങിയവർ നേതൃത്വം നൽകി.

മാർച്ച് 5 മുതൽ 15 വരെ സിയോൻ ടീം ഭദ്രാവതി രൂപ തയിൽ മാക്കോട്, വർക്കട്ട, ചെട്ടിക്കുടി ഇടവകകളിൽ വാർഷിക ധ്യാനം നടത്തി.

മാർച്ച് 16 വ്യാഴാഴ്ച മുതൽ 19 ഞായറാഴ്ച്ച വരെ സിയോനിൽ താമസിച്ചുള്ള ധ്യാനം നടന്നു.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറ മ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ ഞായറാഴ്ചകളിൽ ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ്) പങ്കുവെച്ചു.

മാർച്ച് 24 ന് വെള്ളിയാഴ്ച വൈകിട്ട് 7 മുതൽ 12 വരെ സിയോൻ

ചാപ്പലിൽ ജാഗരണ പ്രർത്ഥന നടത്തി. ബഹു. ഫാ. ബാബു ചക്കിയത്ത് വചനസന്ദേശം നൽകി, വി. ബലിയർപ്പിച്ചു.

മാർച്ച് 23 മുതൽ 26 വരെ കുന്നലാടി, 27 മുതൽ 30 വരെ തരിയോട് ഇടവകകളിൽ വാർഷിക ധ്യാനം നടത്തി.

NB: ഏപ്രിൽ മാസത്തെ താമസിച്ചുള്ള ധ്യാനം 26 ന് ബുധനാഴ്ച്ച വൈകിട്ട് 4 ന് ആരംഭിച്ച് 29 ന് ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 ന് സമാപിക്കും.

ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

**ഫാ. സോണി വാഴകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

നാം ഒരിക്കൽക്കൂടി യേശുവിന്റെ പീഡാനുഭവസ്മരണകൾ പുതുക്കുന്നതിലേക്ക് കടക്കുകയാണല്ലൊ. മനുഷ്യചിന്തകൾക്ക് അപ്പുറത്താണ് നമ്മുടെ രക്ഷകന്റെ പീഡാനുഭവം. മനുഷ്യകുലത്തിന് രക്ഷ കൈവരിക്കുവാനായി സ്വജീവൻ വെടിയുവാൻ യേശുവിന് മാത്രമാണ് സാധ്യമായത്. ഇത്രയേറെ ത്യാഗങ്ങളിലൂടെ യേശു കൈവരിച്ച നമ്മുടെ ജീവിതങ്ങൾ ഇപ്പോൾ ദൈവോന്മുഖമാണൊ? സ്വർഗോന്മുഖരായി ജീവിക്കേണ്ട നാം മാനുഷികമായ ചിന്തകളിലൂടെ പ്രവർത്തികളിലൂടെ ദൈവത്തിനോടൊപ്പമാണൊ, അതോ ദൈവത്തിൽനിന്നകന്നാണൊ അനുദിനയാത്ര നടത്തുന്നത്? ദൈവം സ്നേഹമാണെന്ന പരമസത്യം നമുക്കറിയാം. ദൈവാത്മാവിനാൽ പ്രചോദിതരായാണ് നാം ജീവിക്കേണ്ടത്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്നരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ് (റോമ–8.14). ഓരോ വിൻസെൻഷ്യനും ദൈവപുത്രന്മാരാകുവാനാണ് പരിശ്രമിക്കേണ്ടത്. നാം ബലഹീനരാണ്.ഈ ബലഹീനതയാണ് നമ്മെ പാപത്തിലേക്ക് നയിക്കുന്നത്. ഈ അപഥസഞ്ചാരത്തിൽനിന്നും മുക്തരാകുവാൻ ദൈവകൃപയാണ് നമുക്കാവശ്യം. ഞാൻ അവിടുത്തെ കരുണയിൽ ആശ്രയിക്കുന്നു; എന്റെ ഹൃദയം അങ്ങയുടെ രക്ഷയിൽ ആനന്ദം കൊള്ളും – (സങ്കീർത്തനം–13.5). ദൈവകരുണയിൽ – കൃപയിൽ ആശ്രയിക്കുന്നവർക്കു മാത്രമേ പരമപ്രധാനമായ ആനന്ദം അനുഭവിക്കുവാൻ സാധിക്കുകയുള്ളു. മനസ്സിനെ നിയന്ത്രിക്കുവാൻ നമുക്കാവണം. പകയും, വിദ്വേഷവും നമ്മുടെ ഹൃദയങ്ങളിൽനിന്നും ഇല്ലാതാക്കുവാൻ നമുക്കു കഴിയണം. വിദ്വേഷം മൂലം പലരും അശുദ്ധരായിത്തീരുന്നു (ഹെബ്രായർ–12.15). ഓരോ വിൻസെൻഷ്യനും അവനവന്റെ മനസ്സ് ശാന്തമാക്കുവാനുള്ള പരിശ്രമത്തിലായിരിക്കണം. ശാന്തമായ മനസ്സുകളിലാണ് ദൈവാത്മാവിന് കുടികൊള്ളുവാൻ സാധിക്കുന്നത്. നല്ല മനസ്സുകളിൽനിന്നും നല്ല വാക്കുകളേ പുറപ്പെടൂ. നല്ല വാക്ക് ദാനത്തേക്കാൾ വിശിഷ്ഠമാണ് (പ്രഭാഷകൻ–18.16) ഓരോ വിൻസെൻഷ്യന്റെയും അധരങ്ങളിൽനിന്നും പുറപ്പെടുന്ന

വാക്കുകൾ അപരന് അമൃതായി ഭവിക്കട്ടെ. എല്ലാവർക്കും ഉയിർപ്പു തിരുനാൾ ആശംസകൾ.

**സി.സി.ബോർഡ്**

2023 മാർച്ച് 6-ന് ദ്വാരക പാസ്റ്ററൽ സെന്ററിലെ ഓഫീസിൽ സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ ബോർഡ് യോഗം ചേർന്നു. പ്രാരംഭ പ്രാർത്ഥന സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ, ജ്ഞാനവായന ബ്ര. ജിൽസ് എം. മേക്കൽ എന്നിവർ നയിച്ചു. സി.സി. പ്രസിഡൻറ് ബ്ര. ബാബു നമ്പുടാകത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.സി ആത്മീയ ഉപദേഷ്ടാവ് ഫാ. ജോജൊ കുടക്കച്ചിറ സന്ദേശം നല്കി. സി. സി. ബോർഡ് അംഗങ്ങളായി ചുമതലയേറ്റ ബ്ര. റോയ് ലൂയീസ് (ഗൂഡല്ലൂർ), ബ്രദർ ജോസുകുട്ടി ചാത്തമല (കൊട്ടിയൂർ) എന്നിവർ സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനമേറ്റു. ഇരുവരും റിസോഴ്സ് പേഴ്സൺസായാണ് ചുമതലയേറ്റത്. തുടർന്ന് സംഘടനാകാര്യങ്ങൾ ചർച്ചചെയ്തു. സംഘടനാ സംവിധാനം ശക്തമാക്കുന്നതിന് കോൺഫ്രൻസ്, ഏര്യകൗൺസിൽ തലങ്ങളിൽ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് തീരുമാനിച്ചു. എ. സി. തലങ്ങളിൽ നടക്കുന്ന കോൺഫ്രൻസ് ഭാരവാഹികളുടെ സംഗമത്തിന്റെ അനുബന്ധമായി എ. സി, സി.സി. ഭാരവാഹികൾ കോൺഫ്രൻസ് സന്ദർശനങ്ങൾ നടത്തുവാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും തീരുമാനിച്ചു. രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോൺഫ്രൻസുകൾ മുഖേന നടപ്പാക്കുന്ന ആട് വിതരണ പദ്ധതി വിജയിപ്പിക്കുവാൻ യോഗം തീരുമാനിച്ചു.

**എ.സി.തല നേതൃസംഗമങ്ങൾ**

കൽപ്പറ്റ എ.സി നേതൃസംഗമം ഡി പോൾ പള്ളി ഹാളിൽ നടന്നു. ബ്രദർ ജോർജ്ജ് കുപ്പയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. എ.സി. പ്രസിഡണ്ട് സി. ടെസ്സി മാത്യു അധ്യക്ഷത വഹിച്ചു. ഡി പോൾ ഇടവക സഹവികാരി ഫാ. ബിനോയ് കളപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡണ്ട് ബ്രദർ ബാബു നമ്പുടാകം മുഖ്യസന്ദേശം നല്കി. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ 25-വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവരെ യോഗത്തിൽ ആദരിച്ചു. സി.സി. ഭാരവാഹികളായ ബ്ര. ജോണി പാറ്റാനി, ബ്ര. മാത്യു പുതുപ്പറമ്പിൽ, സി. റോസമ്മ അയ്യംകുഴയ്ക്കൽ, ബ്ര. ബെന്നി മാങ്കോട്ട് എന്നിവർ ആശംസ

കളർപ്പിച്ച് സംസാരിച്ചു. കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി. ഡോ. സെബാസ്റ്റ്യൻ, മുൻ എ.സി. പ്രസിഡണ്ട് സി. സിസിലി പഴേമഠം എന്നിവർ സംഘടനയിലെ താങ്കളുടെ അനുഭവങ്ങൾ പങ്കുവച്ചു. എ.സി. ജോ. സെക്രട്ടറി ബ്ര. നിക്സൺ പോൾ നന്ദി പറഞ്ഞു.

**ഗൂഡല്ലൂർ എ.സി.സംഗമം**

ഗൂഡല്ലൂർ എ. സി സംഗമം നീലഗിരി ഡവലപ്മെൻറ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്നു. എ.സി. വൈസ് പ്രസിഡണ്ട് ബ്ര. തങ്കച്ചൻ ചൂരനോലിൽ അധ്യക്ഷത വഹിച്ചു. എൻ.ഡി. എസ്. ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ ഉദ്ഘാടനം ചെയ്തു. സി.സി. ഭാരവാഹികളായ ബ്ര. തങ്കച്ചൻ മേപ്പാടത്ത്, ബ്ര. രാജു വലിയാറ എന്നിവർ പ്രസംഗിച്ചു. സി. സി. സെക്രട്ടറി ബ്ര. മാത്യു പുതുപ്പറമ്പിൽ കോൺഫ്രൻസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

**ആട് വിതരണ പദ്ധതി ഉദ്ഘാടനം**

രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സെന്റ് വിൻസെന്റ്ഡി പോൾ സൊസൈറ്റി നടപ്പാക്കുന്ന ആട് വിതരണ പദ്ധതിയുടെ ഉദ്ഘാടനം തരിയോട് എ.സി.സിയിൽപ്പെട്ട കാവുമന്ദത്ത് നടന്നു. ഫാ. ജോൺ പുതുക്കുളം ആടുകളെ വിതരണം ചെയ്തുകൊണ്ട് പദ്ധതിയുടെ ഔപചാരികമായി ഉദ്ഘാടനം നടത്തി. ചടങ്ങിൽ സി.സി പ്രസിഡണ്ട് ബ്രദർ ബെന്നി മാങ്കോട്ട് അധ്യക്ഷത വഹിച്ചു. ഡി.സി. സി. വൈസ്പ്രസിഡണ്ട് സി. റോസമ്മ അയ്യംകുഴയ്ക്കൽ ആശംസകളർപ്പിച്ചു സംസാരിച്ചു.

**ഓസാനാംഭവൻ**

ഓസാനം ഭവനിൽ ചേർന്ന ഭരണസമിതി യോഗത്തിൽ ചെയർമാൻ ബ്രദർ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. ഫാ. ജോജോ കുടക്കച്ചിറ സന്ദേശം നല്കി. സെക്രട്ടറി വിൻസെന്റ് ജോൺ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ മാത്യു കന്നുകെട്ടിയിൽ കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കു ശേഷം യോഗം ഇവ അംഗീകരിച്ചു. ഓസാനം ഫാമിലിഭവന്റെ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. ഓസാനം ഭവന്റെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് യോഗം ചർച്ച ചെയ്തു. ഓസാനാം ഭവൻ മാനേജർ എൻ.യു.ജോൺ ഓസാനംഭവൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ആദരാഞ്ജലികൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സി.സി.യുടെ മുൻ ട്രഷറർ, കല്ലോടി സി. സി പ്രഥമ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ബ്രദർ വർക്കി അടിച്ചില മാക്കിൽ നിര്യാതനായി. അദ്ദേഹത്തിൻറെ വേർപാടിൽ സി.സി. അനുശോചിക്കുന്നു.

സ്നേഹപൂർവം,

**റവ. ഫാ. ജോജോ കുടക്കച്ചിറ**

(സി.സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്രദർ ബാബു നമ്പുടാകം**

(സി.സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അന്താരാഷ്ട്ര വനിതാദിനാചരണം നടത്തി**

വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി വൈവിധ്യമാർന്ന പരിപാടികളോടെ അന്താരാഷ്ട്ര വനിതാദിനാചരണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് ഓഡിറ്റോറിയത്തിൽ നടന്ന ദിനാചരണം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോ ഓർഡിനേറ്റർ സി. അനിലിറ്റ്, സോഷ്യൽ വെൽഫയർ സൊസൈറ്റി ചെറുകാട്ടൂർ യൂണിറ്റ് സെക്രട്ടറി ആന്റണി വി.എ, റീജിയണൽ കോ–ഓർഡിനേറ്റർ സുജ മാത്യു, ആലീസ് സിസിൽ എന്നിവർ സംസാരിച്ചു. ദിനാചരണത്തോടനുബന്ധിച്ച് നടന്ന സെമിനാറിന് തിരുനെല്ലി സിവിൽ എക്സൈസ് ഓഫീസർ വിജേഷ് കുമാർ നേതൃത്വം കൊടുത്തു. പരിപാടിയുടെ ഭാഗമായി നടന്ന കലാപരിപാടികൾക്ക്DDU-GKY കോഴ്സിലെ വിദ്യാർത്ഥികൾ,FDG കോഴ്സിലെ വിദ്യാർത്ഥികൾ, സ്വാശ്രയസംഘങ്ങൾ എന്നിവർ നേതൃത്വം നൽകി. കേരളലേബർ മൂവ്മെന്റ്, DDU GKY, FDGT, സോഷ്യൽ വെൽഫയർ സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിലാണ് ഈ വർഷത്തെ വനിതാദിനം ആചരിച്ചത്.

**എൽ ഇ ഡി ബോർഡ് സ്ഥാപിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എടവക ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ എൽ ഇ ഡി ബോർഡ് സ്ഥാപിച്ചു. ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന സേവനങ്ങൾ ഉൾച്ചേർത്തുകൊണ്ടുള്ള എൽ ഇഡി ബോർഡ് സ്ഥാപന കർമ്മം എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എച്ച് ബി പ്രദീപ്മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ആരോഗ്യ

വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശിഹാബുദ്ദീൻ ആയത്ത അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാല ത്തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. എടവക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജംഷീറ ഷിഹാബ്, വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ജോർജ്ജ് പടകൂട്ടിൽ, ക്ഷേമകാര്യ സ്റ്റാന്റിംങ് കമ്മറ്റി ചെയർമാൻ ജെൻസി ബിനോയി, ജൽജീവൻ മിഷൻ പഞ്ചായത്ത് കോ-ഓർഡിനേറ്റർ റ്റുബിൻ ജിപ്സൺ എന്നിവർ സംസാരിച്ചു.

**പണി ആയുധങ്ങൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭാരതീയ സുഗ ന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ പണി ആയുധ ങ്ങൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം മക്കിമല കോള നിയിൽ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി അസോസി യേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിലിന്റെ അദ്ധ്യക്ഷ തയിൽ വയാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. തൂമ്പ, പിക്കാസ്, കത്തി തുടങ്ങിയപണി ആയുധങ്ങൾ ആണ് വിതരണം ചെയ്തത്. മക്കിമല, ഇല്ലത്തുമൂല, ഇടിക്കര, വീട്ടീയാമ്പറ്റ എന്നീ കോളനികളിൽ ആണ് പണി ആയുധങ്ങൾ വിതരണം ചെയ്തത്. പണി ആയുധങ്ങൾക്ക് പുറമെ പച്ചക്കറി വിത്ത്, വളം, എന്നി വയും വിതരണം ചെയ്തു. വിതരണത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്പി.എ, ഫീൽഡ് കോ-ഓർഡിനേറ്റർ ഷീന ആന്റണിഎന്നിവർ നേതൃത്വം നൽകി.

## DDU- GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വ ത്തിൽ നടത്തി വരുന്ന DDUGKY പദ്ധതിയിൽ ഫുഡ് പ്രൊസ സിംഗ് ബാച്ചിലെ വിദ്യാർത്ഥികൾ അവരുടെ പഠനത്തിന്റെ ഭാഗമായ ഇൻഡസ്ട്രിയൽ വിസിറ്റ് നടത്തുകയും വിജയകരമായി പഠനപരിശീലനം പൂർത്തിയാക്കി ജോലിചെയ്യുന്ന വിദ്യാർ ത്ഥികൾക്കായി പ്ലേസ്മെന്റ് സപ്പോർട്ട് ആയി 3000 രൂപ നൽകു കയും അതോടൊപ്പം ജോലിയുടെ വെരിഫിക്കേഷന്റെ ഭാഗമായി ഏജൻസി തലത്തിലും സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര

സർക്കാരിന്റെയും മേൽനോട്ടത്തിലും വിദ്യാർത്ഥികളുടെ വെരിഫിക്കേഷൻ നടത്തുകയും രേഖകൾ കേന്ദ്രസർക്കാരിനയയ്ക്കുകയും ചെയ്തു. ലോകവനിതാദിനം ആഘോഷിച്ചു. വനിതാദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**KLM വാർഷിക പൊതുയോഗം**

2023 ഫെബ്രുവരി 18,19 തിയ്യതികളിലായി കേരള ലേബർ മൂവ്മെന്റിന്റെ സംസ്ഥാന വാർഷിക സമ്മേളനം എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ നടത്തി. കെ.സി.ബി.സി ലേബർ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. മറ്റ് സംസ്ഥാന ഭാരവാഹികളോടൊപ്പം മാനന്തവാടി രൂപതയിൽ നിന്നും WSSS അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, KLM പ്രസിഡന്റ് ശ്രീ. ബിജുപോൾ പുയിക്കുന്നേൽ, സെക്രട്ടറി ശ്രീ. ബിജു മരോട്ടിമൂട്ടിൽ, മുൻ KLM സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, സഹ കോഡിനേറ്റർ മിനി എന്നിവർ പങ്കെടുത്തു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ സ്വാവലംബന്റെ 2022-2023 വർഷത്തെ പുതുക്കൽ നടപടി പൂർത്തിയായി

**രജിസ്ട്രേഷൻ**

തയ്യൽതൊഴിലാളി ക്ഷേമനിധിയിൽ ചേരാനുള്ള പുതിയ രജിസ്ട്രേഷൻ 2023 മാർച്ച് 27ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടക്കുന്നതാണ്. കാർഷിക തൊഴിലാളി, നിർമ്മാണ തൊഴിലാളി എന്നീ ക്ഷേമനിധിയുടെ മാർച്ച് മാസം നടത്തേണ്ട വാർഷിക പുതുക്കൽ നടപടിയുടെ ക്രമീകരണങ്ങൾ തുടങ്ങുന്നു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

കമ്മന, ഒണ്ടയങ്ങാടി, തൃശ്ശിലേരി, കണിയാരം, ദ്വാരക, കബനിഗിരി, കുറുമണി,കോട്ടത്തറ, പാടിച്ചിറ, മുതിരേരി, മൊതക്കര, കുഞ്ഞോം, കരിമ്പിൽ, തവിഞ്ഞാൽ, വാളേരി, എന്നീ യൂണിറ്റുക

ളിൽ റീജിയണൽ കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ നടത്തി.

**സാമൂഹ്യ സുരക്ഷാ കാമ്പയിൻ**

അമരക്കുനി, മൊതക്കര, തലപ്പുഴ, കുഞ്ഞോം, മംഗലശേരി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമയോജന, പ്രധാനമന്ത്രി സുരക്ഷാ ഭീമായോജന, അടൽ പെൻഷൻ യോജന എന്നീ പദ്ധതികളിലേക്ക് അംഗങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ബാങ്കുകളിൽ സമർപ്പിച്ചു.

**ഗ്രൂപ്പ് രൂപീകരണം**

തൃശിലേരി SWS ന്റെ കീഴിൽ ഏദൻ എന്ന പേരിലും പയ്യംമ്പള്ളി SWS ന്റെ കീഴിൽ അരുണോദയ എന്ന പേരിലും SHGകൾ രൂപീകരിച്ചു.

**വിനോദയാത്ര നടത്തി**

സീതാമൗണ്ട് SWS അംഗങ്ങൾ, കണ്ണൂരിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് നടത്തിയ യാത്രയിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ, സുഭാഷിണി മഠത്തുവിള, ദിലു ദിനേശൻ എന്നിവർ നേതൃത്വം കൊടുത്തു.

**സംരംഭക പരിശീലനം**

ഒഴുക്കന്മൂല SWSൽ നടത്തിയ മസാലനിർമ്മാണത്തിൽ റീജിയണൽ കോഡിനേറ്റർ സുജ മാത്യു പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് കളപ്പുര, യൂണിറ്റ് സെക്രട്ടറി ഫിലോമിന എന്നിവർ സംസാരിച്ചു.

**പച്ചമരുന്ന് നിർമ്മാണം**

ആലാറ്റിൽ യൂണിറ്റിന്റെ കീഴിൽ 10 അംഗങ്ങൾചേർന്ന് ഉരഗുളിക നിർമ്മാണം നടത്തി. CDO ലൗലി സ്റ്റീഫൻ പരിപാടിക്ക് നേതൃത്വം നൽകി.

**സോപ്പ് നിർമ്മാണ പരിശീലനം**

തൃശ്ശിലേരി, മാനന്തവാടി, ചീരാൽ, നെയ്ക്കുപ്പയിൽ പ്രവർത്തിക്കുന്ന മുക്തി എന്നിവിടങ്ങളിൽ പരിശീലനം നൽകി.

**CDF വിതരണം ചെയ്തു**

WSSS ന്റെ കീഴിൽ പ്രവർത്തിക്കുന്ന 24 യൂണിറ്റുകൾക്ക് അടുക്കളത്തോട്ട നിർമ്മാണം, കൃഷി എന്നീ ആവശ്യങ്ങൾക്കായി CDF വിതരണം ചെയ്തു.

**വനിതാദിനം ആചരിച്ചു**

തലപ്പുഴ SWSൽ നടത്തിയ വനിതാദിന ആചരണം WSSS

എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ യൂണിറ്റ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ നടത്തി. റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി, പുഷ്പ ജോൺസൺ, ഷീജ ജെയിംസ് എന്നിവർ സംസാരിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബപദ്ധതിയിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും 2022-23 വർഷത്തെ ധനസഹായം വിതരണം ചെയ്തു. കോവിഡ് റീഹാബിലിറ്റേഷൻ പദ്ധതി രണ്ടാംഘട്ടത്തിൽ നമ്മുടെ രൂപതയിൽനിന്നും 4 സേവ് എ ഫാമിലി കുടുംബങ്ങൾക്ക് 01 ലക്ഷം രൂപതയുടെ ധനസഹായത്തിന് അംഗീകാരം ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ലോക വനിതാ ദിനാഘോഷം**

NDS നു കീഴിലുള്ള വിവിധ യൂണിറ്റുകളിൽ ലോകവനിതാ ദിനത്തോടനുബന്ധിച്ചു വിവിധ പരിപാടികൾ നടന്നു. NDS ന്റെ കരുത്തുറ്റ സാരഥികളായ വിവിധ യൂണിറ്റുകളിലെ വനിതകൾ ഈ പരിപാടികളിൽ പങ്കെടുത്തു. കുന്നലാടി, ബെക്കി, വിമലഗിരി, അരുൾനിലയം, ആറാട്ടുപാറ, പെരിയശോല. ധർമ്മഗിരി, കയ്യൂന്നി, കൽപ്ര, ബോസ്പാറ, പനംചിറ, മൺവയൽ, തുടങ്ങിയ കേന്ദ്രങ്ങളിലെ എല്ലാ വനിതാ കൂട്ടായ്മകളും വനിതാദിനം ആഘോഷിച്ചു. ഗൂഡല്ലൂർ DSP ശ്രീ. സെൽവരാജ്, ദേവർഷോല ഇന്ത്യൻ ബാങ്ക് മാനേജർ ശ്രീമതി ആതിര, ചേരങ്കോട് പഞ്ചായത്ത് ചെയർമാൻ ശ്രീമതി ലില്ലി ഏലിയാസ്, ഡയറക്ടർ ഫാ. ബിനോയ് കെ. സെബാസ്റ്റ്യൻ, അസി.ഡയറക്ടർ അനൂപ് വർഗീസ്, എക്സിക്യൂട്ടീവ് അംഗം ശ്രീ. വർഗീസ്, സ്റ്റാഫുകൾ എന്നിവർ പങ്കെടുത്തു പ്രത്യേക പ്രഭാഷണം നടത്തി. മയക്കുമരുന്ന് നിർമാർജന ബോധവൽക്കരണം, വിദ്യാഭ്യാസം, ആരോഗ്യം, ജൈവകൃഷി വികസനം, ശിശുക്ഷേമം, എന്നിവയായിരുന്നു യോഗങ്ങളിലെ പ്രധാന വിഷയങ്ങൾ, വനിതാ കൂട്ടായ്മകളുടെയും, കുട്ടികളുടെയും വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

**വനിതാദിനാഘോഷം: NDS ബോസ്പാറ യൂണിറ്റ്**

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തോടാനുബന്ധിച്ചു NDS ബോസ്പാറ യൂണിറ്റിൽ വിവിധ ആഘോഷ പരിപാടികൾ നടന്നു. ബോസ്പാറ യൂണിറ്റ് ഡയറക്ടർ ഫാ.അനൂപ് വർഗീസ് അധ്യക്ഷത വഹിച്ചു. ദേവർഷോല ഇന്ത്യൻ ബാങ്ക് മാനേജർ ശ്രീമതി.

ആതിര വിശിഷ്ടാഥിതി ആയിരുന്നു. മദർ സുപ്പീരിയർ സി. ഗ്രെയ്സ്ലിൻ, ബോസ്പാറ യൂണിറ്റ് അനിമേറ്റർ സി. എമിലി , മറ്റു യൂണിറ്റ് ഭാരവാഹികൾ, ബോസ്പാറ യൂണിറ്റിന് കീഴിലെ വിവിധ ഗ്രൂപ്പ് ലീഡേഴ്സ് മറ്റും ഗ്രൂപ്പ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ബോസ്പാറ യൂണിറ്റ് ഡയറക്ടർ ഫാ. അനൂപ് വർഗീസ്, ദേവർഷോല ഇന്ത്യൻബാങ്ക് മാനേജർ ശ്രീമതി. ആതിര ബോസ്പാറ യൂണിറ്റ് അനിമേറ്റർ സി. എമിലി എന്നിവർ ഭദ്രദീപം തെളിയിച്ചു ഉൽഘാടന കർമ്മം നിർവഹിച്ചു. ശ്രീമതി ജെസ്സി വടക്കുംപാടം ഏവർക്കും സ്വാഗതമാശംസിച്ചു.യൂണിറ്റ് പ്രസിഡന്റ് ശ്രീമതി നിഷ അധ്യക്ഷപ്രസംഗം നടത്തി.യൂണിറ്റ് ഡയറക്ടർ ഫാ. അനൂപ്, മദർ സുപ്പീരിയർ സി. ഗ്രെയ്സ്ലിൻ എന്നിവർ വനിതാദിനത്തെക്കുറിച്ച് ആശംസകൾ നടത്തി. തുടർന്ന് ദേവർഷോല ഇന്ത്യൻ ബാങ്ക് മാനേജർ ശ്രീമതി. ആതിര വനിതാ ദിനത്തോടനുബന്ധിച്ചു മുഖ്യ പ്രഭാഷണം നടത്തി. വനിതകൾ ഇന്ന് കൈഎത്തിപ്പിടിക്കാത്തമേഖലകൾ വളരെ വിരളമാണ്, പുരുഷ മേധാവിത്വത്തിനു വെല്ലുവിളി എന്നോണം എല്ലാ മേഖലകളിലും നമുക്കിന്നു സ്ത്രീകളെ കാണാൻ സാധിക്കും. വനിതാ സംരംഭങ്ങളുടെ സാധ്യതകളെക്കുറിച്ചും അവർ സംസാരിച്ചു. തുടർന്ന് വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ കലാകായിക പരിപാടികളും സമ്മാനദാനവും നടന്നു. യൂണിറ്റ് സെക്രട്ടറി സെലിൻ പള്ളിക്കാമഠത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞു. ചായസത്കാരത്തിനു ശേഷം ദേശിയ ഗാനത്തോടെ വനിതാദിനാഘോഷം സമാപിച്ചു.

**വനിതാദിനാഘോഷം: NDS പെരിയശോല യൂണിറ്റ്**

NDS പെരിയശോല യൂണിറ്റിന്റെ വനിതാ ദിനാഘോഷം മാർച്ച് 12 നു ഗ്ലെൻവെൻസ് പള്ളിയങ്കണത്തിൽ വെച്ച് നടന്നു. ഇടവക വികാരി ഫാ. സന്തോഷ് അധ്യക്ഷത വഹിച്ചു. വനിതാ ദിനത്തിന്റെ ആശംസകൾ അറിയിച്ചു. യൂണിറ്റ് അംഗങ്ങൾക്ക് 'ലഹരി വിമുക്ത സമൂഹം' എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി. അതോടൊപ്പം സമൂഹത്തിൽ സ്ത്രീകൾക്ക് ഉള്ള പങ്കിനെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. . സ്ത്രീകൾ ഇന്ന് പൊതുസമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും, വെല്ലുവിളികളെക്കുറിച്ചും ചർച്ചകൾ നടത്തി.ദേശീയ ഗാനത്തോടെ വനിതാ ദിനപരിപാടികൾ അവസാനിച്ചു.

**വനിതാദിനാഘോഷം: NDS ധർമഗിരി യൂണിറ്റ്**

NDS ധർമഗിരി യൂണിറ്റിന്റെ വനിതാ ദിനാഘോഷം മാർച്ച് 8 നു ധർമഗിരി പള്ളിയങ്കണത്തിൽ വെച്ച് ഈശ്വരപ്രാർഥനയോടെ ആരംഭിച്ചു.യൂണിറ്റ് അംഗം ശ്രീമതി സോജാ ജോഷി ഏവരെയും സ്വാഗതം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യു വല്ലത്ത് അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. റോബിൻ പടിമാറ യിൽ ഉത്ഘാടന കർമം നിർവഹിച്ചു. ഗൂഡല്ലൂർ DSP ശ്രീ.സെൽവ രാജ് സർ മുഖ്യതിഥി ആയിരുന്നു. 'Cyber Crime and Drugs 'എന്ന വിഷയത്തിൽ ശ്രീ. സെൽവരാജ് സർ ക്ലാസ്സുകൾ നൽകി. വിവിധ ഗ്രൂപ്പുകളുടെ കലാകായിക പരിപാടികളോടെ വനിതാദിന പ്രോഗ്രാ മുകൾ അവസാനിച്ചു.

**വനിതാദിനാഘോഷം: NDS വിമലഗിരി യൂണിറ്റ്**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു NDS വിമലഗിരി യൂണിറ്റ് വിവിധ പരിപാടികൾ നടത്തി 12 -03 -2023 നു ഈശ്വര പ്രാർ ത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു.യൂണിറ്റ് ഡയറക്ടർ ഫാ. സ്റ്റീഫൻ കോട്ടക്കൽ സ്വാഗതം ആശംസി ച്ചു. വിശിഷ്ട വ്യക്തിയായി പുഷ്പഗിരി ഹോസ്പിറ്റലിലെ ഡോ.സി. ക്രിസ്റ്റീന MSMIയെ പൂച്ചെണ്ട് നൽകി വരവേറ്റു. ഇന്ന് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പല രോഗങ്ങ ളെക്കുറിച്ചും അവ ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ചും എന്തെല്ലാം ലക്ഷണങ്ങളാണ് ഓരോ രോഗത്തിനും ഉണ്ടാകുന്നതെന്നും അതിന്റെ പ്രതിവിധികൾ എന്തെല്ലാമാണ് എന്നതിനെക്കുറിച്ചും സിസ്റ്റർ വളരെ ലളിതമായ രീതിയിൽ അവതരിപ്പിച്ചു. പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടികൾ നൽകി.തുടർന്ന് സിസ്റ്ററെപൊന്നാട അണിയിച്ചു ആദരിച്ചു. ശ്രീമതി വത്സമ്മ പാട്ടശ്ശേരിയിൽ നന്ദി അറിയിച്ചു.

## PMEGP SUBSIDY

PMEGP പദ്ധതി മൂലം നൽകപ്പെട്ട വിവിധ ലോണുകളുടെ സബ്സിഡി ഓൺലൈൻ ആയി അപേക്ഷിക്കുന്നതിന്റെ ഭാഗമായി, ലോണുകൾ നൽകപ്പെട്ട, കയ്യൂന്നി, പനഞ്ചിറ, കൊട്ടാട്, കൽപ്ര , മൺവയൽ, ബോസ്പാറ തുടങ്ങിയ യൂണിറ്റുകളിലെ 100 ഓളം വീടുകളിൽ NDS ടീം നേരിട്ട് സന്ദർശിച്ചു. സാഹചര്യങ്ങൾ വിലയി രുത്തി അർഹമായ അപേക്ഷകർക്ക് സബ്സിഡി ബോർഡുകൾ വെച്ച് ഫോട്ടോസ് എടുത്തു അതാതു ബാങ്കുകൾക്ക് കൈമാറി. ഗുണഭോക്താക്കൾക്കുള്ള സബ്സിഡി നൽകി വരുന്നു.

## NABARD LEDP 3 RD PMIC MEETING

NDS ഉം തമിഴ്നാട് നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP പ്രോഗ്രാമിന്റെ വിശകലനം എന്നോണം നബാർഡ് DDM ശ്രീ.തിരുമല റാവു, ഊട്ടി ലീഡ് ബാങ്ക് മാനേജർ ശ്രീ.സത്യരാജാ എന്നിവർ NDS സന്ദർശിക്കുകയുണ്ടായി. NDS ഡയറക്ടർ ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ, NDS സ്റ്റാഫ്സ് എന്നിവർ സന്നിഹിതരായിരുന്നു. LEDP പദ്ധതിയുടെ ക്വാട്ടേർലി റിപ്പോർട്ട് NDS ഡയറക്ടർ ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ നബാർഡിനു കൈമാറി.അതോടൊപ്പം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ക്ലെയിമുകളെക്കുറിച്ച് ചർച്ചകൾ നടത്തി. ബില്ലുകളും സപ്പോർട്ടിങ് ഡോക്യൂമെൻസും ഉടനെ കൈമാറുന്നതിന് തീരുമാനിച്ചു.

## BLBC MEETING @ Panchayath Union office Gudalur

ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലെ വിവിധ ബാങ്കുകളുടെ മാനേജേഴ്സിനും മറ്റു അനുബന്ധ സ്ഥാപനങ്ങളിലെ മേധാവികൾക്കുമായി ഒരു വിശകലന യോഗം ഊട്ടി ലീഡ് ബാങ്ക് മാനേജർ ശ്രീ. സത്യരാജാ അവറുകളുടെ അധ്യക്ഷതയിൽ ഗൂഡല്ലൂർ പഞ്ചായത്ത് യൂണിയൻ ഓഫീസിൽ വെച്ചു നടന്നു. യോഗത്തിൽ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റർ ഡയറക്ടർ ശ്രീ.ഷണ്മുഖശിവ, നബാർഡ് DDM ശ്രീ. തിരുമല റാവു, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്നിവർ നേതൃത്വം നൽകി. PMEGP പദ്ധതി വഴി നൽകിയ ലോണുകളുടെ വിവരങ്ങൾ, സബ്സിഡിക്കു അപേക്ഷിച്ച ആളുകളുടെ വിവരങ്ങൾ എല്ലാം ചർച്ച ചെയ്തു. NDS ട്രൈനെർ ശ്രീ ജൂഡ് മാർട്ടിൻ NDS യൂണിറ്റുകൾക്ക് കീഴിൽ ലഭിച്ച ലോണുകളുടെ വിവരങ്ങൾ അറിയിച്ചു. വിവിധ ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം യോഗം അവസാനിച്ചു.

## BSW STUDENTS VISIT

ഗൂഡല്ലൂർ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിലെ രണ്ടാം വർഷ BSW വിദ്യാർത്ഥികൾ സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റ് HOD ശ്രീമതി.റൂത് അവർകളുടെ നേതൃത്വത്തിൽ തങ്ങളുടെ പഠനത്തിന്റെ ഭാഗമായി 21.02.2023 നു NDS സന്ദർശിക്കുകയുണ്ടായി. മീറ്റിംഗിന് അസി. ഡയറക്ടർ ഫാ. അനൂപ് വർഗീസ് ഏവർക്കും സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ബിനോയ് കെ. സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. സോഷ്യൽ വർക്ക് ബിരുദം നേടി ഇറങ്ങുന്ന വിദ്യാർത്ഥികൾക്ക് സമൂഹവുമായി ബന്ധപ്പെട്ട അനന്ത സാധ്യതകളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും ഡയറക്ടർ സംസാരിച്ചു.

തുടർന്ന് നീലഗിരീസ് ഡെവലപ്മെന്റ് സൊസൈറ്റിയെക്കുറിച്ചും അനുബന്ധ സ്ഥാപനങ്ങളെക്കുറിച്ചും ട്രെനെർ ശ്രീ. ജൂഡ് മാർട്ടിൻ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി. മറ്റു ചർച്ചകൾക്കു ശേഷം വിദ്യാർത്ഥികളിൽ നിന്നും ശ്രീ. സുഹൈൽ നന്ദി അറിയിച്ചു യോഗം അവസാനിച്ചു.

**ദേശീയ ജീവൻ മിഷൻ**

ദേശീയ ജൽ ജീവൻ മിഷൻ മലപ്പുറം ജില്ലയിലെ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ ISA പ്രവർത്തനങ്ങൾ വിജയ കരമായി നടന്നുവരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നട ത്തേണ്ടുന്ന പഞ്ചായത്തിന് കീഴിൽ വിവിധ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകളുടെ രൂപീകരണ പ്രവർത്തനങ്ങൾ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിൽ പൂർത്തീകരി ച്ചു, അതോടൊപ്പം ജൽ ജീവൻ സേവനങ്ങൾ, പഞ്ചായത്തിൽ നൽകി വരുന്ന ആനുകൂല്യ ങ്ങളും സേവനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള LED display ബോർഡുകൾ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചു. ഇവയുടെ ഉൽഘാടനം അതാതു പഞ്ചായത്തുകളിലെ പഞ്ചായത്തു പ്രസിഡന്റുമാർ, മെമ്പർമാർ, ISA യെ പ്രതിനിധീക രിച്ചു ഫാ. ജിനോജ് പാലത്തടത്തിൽ, ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ, മറ്റു ISA സ്റ്റാഫ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഇവയുടെ ക്ലെയിം ഫോമുകൾ മലപ്പുറം ജില്ലാ വാട്ടർ അതോറിറ്റി ഓഫീസുകളിൽ എത്തിച്ചു. അതോടൊപ്പം എടവണ്ണ, ഊർങ്ങാ ട്ടിരി പഞ്ചായത്തുകളിലെ SHG മെമ്പേഴ്സിന് നൽകേണ്ടുന്ന ജൽജീവൻ അവബോധ പരിശീലന പരിപാടികളും പൂർത്തീ കരിച്ചു. തുടർന്ന് വരുന്ന ദിവസങ്ങളിൽ പഞ്ചായത്തുകളിൽഗ്രാമ സഭകളും അതോടൊപ്പം, മറ്റു വിവിധ ആക്ടിവിറ്റികളും നടക്കു മെന്ന് അറിയിക്കുന്നു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരു ണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈ റ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട്,

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണന ത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃ ഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറി ക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18218 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal Cotnrol System) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

Bio നെല്ലാക്കോട്ട, Bio ചേരങ്കോട്, Bio ഓവാലി ICSകളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ റിലയബിൾ ഓർഗാനിക് സർട്ടിഫിക്കേഷൻ ഓർഗനൈസേഷൻ (ROCO)യിൽ നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ ജോബി വർഗീസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ സ്റ്റാൻലി ജോൺസ്, ശ്രീ. രാകേഷ് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**റയിൻഫോറെസ്റ് അലയൻസ് ട്രെയിനിങ് സംഘടിപ്പിച്ചു**

മാർച്ച് മാസം 16,17,18 തീയ്യതികളിലായി പദ്ധതിയിലുൾപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലേയും നിലവിലുള്ളവരും പുതുതായി

ചേർന്നവരുമായ കർഷകർക്കായി പരിശീലനം സംഘടിപ്പിച്ചു. കല്പറ്റ, മാനന്തവാടി, ബത്തേരി എന്നിവിടങ്ങളിൽ വച്ച് നടന്ന പരിശീലനത്തിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, ഫാ. നിതിൻ പാലക്കാട്ട്, ശ്രീ. ഷാജി ജോസ്, ശ്രീ.ജോബി വർഗീസ്, ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ നേതൃത്വം നൽകി. വിവിധ പഞ്ചായത്തുകളിൽ നിന്നും 500 ഓളം കർഷകർ പരിശീലനത്തിൽ പങ്കെടുത്തു.

**സംഭരണം**

ഫെബ്രുവരി മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 56110 കിലോ കാപ്പി കിലോയ്ക്ക് 114 രൂപ നിരക്കിലും കുരുമുളക് 725 കിലോ 525 രൂപ നിരക്കിലും പച്ച ഇഞ്ചി 18293 കിലോ 50 രൂപ നിരക്കിലും പച്ച കുരുമുളക് 8776 കിലോ 180 രൂപ നിരക്കിലും പച്ച മഞ്ഞൾ 735 കിലോ 23 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഫെബ്രുവരി മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**തത്സമയഫോണിൻ പരിപാടി**

ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി മാർച്ച് 09 ന് ഗ്ലോക്കോമ കാരണങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി ജില്ലാ ആശുപത്രിയിലെ നേത്രരോഗവിദഗ്ദ്ധൻ ഡോ. രമേശൻ E C K ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ദുരന്തനിവാരണ ബോധവത്കരണം**

പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി മലയാളത്തിലും വിവിധ ഗോത്രഭാഷകളിലും പ്രോഗ്രാമുകൾ ചെയ്യുന്നതിനായി ജില്ലാ ദുരന്തനിവാരണ അതോറിററിയുമായി ധാരണയായി.

**ഗ്രാമമാറ്റൊലി**

ഫെബ്രുവരി 23 ന് മൊതക്കരയിൽ ഗ്രാമ മാറ്റൊലി സംഘടിപ്പിച്ചു. പ്രദേശവാസികളുടെയും മൊതക്കര സ്കൂളിലേയും കുട്ടികളുടെ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്ത് പ്രക്ഷേപണം ചെയ്തു.

**ക്ലബ് ടൈം**

ഫെബ്രുവരി 28 ന് പുളിഞ്ഞാൽ ഗവൺമെന്റ് ഹൈസ്കൂളിൽ ക്ലബ് ടൈം റെക്കോർഡിംഗ് നടത്തി. തുടർന്ന് സ്കൂളിന് റേഡിയോ സെറ്റ് വിതരണം ചെയ്തു.

**പങ്കാളിത്തം**

വനം വന്യജീവി പരിസ്ഥിതി നിയമങ്ങളും ഭരണഘടന ഉറപ്പു നൽകുന്ന പൗരാവകാശങ്ങളും എന്ന വിഷയത്തിൽ ഫെബ്രുവരി 28 ന് മാനന്തവാടി രൂപത സംഘടിപ്പിച്ച പഠന ശിബിരത്തിൽ ഫാ. ബിജോ കറുകപ്പള്ളി, ഫാ. ബിവാൾഡിൻ, ജോസഫ് പള്ളത്ത് എന്നിവർ പങ്കെടുത്തു.

വെള്ളമുണ്ട സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മാർച്ച് 16 ന് നടന്ന ഗ്രാജുവേഷൻ സെറിമണിയിൽ മുഖ്യാതിഥിയായി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**സന്ദർശനം**

ആലപ്പുഴ ജില്ലയിലെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ നെയ്തൽ സ്റ്റേഷൻ ഡയറക്ടർ ഫാ.സേവ്യർ കുടിയാംശ്ശേരി ഫെബ്രുവരി 28 നും തമിഴ്നാട്ടിലെ പശുമെയ് 90.4 റേഡിയോ സ്റ്റേഷൻ ഡയറക്ടർ റൂബ് ബാലൻ മാർച്ച് 9 നും മാറ്റൊലി സന്ദർശിച്ചു.

**പഠനസന്ദർശനം**

കൊച്ചി തേവര സേക്രട്ട് ഹാർട്ട് കോളേജിലെ ജേർണലിസം വിദ്യാർത്ഥികൾ മാർച്ച് 3 നും മലപ്പുറം കുണ്ടൂർ പി.എം.എസ്.റ്റി കോളേജ് രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികൾ മാർച്ച് 17 നും പന്തീരങ്കാവ് പി. വി. എസ് ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിദ്യാർത്ഥികൾ മാർച്ച് 18 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലിസന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

## കത്തോലിക്കാ കോൺഗ്രസ്സ് AKCC




'പഴം ആസ്വദിക്കുമ്പോൾ വേരിനെ മറക്കരുത്' എന്നൊരു ചൈനീസ് പഴമൊഴിയുണ്ട്. ക്രിസ്തു നാഥന്റെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് അവൻ വിഭാവനം ചെയ്ത സത്യം, നീതി,സ്നേഹം എന്നീ മൂല്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് 1918 ൽ സ്ഥാപിതമായ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ എന്ന സാമുദായിക സംഘടന നൂറ്റിയഞ്ചാം ജന്മവാർഷികത്തിനായി ഒരുങ്ങുകയാണ്. 105 വർഷങ്ങളായി കേരള സമൂഹത്തിലും, വിവിധ ജില്ലകളിലും , ഈ കാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വ്യക്തമായ പാദമുദ്രകൾ പതിപ്പിച്ച് കൊണ്ടാണ് സമുദായ സംഘടന നിലനിൽക്കുന്നത്. കേരള മണ്ണിന്റെ സാമൂഹിക, സാംസ്കാരിക , വിദ്യാഭ്യാസ, സാമ്പത്തിക, ഭരണതന്ത്ര മേഖലകളിൽ സമുദായ സംഘടന സുപ്രധാന പങ്ക് വഹിക്കുന്നു. അക്ഷര വെളിച്ചം പകരുവാൻ ആയിരക്കണക്കിന് പൊതുവിദ്യാലയങ്ങളും, ആതുരസേവനത്തിന്റെ പാതയിൽ ആശുപത്രികളും, ഈ നാടിന്റെ വികസനത്തിനായി റോഡുകളും, പാലങ്ങളും മറ്റ് സൗകര്യങ്ങളും കെട്ടിപ്പടുക്കുന്നതിൽ സമുദായം വഹിച്ച പങ്ക് പ്രശംസനീയമാണ്. മലബാർ കുടിയേറ്റത്തിന്റെ ഭാഗമായി നാട്ടിൽ നിലനിന്നിരുന്ന പട്ടിണി മാറ്റുവാൻ ആയിരക്കണക്കിന് ക്രൈസ്തവ കർഷക സഹോദരങ്ങൾ മണ്ണിനോടും മലമ്പാമ്പിനോടും മല്ലിട്ട് മണ്ണിൽ പൊന്നു വിളയിച്ച് ദാരിദ്ര്യം അകറ്റിയവരാണ്. ഇന്ന് ദാരിദ്ര്യം മാറി എഴുന്നേറ്റ് നിൽക്കുവാൻ പ്രായമായപ്പോൾ കർഷകരുടെയും കർഷകർ ഉത്പാദിപ്പിച്ചെടുക്കുന്ന വിളകൾക്കും യാതൊരു വിലയും മാന്യമായ പ്രതിഫലവും നൽകാതെ കൊടിയ ദാരിദ്ര്യത്തിലേക്ക് സംസ്ഥാനവും രാജ്യവും കൂപ്പുകുത്തി വീഴുമ്പോൾ കർഷകർക്ക് കൈത്താങ്ങായി മാറുവാൻ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമുദായ സംഘടന തീരുമാനിക്കുകയാണ്. 105 വർഷത്തെ പാരമ്പര്യം പേറി 105 ജന്മാവാർഷികാഘോഷം ഏപ്രിൽ മാസം 23ന് മാനന്തവാടി രൂപതയിലെ ദ്വാരക പാസ്റ്റ സെന്ററിൽ നടക്കുമ്പോൾ സമൂഹത്തിന്റെയും സമുദായത്തിന്റെയും കവചം ആകുവാനും കർഷകർക്ക് കൈത്താങ്ങായി മാറുവാനും സംഘടനാ ശ്രമിക്കുന്നു. 105-ാംമത് ജന്മവാർ

ഷികാഘോഷം കർഷക പ്രതിഷേധ ജ്വാലകളുടെ തീപ്പന്തങ്ങൾ കത്തിച്ചുകൊണ്ട് കർഷകരോടുള്ള ഐക്യദാർഢ്യം സമുദായ സംഘടന പ്രഖ്യാപിക്കുകയാണ്. ഈ നാടിനെ നാടാക്കി മാറ്റിയ സമുദായ സംഘടനയിൽ അംഗങ്ങളായി അണിനിരന്നുകൊണ്ട് നാടിന്റെയും സമുദായത്തിന്റെയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഉത്തരവാദിത്വത്തോട് കൂടി മുമ്പോട്ട് പോകുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം തന്നെ നമ്മുടെ രൂപതയിൽ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ രൂപപ്പെടാത്ത ഇടവകകളിൽ രൂപതാ സമിതിയോടും മേഖലാസമിതികളോടും ചേർന്നു നിന്നുകൊണ്ട് യൂണിറ്റ് സമിതികൾ രൂപീകരിച്ച് സംഘടിക്കുവാൻ വിനീതമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു. 2023 ഏപ്രിൽ മാസം 23ന് ദ്വാരകയിൽ വെച്ച് നടക്കുന്ന 105-ാംമത് ജന്മവാർഷികാഘോഷത്തിലേക്കും സാമുദായിക നേതൃത്വ സമ്മേളനത്തിലേക്കും എല്ലാ സമുന്നതരായ കത്തോലിക്ക പ്രവർത്തകരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു. എന്റെ സമുദായം എന്റെ അഭിമാനമായി മാറുന്ന നിമിഷങ്ങളിലേക്ക്, ഈ സമൂഹത്തോട് ചേർന്ന് നിന്നുകൊണ്ട് സമുദായ സംഘടനയെ നമുക്ക് ഓരോരുത്തർക്കും ശക്തിപ്പെടുത്താം.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
ജനറൽ സെക്രട്ടറി
കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതി.

**കത്തോലിക്ക കോൺഗ്രസ് 105 മത് ജന്മവാർഷികവും സംസ്ഥാന സമ്മേളനവും**

കത്തോലിക്ക കോൺഗ്രസ് 105-ാംമത് ജന്മവാർഷികം സംസ്ഥാന സമ്മേളനവും ഏപ്രിൽ മാസം 23 ന് ദ്വാരകയിൽ നടക്കുന്നു. സീറോ മലബാർ സഭയുടെ ഔദ്യോഗിക സംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമുദായത്തിന്റെയും സമൂഹത്തിന്റെയും സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തീക ഉന്നമനത്തിനായി പ്രവർത്തനം ആരംഭിച്ചിട്ട് 105 വർഷങ്ങൾ പൂർത്തിയാക്കുന്നു. വാർഷിക ആഘോഷങ്ങൾ മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ,

മാനന്തവാടി രൂപതാസമിതി നടത്തുന്ന ഈ സമ്മേളനത്തിന്റെ സ്വാഗതസംഘ രൂപീകരണം ദ്വാരക വി. അൽഫോൻസാ ദേവാലയത്തിൽ നടത്തി. രൂപതാ സമിതി അംഗങ്ങളും, മേഖല സമിതി അംഗങ്ങളും പങ്കെടുത്ത യോഗത്തിൽ രൂപതാ പ്രസിഡന്റ് പ്രൊഫ. സാജു കെ. പി അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ട്കാവുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. സമ്മേളനത്തിന്റെ ജനറൽ കൺവീനറായി ശ്രി. ജോൺസൺ തൊഴുത്തുങ്കൽ സാറിനെ തിരഞ്ഞെടുത്തു. വിവിധ കമ്മറ്റികൾ രൂപീകരിച്ചു. യോഗത്തിന് ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ നന്ദി പറഞ്ഞു.

**ബത്തേരി ഫൊറോന**

എ. കെ. സി. സി ബത്തേരി ഫൊറോനാ കമ്മിറ്റി യോഗം ചീങ്ങവല്ലം പള്ളിയിൽ ചേർന്നു. ഫൊറോന പ്രസിഡൻറ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു.ഡയറക്ടർ ഫാ.പ്രതീഷ് കിഴക്കൻപുതുപ്പള്ളി യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീ. ചാൾസ് വടശ്ശേരി സ്വാഗതം ആശംസിച്ചു. മുൻ മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. രൂക്ഷമായ വന്യമൃഗശല്യത്തെക്കുറിച്ച് ചർച്ച നടത്തി. സ്വന്തം കൃഷിയിടത്തിൽ വന്യമൃഗങ്ങൾ പ്രവേശിച്ചാൽ വനം വകുപ്പ് മേലുദ്യോഗസ്ഥന്മാർക്കെതിരെ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുവാൻ കർഷകരെ ഉദ്ബോധിപ്പിക്കുവാൻ തീരുമാനിച്ചു. 2023 ഏപ്രിൽ 23 ദ്വാരകിൽ വച്ച് നടക്കുന്ന 105-ാംമത് ജന്മവാർഷിക സമ്മേളനവും സംസ്ഥാന സമുദായ നേതൃത്വ സമ്മേളനവും വിജയിപ്പിക്കുവാൻ തീരുമാനിച്ചു. സംസ്ഥാന സമ്മേളനത്തിന്റെ ബത്തേരി ഫൊറോനാ കോഡിനേറ്ററായി ശ്രീ. ജോയ് പുളിക്കലിനെ തിരഞ്ഞെടുത്തു . എല്ലാ ഇടവകകളിൽ നിന്നും ഇടവക കൺവീനർമാരെയും തിരഞ്ഞെടുത്തു.

**പാചക വാതക വില വർധനയ്ക്കെതിരെ പ്രതിഷേധ സമരം**

കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫെറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ വർദ്ധിച്ച പാചക വില വർധനക്കെതിരെ ഗ്യാസ് സിലിണ്ടർ വലിച്ചു കൊണ്ടുള്ള സമരം നടത്തി. ഫൊറോന ഡയറക്ടർ ഫാ. പ്രതീക്ഷ് കിഴക്കൻപുതുപ്പള്ളി ഉദ്ഘാടനം ചെയ്തു. ഫെറോന പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, ചാൾസ് വടശ്ശേരിയിൽ, സാജു പുലിക്കോട്ടിൽ, രാജു മണക്കുന്നേൽ, ജോയ് പുളിക്കൽ, മോളി മാമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

**യൂണിറ്റ് കൺവെൻഷനുകൾ**

**തോമാട്ടുചാൽ**

സെന്റ് തോമസ് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് കൺവെൻഷൻ നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോയ് പിണക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വിശുദ്ധബലിയർപ്പിച്ച് സന്ദേശം നൽകി. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ മുഖ്യപ്രഭാഷണം നടത്തി. ഫെറോന പ്രസിഡൻറ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി ശ്രീ.ജോസഫ് നെല്ലുനിൽക്കുംതടത്തിൽ ബിജു നിരപ്പിൽ, റോയ് തെക്കുമല, ലിസി ചേറാടിയിൽ, ജോജി കുരീക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി

**മൂലങ്കാവ്**

മൂലങ്കാവ് വിശുദ്ധ യൂദാ ദേവാലയത്തിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് കൺവെൻഷൻ നടത്തി. ഇടവക വികാരി ഫാ. അനീഷ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി . രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന പ്രസിഡൻറ് ശ്രീ.ജോൺസൺ തൊഴുത്തുങ്കൽ പ്രസംഗിച്ചു. ശ്രീ ഡേവി മങ്കുഴ, ശ്രീ. തോമസ് പട്ടമന , ശ്രീ. സെബാസ്റ്റ്യൻ സ്റ്റീഫൻ, മോളി മാമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

**ബത്തേരി**

ബത്തേരി അസംപ്ഷൻ യൂണിറ്റിൽ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് കൺവെൻഷൻ നടത്തി. ഫൊറോന വികാരി റവ.ഫാ. ഡോ. ജോസഫ് പരുവുമ്മേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകി.രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ഫെറോന പ്രസിഡൻറ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സന്നിഹിതനായിരുന്നു. യൂണിറ്റ് പ്രസിഡൻറ് ശ്രീ. ജേക്കബ് ബത്തേരി, ഫൊറോന സെക്രട്ടറി ശ്രീ. ചാൾസ് വടാശ്ശേരിൽ, ശ്രീ സാജു പുലിക്കോട്ടിൽ ശ്രീ. ഷിബു ചക്കാലക്കൽ, ശ്രീ ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.

**മീനങ്ങാടി യുണിറ്റ് സമ്മേളനം**

കാത്തോലിക്ക കോൺഗ്രസ് മീനങ്ങാടി യൂണിറ്റ് കൺവെൻഷൻ.സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസ്സി ചർച്ച് മീനങ്ങാടി യൂണിറ്റ് കൺവെൻഷൻ ഇടവക വികാരി ഫാ. ജോമോൻ സേവിയർ,

രൂപതാ കൺവീനർ ജോൺസൺ തൊഴുത്തുങ്കൽ, യൂണിറ്റ് പ്രസിഡന്റ് രാജു വേങ്ങത്താനം, യൂണിറ്റ് സെക്രട്ടറി ബേബി മഠത്തിൽ, രൂപതാകമ്മിറ്റി അംഗം ജോയി പുളിക്കൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

AKCC രൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ഉത്ബോധന ക്ലാസ്സ് എടുത്തു.150പ്രവർത്തകർ പങ്കെടുത്തു.

കൽപ്പറ്റ മുണ്ടേരി സ്കൂളിലെ സെന്റ് ഓഫ് പാർട്ടി നടത്തിയ വിദ്യാർഥികൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി.

കൽപ്പറ്റ മുണ്ടേരി സ്കൂളിലെ യാത്രയയപ്പ് സമ്മേളനവുമായി ബന്ധപ്പെട്ട വസ്ത്രധാരണ സ്വാതന്ത്ര്യത്തിന്റെ മറവിൽ കത്തോലിക്ക സഭയിലെ വൈദികരുടെ വിശുദ്ധ വസ്ത്രം അണിഞ്ഞ് കോലം കെട്ടിയ സ്കൂൾ വിദ്യാർത്ഥികൾക്കെതിരെ നടപടിയെടുക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് കൽപ്പറ്റ മേഖലാ സമിതിയും മാനന്തവാടി രൂപത സമിതിയും പ്രിൻസിപ്പലിനെ നേരിട്ട് കണ്ട് പറഞ്ഞു. സ്കൂൾ അധികൃതരും പി.ടി. എയും യാത്രയയപ്പ് സമ്മേളനത്തിൽ വേഷം കെട്ടി വന്ന വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും പൊതുസമൂഹത്തിന്റെ മുമ്പിലും വിദ്യാലയത്തിലും വെച്ച് മാപ്പ് പറയണമെന്നും സന്ദർശനം നടത്തിയവർ ആരോപിച്ചു. കത്തോലിക്ക കോൺഗ്രസ് കൽപ്പറ്റ മേഖലയുടെ പ്രസിഡൻറ് സജി ഫിലിപ്പ് ശ്രീ.ജോൺസൺ തൊഴുത്തുങ്കൽ അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ശ്രീ. സാജു തുടങ്ങിയവർ പ്രിൻസിപ്പലിനെ നേരിൽ നേരിൽകണ്ട് പ്രശ്നം അവതരിപ്പിച്ചു.

**105-ാംമത് ജന്മവാർഷികാഘോഷം സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ 105-ാം മത് ജന്മവാർഷികാഘോഷത്തിന്റെ ഭാഗമായിട്ടുള്ള സ്വാഗത സംഘം ഓഫീസ് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡൻറ് ശ്രീ സാജു കെ പി, രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ട്കാവുങ്കൽ രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, പ്രോഗ്രാം ജനറൽ കൺവീനർ ശ്രീ.ജോൺസൺ തൊഴുത്തുങ്കൽ, സംസ്ഥാന ഭാരവാഹികളായ ജോസുകുട്ടി ഒഴുകയിൽ, ബെന്നി ആന്റണി തുടങ്ങിയവർ പങ്കെടുത്തു. മാനന്തവാടി രൂപതയിലെ 35,000 കുടുംബങ്ങളിലേക്ക്

വാർഷികാഘോഷവുമായി ബന്ധപ്പെട്ടിട്ടുള്ള സപ്ലിമെൻറ് എത്തിക്കുവാനും തീരുമാനം ഉണ്ടായി.

**കത്തോലിക്കാ കോൺഗ്രസ് തരിയോട് മേഖല സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് തരിയോട് മേഖല സമ്മേളനം രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോസ് മൊളോപറമ്പിൽ അധ്യക്ഷത നിർവഹിച്ച് സംസാരിച്ചു. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ ക്ലാസുകൾ നയിച്ചു. സമുദായ ശാക്തീകരണം, സഭാ സമുദായം നേരിടുന്ന വെല്ലുവിളികൾ എന്നിവ ചർച്ചയായി. പ്രസിഡന്റായി ശ്രീ മാത്യു, സെക്രട്ടറി ശ്രീ ക്ലമന്റ്, വൈസ് പ്രസിഡണ്ട് ശ്രീ ആന്റണി പാറയിൽ, ജോയിന്റ് സെക്രട്ടറി ശ്രീ. ബെന്നി മംഗലത്തിൽ, ട്രഷറർ ശ്രീ. ജൈമോൻ എന്നിവരെ തിരഞ്ഞെടുത്തു.

**കത്തോലിക്കാ കോൺഗ്രസ് ചുങ്കക്കുന്ന് മേഖല സമ്മേളനം**

കത്തോലിക്ക കോൺഗ്രസ് ചുങ്കക്കുന്ന് മേഖലയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് യൂണിറ്റ് ഡയറക്ടർമാരായ വൈദികരോട് സംസാരിക്കുവാൻ രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ട്കാവുങ്കൽ മേഖലയിലെ വൈദികരുടെ മാസാധ്യാന വേളയിൽ പങ്കെടുക്കുകയും വൈദികരോട് സംസാരിക്കുകയും ചെയ്തു. മേഖലയിൽ ഉള്ള മുഴുവൻ വൈദികരും കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് സ്ഥാപിക്കലും മേഖല തെരഞ്ഞെടുപ്പിലും സജീവമായ പങ്കാളിത്തവും സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു. ഏപ്രിൽ മാസം മേഖലയിലെ മുഴുവൻ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിച്ച് മേഖലാസമിതി രൂപീകരിക്കുവാനും തീരുമാനം ഉണ്ടായി.

# ജീസസ് ഫ്രട്ടേണിറ്റി വാർത്തകൾ

ഫെബ്രുവരി മാസം 26-ാം തിയതി ജീസസ് ഫ്രെട്ടേണിറ്റി യുടെ ആഭിമുഖ്യത്തിൽ വൈത്തിരി സബ് ജയിലിൽ ആത്മഹത്യ പ്രവണതക്കെതിരെ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. പച്ചിലക്കാട് പ്രശാന്തി ഫാമിലി കൗൺസിലിംഗ് സെന്റർ അസോ സിയേറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ ക്ലാസു കൾ നയിച്ചു. തടവറ നിവാസികൾക്ക് ഏറെ ഉപകാരപ്രദമായ ക്ലാസ്സിന് ജയിൽ സുപ്രണ്ട് സിയാദ് സാർ നന്ദി പറഞ്ഞു.

**ഫാ. ടോമി പുത്തൻപുരക്കൽ**
ഡയറക്ടർ

**February - March 2023**

- The Finishing School programme for the VI$^{th}$ Semester students was inaugurated on 21$^{st}$ February 2023 at Mary Matha College Auditorium. Rev. Fr. Sibichan Chelakkappalil,, Associate Manager of the college inaugurated the programme. The programme was conducted for the VI th sem. students on the topic "Quality Profile Building and Interview Skills" in collaboration with FEDAR foundation, Mananthavady. The programme was charted as three sessions: first two sessions was regarding quality profile building which was led by Fr. Noble Thomas Parakkal, Director, FEDAR foundation. The Afternoon session delt with Interview skills training which was led by Adv. Jijil Joseph, an alumnus of the college.
- Merit day and farewell function was held on 2$^{nd}$ March 2023 in the college auditorium. The function was organized to honour the retiring teachers (Dr. Rajeev Thomas, Associate Professor, Department of Chemistry and Mr. George Thomas, Associate Professor, Department of English), best outgoing student (Ms. Anagha Dinesh) and achievers in various academic activities. The Principal, Dr. Maria Martin Joseph welcomed the gathering. This was followed by the presidential address by Msgr. Paul Mundolickal (Manager). The Keynote address was delivered by His Excellency Mar Alex Tharamangalam, Auxiliary Bishop of Mananthavady Diocese Thereafter His Excellency presented the memento to the retiring teachers and various Proficiency awards to the students.

- Organized a grand alumni meet “Glad to Meet You”. The program was a gathering of the first batch students -The First Wave. After which the department-wise alumini meetings were conducted from 10.30 to 11.30 am. The common gathering started at 12 pm. Ms Lisha A, coordinator Alumni association delivered the welcome speech. Dr Maria Martin Joseph, Principal gave the presidential address. Rev. Fr Sibichan Chelakkappali, Assistant manager gave the keynote address. Dr Shaju P P, IQAC coordinator, Dr Thomas Monoth, Teaching staff association president, Mr Joy Joseph, office superintend and Adv Shebin Varghese, former student addressed the gathering. Mr George Baby, Alumni association secretary delivered the vote of thanks.
- Department of Physics:Department of Physics, Mary Matha Arts & Science College, Mananthavady celebrated the National Science Day commemorating the epoch-making discovery of Dr C.V. Raman in 1928, the “Raman Effect”, on 28th February 2023 in association with the Kerala Academy of Science (KAS). Dr. Renuka N. K, Professor, Department of Chemistry, University of Calicut, Dr. Anu Joseph, Associate Prof. Dept. of Biotechnology, University of Calicut, Dr. Reghu Ravindran, Prof., Kerala Veterinary and Animal Science University were the resource persons.
- Department of Chemistry: Organized a farewell for Dr. Rajeev Thomas, Associate Professor, Department of Chemistry on 10th March 2023.
- Organized a National Seminar on the topic polymers and nanomaterials by Dr. Rajasree from Jayaprakash University, Bihar.
- Organised a Finishing school programme on “Pathways in chemistry, building a successful Future” on 26th February 2022.

- Department of Commerce: Conducted seminar on MBA Orientation and quiz program on 28th February 2023 by Dr Philip Thomas from Marthoma Institute of Technology and Management, Perumbavoor.
- Conducted a Training session in connection with Fnishing school program in the topic Carrier counseling by Mr Sreejith Babu from Olievia Foundation Thrissur on 9th March 2023.
- Conducted outreach program as Old age home visit on 8th March 2023 at St Anne's old age home Peruvaka, Mananthavady.
- Dept. of Mathematics: Organized a seminar on "Preparation strategy for competitive examination & career opportunities" on 6th March 2023 as part of Finishing school programme. Ms.Sneha K S, Research scholar in mathematics, CUSAT was the resource person.
- Organized a webinar on "From campus to career" on 8th March 2023 as part of finishing school programme. Ms. Gayathri, Data Engineer, Coforge Ltd., Delhi was the resource person.
- Organized a webinar on "Study culture in Germany- Life as an International student" on 9th March 2023. Mr. Ajin Thomas and Ms. Christina, M Sc Data Science students from Friedrich-Alexander University, Germany were the resource persons.
- Organized a live quiz competition as part of international PI day on 14th March 2023.
- Department of Social Science Economics: Organized a Post Budget Panel Discussion on 24th February 2023. Mr. Samshad Marakkar, District Panchayat President, Wayanad, Mr. Justin Baby, Block Panchayat President, Mananthavady and Dr. Shanavas P H , Assistant Profesor, Dept. of Economics, KMM Govt. College , Kannur were

on the panel discussion. Dr. Shaju P P, Associate Professor, Dept. of Journalism, Mary Matha Arts and Science College was the moderator of the discussion.

- Organized a National Seminar on the Topic Role of Youth in India's Economic Growth on 9th March 2023. Dr. Magalagowri, Asst. Professor, S. V University, Andra Pradesh and Dr. Rajasree Singh, Asst Professor, Jai Prakash University, Chapra, Bihar were the resource persons.
- Department of English: In association with IQAC orgaized a Finishing school programme on the topic New Media Journalism on 3rd March 2023.
- Organized a farewell for Mr. George Thomas, Associate Professor, Department of English on 10th March 2023.
- Women cell: Celebrated International Women's Day on 8th March 2023 with various programmes such as quiz, flash mob, video presentation and photography contest.
- NSS: Organized a NSS specific orientation programme on 25 February 2023.
- National Integration Camp: Mary Matha Arts and Science College at Mananthavady hosted a week-long National Integration Camp of the National Services Scheme (NSS) from 4th to 10th March 2023. The NIC was organized by NSS Regional Directorate, Trivandrum and Kannur University. Shri O.R. Kelu, MLA Mananthavady, inaugurated the programme at the college auditorium. 200 participants and 10 program officers from 10 States, including Kerala, Andhra Pradesh, Maharashtra, Goa, Bihar, Tamil Nadu, Odisha, Karnataka, West Bengal, and Punjab, attended the camp. Kannur University Vice-Chancellor Prof. Gopinath Raveendran was the chief guest at the Inaugural function. Shri. K. Radhakrishnan, Hon. Minister for Welfare of SC, ST and Backward Classes, Devaswom and Parlimentary Affairs, inaugurated the Valedictory Function and distributed the certificates. Rev. Fr. Msgr. Paul Mudolikkal delivered the benedictory address.

- Film Club: A workshop on wildlife photography was organized jointly by the film club and college union of Mary Matha Arts and Science College, Mananthavady on 28th February 2023. The workshop was conducted by experienced wildlife photographer Mr. Jyothish K. Sanil.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിലെ വാർഷികാഘോഷങ്ങളും യാത്രയയപ്പ് സമ്മേളനങ്ങളും സമുചിതമായി സംഘടിപ്പിച്ചു. പയ്യമ്പള്ളി ഹയർസെക്കണ്ടറി വിഭാഗം അധ്യാപക അനധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും കൈകോർക്കുന്ന SANCTA MARIA HOUSING PROJECT ന്റെ ഭാഗമായി നിർമിക്കുന്ന മൂന്നാമത്തെ വീടിന്റെ തറക്കല്ലിടൽ കർമം നിർവഹിച്ചു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**1. ദേവമാതാ എ. എൽ. പി സ്കൂൾ - ആടിക്കൊല്ലി**

ഫെബ്രുവരി 21 ഭാഷാദിനം സമുചിതമായി ആഘോഷിച്ചു. പ്രാദേശിക പി.ടി.എ യോഗങ്ങൾ സംഘടിപ്പിച്ചു.

**2. സെന്റ് തോമസ് എൽ പി സ്കൂൾ - അരിഞ്ചേർമല**

ഗൂഞ്ച് സംഘടനയുടെ നേതൃത്വത്തിൽ വിദ്യാലയപരിസരം വൃത്തിയാക്കി. മാനന്തവാടി ഉപജില്ലാതല ഗോത്രഫെസ്റ്റിൽ വിദ്യാർത്ഥികൾ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. വിദ്യാലയപ്രവർത്തനങ്ങളുടെ അവതരണത്തിനായി പ്രാദേശിക പി. ടി. എ സംഘടിപ്പിച്ചു.

**3. സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ - ഒണ്ടയങ്ങാടി**

ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു. സാക്ഷരതാ ചലഞ്ച് വിജയ പ്രഖ്യാപനം നടത്തി. പഠനോത്സവത്തിലൂടെ കുട്ടികൾ നേടിയെടുത്ത അറിവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചു.

**4. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ - ഏലപ്പീടിക**

വിദ്യാലയത്തിൽ പഠനോത്സവം സംഘടിപ്പിച്ചു.

**5. സെന്റ് പോൾസ് എൽ. പി സ്കൂൾ - പുതിയിടംകുന്ന്**

വിദ്യാലയത്തിന്റെ വാർഷികവും പഠനോത്സവവും മഹത് വ്യക്തികളുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

**6. നിർമ്മല എൽ. പി സ്കൂൾ - ആലാറ്റിൽ**

സ്നേഹപൂർവം എന്റെ വിദ്യാലയത്തിന് എന്ന പദ്ധതിക്ക് തുടക്കമായി. വിദ്യാലയത്തിലെ കുട്ടിക്കവികളെ ആദരിച്ചു. അരങ്ങ് നാടക

പരിശീലന കളരിക്കും പറവയ്ക്കൊരുകുടം കുടിനീർ പദ്ധതിക്കും തുടക്കം കുറിച്ചു.

**7. എ. എൽ. പി സ്കൂൾ - കണിയാരം**

വിദ്യാലയത്തിലെ കബ്ബ് യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. എഴുപത്തിനാലാമത് വാർഷികാഘോഷം സമുചിതമായി നടത്തപ്പെട്ടു.

**8. സെന്റ് തോമസ് എൽ. പി സ്കൂൾ - നടവയൽ**

വനിതാദിനം ആകർഷകമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി ഏകദിന പഠനയാത്ര സംഘടിപ്പിച്ചു.

**9. സെന്റ് ജോർജ്ജ് എൽ. പി സ്കൂൾ - കൊളവയൽ**

മാതൃഭാഷദിനം ആചരിച്ചു. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി പഞ്ചായത്ത് അനുവദിച്ച ഉപകരണങ്ങൾ വിതരണം ചെയ്തു. സ്കൂൾ വാർഷികം ഗംഭീരമായി നടത്തി. വനിതാദിനത്തിൽ അമ്മയ്ക്കൊരു മുത്തം പ്രവർത്തനം നടത്തി. പഠനോത്സവം സംഘടിപ്പിച്ചു.

**10. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ - വാഴവറ്റ**

വാർഷികവും യാത്രയയപ്പ് സമ്മേളനവും സംഘടിച്ചു. വിദ്യാർത്ഥികൾ അഭിനയിച്ച 'കൂട്ട്' എന്ന ഷോർട്ഫിലിം സമൂഹ മാധ്യമങ്ങളിൽ അവതരിപ്പിച്ചു. ദാഹജലം ഒരുക്കി വിദ്യാർത്ഥികൾ മാതൃകയായി.

**11. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ - പോരൂർ**

എഴുത്തുകൂട്ടം ശില്പശാല സംഘടിപ്പിച്ചു. എൽ. എസ്. എസ് പരിശീലനം നടന്നുവരുന്നു. പിന്നോക്കക്കാരായ കുട്ടികൾക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തി.

**12. പ്രൊവിഡൻസ് എൽ. പി സ്കൂൾ - വെള്ളൂന്നി**

പഞ്ചായത്തുതല ഭാഷോത്സവം പരിപാടിയിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും മികച്ച പ്രകടനം കാഴ്ചവെച്ചു. വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു.

**13. ക്രൈസ്റ്റ് ദ കിംഗ് എൽ. പി സ്കൂൾ - മണിമൂളി**

വിദ്യാലയത്തിന്റെ വാർഷികം വിപുലമായി ആഘോഷിച്ചു.

**14. സെന്റ് ജോർജ്ജ് എൽ. പി സ്കൂൾ - അമ്പായത്തോട്**

വിദ്യാലയത്തിന്റെ വാർഷികാഘോഷം സംഘടിപ്പിച്ചു. നാലാം തരത്തിൽ പഠിക്കുന്ന ഭിന്നശേഷിക്കാരിയായ വിദ്യാർത്ഥിക്ക് വാക്കർ നൽകി .

**യു. പി വിഭാഗം**

**1. സെന്റ് തോമസ് യു. പി സ്കൂൾ - തവിഞ്ഞാൽ**

വിദ്യാലയത്തിന്റെ വാർഷികവും സർവിസിൽ നിന്നും വിരമി

ക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും നടന്നു. വാർഷികദിനത്തിൽ 'കതിർമണി' മാഗസിൻ പ്രകാശന ചെയ്തു. വിദ്യാലയത്തിലെ അഞ്ച് വിദ്യാർത്ഥികൾ സംസ്കൃത സ്കോളർഷിപ്പ് നേടി. ഫുട്ബോൾ കാർണിവൽ സംഘടിപ്പിച്ചു .

**2. സെന്റ് ആന്റണീസ് യു. പി സ്കൂൾ - കോട്ടത്തറ**

വിദ്യാർത്ഥികൾക്കായി റോഡ് സുരക്ഷാ ശില്പശാലകൾ, കൃഷി സ്ഥാപന പച്ചക്കറി പ്രോജക്ട്, സ്കൂൾ പൗൾട്ടറി ക്ലബ് എന്നിവ സംഘടിപ്പിച്ചു. BE SEEN.......BE SAFE ക്യാമ്പയിനിന്റെ ഭാഗമായി പോസ്റ്റർ നിർമാണം നടത്തി.

**3. സെന്റ് തോമസ് എ. യു. പി സ്കൂൾ - ഇടിവണ്ണ**

ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു. USS പരീക്ഷയെഴുതുന്നവർക്ക് മോഡൽ പരീക്ഷ നടത്തി. സ്കൂൾ വാർഷികം സംഘടിപ്പിച്ചു.

**4. സെന്റ് മേരീസ് എ. യു. പി സ്കൂൾ - കബനിഗിരി**

ഈ വർഷത്തെ സംസ്കൃത സ്കോളർഷിപ്പിന് വിദ്യാർത്ഥികൾ അഭിമാനകരമായ വിജയം കൈവരിച്ചു.

**5. അസംപ്ഷൻ എ. യു. പി സ്കൂൾ - ബത്തേരി**

ഈ വർഷത്തെ അൽമാഹിർ അറബിക് അക്കാദമിക് അവാർഡ്, സംസ്കൃത സ്കോളർഷിപ്പ് എന്നിവയ്ക്ക് വിദ്യാർത്ഥികൾ അർഹരായി. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് ബത്തേരി നഗരസഭയുടെ സഹായത്തോടെ ഫർണിച്ചറുകൾ നൽകി. ഗൃഹസന്ദർശനം നടത്തി. വിദ്യാർത്ഥികൾക്കായി റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസ് നടത്തി. വിദ്യാലയത്തിലെ പഠനോത്സവം വർണാഭമായി സംഘടിപ്പിച്ചു.

**6. സെന്റ് തോമസ് എ. യു. പി സ്കൂൾ - മുള്ളൻകൊല്ലി**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ രണ്ട് വിദ്യാർത്ഥികൾ വിജയികളായി. ശാസ്ത്രസംഗമത്തിൽ സംസ്ഥാനതലത്തിലേക്ക് വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് പ്രസംഗമത്സരം നടത്തി. പഠനോത്സവവും വിത്തുത്സവവും സംഘടിപ്പിച്ചു .

**7. എ. യു. പി സ്കൂൾ - ദ്വാരക**

പത്മശ്രീ പുരസ്കാരം നേടിയ ചെറുവയൽ രാമേട്ടനെ നല്ലപാഠം വിദ്യാർത്ഥികൾ ആദരിച്ചു. കാർഷിക സംസ്കാരത്തിന്റെ മൂല്യം വിദ്യാർത്ഥികൾക്ക് പകർന്നേകാൻ ഈ കൂടിക്കാഴ്ച സഹായകമായി.

**8. യു. പി. സ്കൂൾ – അമ്പായത്തോട്**

ഈ വർഷത്തെ സംസ്കൃതം സ്കോളർഷിപ്പിന് ആറ് വിദ്യാർത്ഥികൾ അർഹത നേടി. വിദ്യാലയത്തിന്റെ മുൻഭാഗത്ത് സ്പീഡ് ബ്രേയ്ക്കർ സ്ഥാപിച്ചു.

**9. സെന്റ് ആന്റണീസ് യു. പി. സ്കൂൾ – പഴൂർ**

വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പും സമുചിതമായി നടത്തി. പഠനോത്സവം നടത്തി. ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുകയും മുതിർന്ന പൗരന്മാരെ ആദരിക്കുകയും ചെയ്തു. ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു.

**10. സെന്റ് ജോസഫ്സ് യു. പി സ്കൂൾ – കല്ലോടി**

വിദ്യാലയത്തിലെ പതിമൂന്ന് വിദ്യാർത്ഥികൾ സംസ്കൃത സ്കോളർഷിപ്പ് നേടി. ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിച്ചു. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. വിദ്യാലയത്തിനായി വാങ്ങിയ സ്കൂൾ ബസിന്റെ ഫ്ളാഗ് ഓഫ് കർമവും നവീകരിച്ച സ്കൂൾ മുറ്റം ചിൽഡ്രൻസ് പാർക്ക് എന്നിവയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.

**11. സെന്റ് ജോസഫ്സ് ടി. ടി. ഐ – മാനന്തവാടി**

വാങ്മയം ഭാഷാപ്രതിഭ തിരഞ്ഞെടുപ്പിൽ വിജയം നേടി. വാർഷികാഘോഷവും യാത്രയയപ്പും സംഘടിപ്പിച്ചു. അൽ മാഹിർ പരീക്ഷയിൽ വിദ്യാർത്ഥികൾ ജേതാക്കളായി. ഡി.എൽ. എഡ് വിഭാഗത്തിൽ നിന്നും 14 വിദ്യാർത്ഥികൾ K-TET പരീക്ഷ വിജയിച്ചു. അധ്യാപകകലോത്സവത്തിൽ വിജയിച്ച അധ്യാപകരെ അനുമോദിച്ചു. മാനന്തവാടി ഉപജില്ലാതലത്തിൽ നടന്ന ഗോത്രഫെസ്റ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ജന്മദിനസമ്മാനമായി ലൈബ്രറിയിലേക്ക് കുട്ടികൾ പുസ്തകങ്ങൾ നൽകി. 2021–23 ബാച്ചിന്റെ ഡി. എൽ. എഡ് സെക്കൻഡ് സെമസ്റ്ററിൽ 100 ശതമാനം വിജയം കൈവരിച്ചു.

**12. സെന്റ് സെബാസ്റ്റ്യൻസ് എ. യു. പി സ്കൂൾ – പാടിച്ചിറ**

വിദ്യാലയത്തിന്റെ വാർഷികാഘോഷം സംഘടിപ്പിച്ചു. അധ്യാപകർക്കായി വിനോദയാത്ര സംഘടിപ്പിച്ചു. ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പൈദിനാചരണം നടത്തി.

**13. സെന്റ് മേരീസ് എ. യു. പി സ്കൂൾ – തരിയോട്**

അൽ മാഹിർ ടാലന്റ് ടെസ്റ്റിലും സംസ്കൃത സ്കോളർഷിപ്പിലും പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളും വിജയം നേടി. വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു.

**14. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ - കൊമ്മയാട്**

വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും മനോഹരമായി സംഘടിപ്പിച്ചു. പുതിയതായി നിർമിച്ച പാചകപ്പുരയുടെ ഉദ്ഘാടനവും MSSIP യുടെ ഫലപ്രഖ്യാപനവും നടത്തി .സംസ്കൃത സ്കോളർഷിപ്പ് അൽ മാഹിർ സ്കോളർഷിപ്പ് എന്നിവയിൽ തിളക്കമാർന്ന വിജയം കൈവരിച്ചു. അച്ചീവ്മെന്റ് ഡേ സംഘടിപ്പിച്ചു.

**ഹൈസ്ക്കൂൾ വിഭാഗം**

**1. അസംപ്ഷൻ ഹൈസ്കൂൾ - ബത്തേരി**

SSLC നൈറ്റ് ക്യാമ്പ് ആരംഭിച്ചു. സ്കൗട്ട് ഗൈഡ് പരിചിന്തന ദിനം ആചരിച്ചു. പത്താം ക്ലാസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നല്കി.

**2. ഫാ. ജി. കെ. എം ഹൈസ്ക്കൂൾ - കണിയാരം**

സംസ്ഥാനതല സോഷ്യൽ സയൻസ് ടാലന്റ് സെർച്ച് പരീക്ഷയിലും SPC ജില്ലാതല വിജ്ഞാനോത്സവത്തിലും വിജയം കരസ്ഥമാക്കി. ലഹരിക്കെതിരെ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സംസ്കൃതം ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെറുവയൽ രാമനെ സന്ദർശിച്ചു. വിദ്യാർത്ഥികൾക്കായി ഫുട്ബോൾ ടൂർണമന്റ് സംഘടിപ്പിച്ചു.

**3. സെന്റ് തോമസ് ഹൈസ്കൂൾ - നടവയൽ**

സംസ്കൃതം സ്കോർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളും വിജയികളായി. സംസ്ഥാനതല ശാസ്ത്രരംഗം മത്സരത്തിലേക്ക് വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു. അബാക്കസ് ക്ലാസ്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പ്രദർശന പ്രോഗ്രാം സംഘടിപ്പിച്ചു.

**4. സെന്റ് കാതറൈൻസ് ഹൈസ്ക്കൂൾ - പയ്യംമ്പള്ളി**

വിദ്യാലയത്തിലെ അധ്യാപകർക്കും ജീവനക്കാർക്കുമായി പ്രഥമ സുരക്ഷാ ക്ലാസ് സംഘടിപ്പിച്ചു. SSLC പഠനക്യാമ്പ് നടന്നുവരുന്നു. SPC പാസിംഗ് ഔട്ട് പരേഡ് നടന്നു.

**5. സെന്റ് ജോസഫ്സ് ഹൈസ്കൂൾ - കല്ലോടി**

എസ്.ജെ.എച്ച്. എസ് ഫുട്ബോൾ അക്കാദമി ആരംഭിച്ചു. SCERT യുടെ സഹകരണത്തോടെ ശാസ്ത്രത്തെ തൊട്ടറിയാൻ പരിപാടിസംഘടിപ്പിച്ചു. പ്രാദേശിക പി.ടി.എ വിവിധയിടങ്ങളിലായി സംഘടിപ്പിച്ചു. പഠനയാത്രകൾ സംഘടിപ്പിച്ചു.

**6. ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ - കൊട്ടിയൂർ**

റോഡ് സുരക്ഷാ ക്ലബ്ബ്, വിമുക്തി സ്പോർട്സ് ക്ലബ്ബ് എന്നിവയുടെ ഉദ്ഘാടനവും സുരക്ഷാ ഉപകരണങ്ങളുടെ വിതരണവും സംഘടിപ്പിച്ചു. SPC സംസ്ഥാനതല മത്സരത്തിലേക്ക് വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. വിദ്യാലയത്തിലെ എട്ട് വിദ്യാർത്ഥികൾ രാജ്യപുരസ്കാര പരീക്ഷയിൽ വിജയം നേടി. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡ് നടന്നു.

**7. സെന്റ് ജോസഫ്സ് ഹൈസ്കൂൾ - അടയ്ക്കാത്തോട്**

8,9 ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി സഹവാസക്യാമ്പ് നടത്തി. രാജ്യപുരസ്കാർ ലഭിച്ച വിദ്യാർത്ഥികളെ ആദരിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**1 ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ - കണിയാരം**

വിദ്യാലയത്തിലെ SSLC പരീക്ഷയെഴുതുന്ന കുട്ടികൾക്കായി പി. ടി. എ മാനേജ്മെന്റ് എന്നിവരുടെ സഹകരണത്തോടെ ക്യാമ്പ് നടന്നുവരുന്നു.

**2. സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ - പയ്യമ്പള്ളി**

+1, +2 വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**3. സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ - നടവയൽ**

അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠനയാത്ര നടത്തി. NSS ന്റെ ആഭിമുഖ്യത്തിൽ നടവയൽ വില്ലേജ് ഓഫീസിൽ ലൈബ്രറി ആരംഭിച്ചു. പഠനക്യാമ്പുകൾ ആരംഭിച്ചു.

**4. സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ - കല്ലോടി**

+2 വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് സംഘടിപ്പിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു.

ഒരു അധ്യയനവർഷം കൂടി സന്തോഷപ്രദമായി പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സർവീസിൽനിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



# *Bishop's Programme*

***APRIL 2023***

*1 Sat.........................Meeting with SABS Novices*
*2 Sun.........................Cathedral: Palm Sunday*
*3 Mon........................Mount Mary College: Minor Orders*
*4. Tue.........................Cathedral: Death Anniversary of Mar Emmanuel Pothanamuzhy CMI*
*Evening: Meeting with students of Sanjoe Institute, Kunjome*
*6 Thu.........................Cathedral: Morning: Maundy Thursday Services*
*Afternoon: Blessing of the Holy Oils*
*7 Fri.........................Cathedral: Good Friday*
*8 Saturday:...............Evening: Easter Vigil & Easter Services*
*9 Sunday:..................Easter*
*10 Mon......................Kozhikode*
*11 Tue – 12 Wed.......Bharananganam*
*13 Thu.......................Dwaraka: Blessing of Norbertine German Institute*
*15 Sat........................Sisumala: Madbaha Blessing*
*16 Sun.......................Peria: Holy Mass*
*17 Mon......................Priests' Informal Gathering*
*18 Tue.......................Dwaraka: Joint Meeting with Directors & other staff*
*19 Wed......................Out of Station*
*20 Thu.......................Perumpunna: Holy Mass*
*21 Fri........................Out of Station*
*22 Sat.......................Vincentgiri: Vestition*
*23 Sun.......................Niravilpuzha: Golden Juilee Celebration*
*24 Mon.....................Muttiyel: FCC Convent Blessing*
*25 Tue.......................Engaged*
*26 Wed – 28 Fri........Major Seminarians' Gathering*
*29 Sat.......................WSSS AGM*
*30 Sun.......................Engaged*

# Auxiliary Bishop's Programme



***April 2023***

*01 Saturday:...............Dwaraka, SABS Provincial House*
*02 Palm Sunday:........Nadavayal*
*03 Monday:................Minor Seminary, Minor Orders*
*04 Tuesday:................Cathedral, Death Anniversary of Bp Emmanuel Pothanamuzhy*
*06 Maundy Thursday..Mullenkolly, Holy Qurbana*
*07 Good Friday:........Assumption Forane Church, Sulthan Bathery*
*8 Saturday:.................Evening: Easter Vigil & Easter Services, Thariode*
*10 Monday:................Mampoil, First Holy Communion*
*11 Tuesday-12...........Wednesday: Engaged*
*13 Thu- 14 Fri:..........Muringoor, Divine Retreat Centre*
*15 Saturday:...............Mananthavady, SABS Vestition*
*16 Sunday:.................Pookkottumpadam, Holy Qurbana*
*17Monday:.................Priests' get together*
*20 Thursday:..............Padimaruth, Marriage*
*21 Friday:..................Appapara, Holy Qurbana*
*22 Saturday:..............Morning: Kabanigiri, First Holy Communion*
*Evening: Ambayathode, Holy Qurbana*
*23 Sunday:.................Morning: Kayyunni, First Holy Communion*
*Afternoon: Dwaraka, AKCC State Meeting*
*24 Monday:................Marakkadavu, Holy Qurbana*
*25 Tuesday:................Engaged*
*26 Wednesday:...........Chungakkunnu, Camillus Jubilee*
*27 Thursday:..............Mananthavady, SH Vestition & Jubilee Celebration*
*28 Friday:..................Thamarassery, Diocesan Day Celebration*
*29 Saturday:.............Morning:  Arattuthara, First Holy Communion*
*Evening: Marakavu, Grotto Blessing*
*30 Sunday:.................Morning: Puthussery, First Holy Communion*
*Evening: Vanjode, Holy Qurbana*